# METHODOLOGY OF ANCIENT INDIAN TRADITION

## B. A. SANSKRIT

**2014 Admission onwards**

**III Semester**

**CORE COURSE**

**(CU CBCSS)**


**UNIVERSITY OF CALICUT**

SCHOOL OF DISTANCE EDUCATION

CALICUT UNIVERSITY P. O., MALAPPURAM DIST., KERALA,

INDIA PIN: 673 635

# UNIVERSITY OF CALICUT

## SCHOOL OF DISTANCE EDUCATION

## STUDY MATERIAL

# BA SANSKRIT

### III SEMESTER

## CORE COURSE

## METHODOLOGY OF ANCIENT INDIAN TRADITION

PREPARED BY : *THAHIRA P.*
*Assistant Professor,*
*Department of Sanskrit,*
*S. N. G. S. College,*
*Pattambi.*

SCRUTINISED BY : *Dr. PUSHPADASAN KUNIYIL,*
*Asst. Professor of Sanskrit Sahitya,*
*S. N. G. S. College,*
*Pattambi.*

*©*
*Reserved*

SKT3B03

B.A DEGREE PROGRAMME SANSKRIT

SEMESTER III

CORE COURSE III -METHODOLOGY OF ANCIENT INDIAN TRADITION

**Credits 4** **Instructional hours 90**

**Aim of the course :**

This course aims at imparting the students of through knowledge of the methodology of learning Sanskrit, which includes both ancient and modern perspective of learning.

**Objective of the course:**

1. To acquaint the students with the methodology of learning Sanskrit language and literature.
2. To know about the methodology of learning Sastra.
3. To impart basic knowledge to the students about Manuscriptology.

**Course outline:**

**Module I**

Loukika Sanskrit – Sanskrit grammarians – Munitraya – Panini, katyayana and Patanjali, Learning of Sanskrit through Kasika and Prakriya Method, Major grammarians in Kasika method – Jayaditya, Vamana and haradatta, Major grammarians in Prakriya method – Dharmakirti – Ramachandra Dikshita – Nagesa – Narayanabhatta etc. Two major traditions – Paniniya and Apaniniya.

**Essential Reading:**

Vyakaranasastrsya ithihasa by Brahmananda Tripati.

**Additional reading:**

1. Vyakaranamenna Vedangam by K.J Narayanan namboodiri, Kanipayyur Sankaran Namboodirippad Smaraka Granthasala, Kanippayyur, Thrissur.
2. Uparinavagramajanmano Narayanabhattapadasya Vyakaranapratibha – N. V. Krishnawarriar. ( Translation to Sanskrit by Prof. K. P. Narayanapisharoti) from Prakriyasarvaswam of Melputhur Narayanabhatta, pub. by Guruvayur Devaswam, Guruvayur.

**Module II**

Manuscriptology.

**Essential reading:**

Manuscritology by Maheswaran Nair

**Additional reading:**

1. Fundamentals of Manuscriptology – P.Visalakshi, Dravidian linguists association, St. Xaviers College, Trivandrum.
   Chapters – Manuscriptology and its Significance, Language and Script, Manuscript characteristics, Collection of Manuscripts and cataloguing.
2. Conservation of Manuscripts and Documents – INTACH Indian conservation institute, Lucknow , 1992
3. Introduction to Manuscriptology – R. S. Sivaganeshamurthy, Sarada publishing house , Delhi- 1996.
4. Indian Textual Criticism – S. M. Kartre

## MODULE 1

ലോകസാഹിത്യത്തിൽ വെച്ച് ഏററവും ശ്രേഷ്ഠവും പ്രഥമസ്ഥാനമലങ്കരിക്കുന്നവയുമാണ് വേദങ്ങൾ. പ്രാചീനരായ മഹർഷിമാർ എല്ലാ വ്യവഹാരത്തിനുമുപയോഗിക്കുന്ന ശബ്ദസംഗ്രഹങ്ങൾവേദങ്ങളിലുണ്ടെന്നു പറയുന്നു. ഈ ലൗകികവും വ്യാവഹാരികവുമായ ഭാഷയാണ് ലോകത്തിൽ വിരാജിക്കുന്നത്. പൂർവ്വകാലിക ലൗകികഭാഷയിലുണ്ടായിരുന്ന വൈദികശബ്ദങ്ങളെല്ലാം ഇപ്പോൾ വൈദികമായി അംഗീകരിക്കുന്നു. എന്നാൽ പ്രാചീനരുടെ അഭിപ്രായത്തിൽ ലൗകിക-വൈദിക ശബ്ദങ്ങൾക്ക് ഭേദമില്ല. അർത്ഥജ്ഞാനസംബന്ധത്തിനുവേണ്ടി തരംതിരിക്കുന്നു എന്നേയുള്ളു. അഥർവ്വവേദത്തിൽ ദൈവീവാക്, മാനുഷീവാക് എന്ന് ഭാഷയെ രണ്ടായി വർണ്ണിക്കുന്നു. അതിൽ സത്യമായത് ദൈവീവാക്കും, അസത്യവും എല്ലായിടത്തും പ്രചരിച്ചിരിക്കുന്നതും മാനുഷീവാക്കും. ഈ മാനുഷീവാക്കാണ് ലൗകികം എന്നും പറയുന്നു. ഇപ്രകാരം വൈദികമെന്നും ലൗകികമെന്നും ഭാഷ രണ്ടായി തിരിയുന്നു. അപൗരുഷേയത്വപ്രധാനമായത് ദൈവീവാക്കും പൗരുഷേയത്വപ്രധാനമായത് മാനുഷീവാക്ക്/ലൗകികവാക്കുമാകുന്നു.

വേദങ്ങൾക്കുശേഷം ഉത്ഭവിച്ച വേദാംഗങ്ങൾ വേദപുരുഷന്റെ അംഗങ്ങളായി കൽപിക്കുന്നു.

छन्दः पादौ तु वेदस्य हस्तौ कल्पो थ पठ्यते।
ज्योतिषामयनं चक्षुर्निरुक्तं श्रोत्रमुच्यते।।
शिक्षा घ्राणं तु वेदस्य मुखं व्याकरणं स्मृतम्।

വാക്കുകളുടെ അർത്ഥഗ്രഹണം, പ്രയോഗം എന്നിവയെ കുറിച്ചുള്ള ജ്ഞാനം വേദാധ്യയനത്തിന് അനിവാര്യമാണെന്നതുകൊണ്ട് സർവ്വാംഗസുന്ദരമായ ശരീരത്തിൽ മുഖംപോലെ പ്രാധാന്യമുള്ളതാണ് വ്യാകരണമെന്ന വേദാംഗം.

व्याक्रियन्ते व्युत्पाद्यन्ते साधुशब्दा अनेन इति व्याकरणम् എന്നു വ്യാകരണശബ്ദത്തിന്റെ നിഷ്പത്തി. സാധുശബ്ദജനകശാസ്ത്രം/ശബ്ദശാസ്ത്രം/ശബ്ദവ്യുത്പത്തിശാസ്ത്രം എന്നർത്ഥം.

പതഞ്ജലിയുടെ 'മഹാഭാഷ്യ'ത്തിൽ വ്യാകരണപ്രയോജനം ഇപ്രകാരം പറയുന്നു-

रक्षोहागमलघ्वसन्देहाः।

ഭർതൃഹരിയും തന്റെ വാക്യപദീയത്തിൽ വേദാംഗമായ വ്യാകരണം മോക്ഷോപായമാണെന്ന് വ്യക്തമാക്കുന്നു

तद्द्वारमपवर्गस्य वाङ्मलानां चिकित्सितम्।
पवित्रं सर्वविद्यानामधिविद्यं प्रकाशते।।

എട്ടു വ്യാകരണസമ്പ്രദായങ്ങൾ ഉണ്ടായിരുന്നതായി സൂചനകളുണ്ട്.

इन्द्रश्चन्द्रः काशकृत्स्नापिशली शाकटायनः।
पाणिन्यमरजैनेन्द्रा जयन्त्यष्टादिशाब्दिकाः।।

**മുനിത്രയങ്ങൾ**

വ്യാകരണത്തിൽ ഏററവും പ്രധാനം പാണിനി, കാത്യായനൻ, പതഞ്ജലി എന്ന മുനിത്രയങ്ങളുടെ സംഭാവനയാണ്.

ത്രിമുനിവ്യാകരണം, യഥോത്തരം മുനീനാം പ്രാമാണ്യം തുടങ്ങിയ ഉക്തികൾ പ്രസിദ്ധമാണ്.

പാണിനി.

"യേനാക്ഷരസമാമ്നായമധിഗമ്യ മഹേശ്വരാത്

കൃത്സ്നം വ്യാകരണം പ്രോക്തം തസ്മൈ പാണിനയേ നമഃ".

എന്നു പാണിനി സ്മരിയ്ക്കപ്പെടുന്നു. ഭാരതീയവ്യാകരണശാസ്ത്രചിന്ത അതിന്റെ പൂർണ്ണതയിൽ എത്തുന്നത് അഷ്ടാദ്ധ്യായീകർത്താവായ പാണിനിയിലൂടെയാണ്.

പഴയലാഹോറിലെ ശാലാതുരഗ്രാമമാണ് പാണിനിയുടെ ജന്മദേശം. പാണിനിയുടെ ജന്മഭൂമി ശാലാതുരം എന്ന ഗ്രാമമാണെന്ന് വർദ്ധമാനൻ തന്റെ ഗണരത്നമഹോദധിയിൽരേഖപ്പെടുത്തിയിരിക്കുന്നു. ചില പണ്ഡിതന്മാർ പാണിനിയുടെ വാസഭൂമി വാഹീകദേശത്തിനടുത്താണെന്നഭിപ്രായപ്പെടുന്നു.

'ദാക്ഷീപുത്രസ്യ പാണിനേഃ' എന്ന ഭാഷ്യവചനത്തിൽ നിന്നും അമ്മയുടെ പേര് ദാക്ഷീ എന്നായിരുന്നുവെന്ന് മനസ്സിലാക്കാം. പാണിനി എന്നത് ഗോത്രനാമമാണ്. ' പണോ/സ്യാസ്തീതി പണിഃ, പണിനോ ഗോത്രാപത്യം പുമാൻ പാണിനഃ, തസ്യ ഗോത്രാപത്യം പുമാൻ പാണിനിഃ ഇതി.' പാണിനി, പാണിനൻ, ദാക്ഷീപുത്രൻ, ശാലങ്കി, ശാലാതുരീയൻ,ആഹികൻ എന്നീ പേരുകളിലുമറിയപ്പെട്ടിരുന്നു.

കാലം

പാണിനിയുടെ ജീവിതകാലത്തെ കുറിച്ചുള്ള വിവിധമതങ്ങൾ ചുവടെ ചേർക്കുന്നു-

| | | |
|---|---|---|
| സത്യവ്രതൻ സാമശ്രവി | - | 2400 ബി. സി. |
| ഭണ്ഡാർക്കർ | - | 700 ബി. സി. |
| പ്രൊഫ. സുബ്രഹ്മണ്യശാസ്ത്രി | - | 550 ബി. സി. |
| മാക്ഡോണൽ | - | 500 ബി. സി. |
| വാസുദേവൻ | - | 500 ബി. സി. |
| മാക്സ്മുള്ളർ | - | 350 ബി. സി. |
| ഏ. ബി. കീത്ത് | - | 300 ബി. സി. |

## അഷ്ടാദ്ധ്യായി.

പാണിനി രചിച്ച വ്യാകരണശാസ്ത്രഗ്രന്ഥമാണ് അഷ്ടാദ്ധ്യായി. പേര് സൂചിപ്പിയ്ക്കുന്നതുപോലെ ഗ്രന്ഥത്തിന് എട്ടദ്ധ്യായങ്ങളുണ്ട്. ഓരോ അദ്ധ്യായത്തിനും നാലു പാദങ്ങളും, ആകെ നാലായിരത്തോളം സൂത്രങ്ങളും ഉണ്ട്.

त्रीणि सूत्रसहस्राणि तथा नवशतानि च।
षण्णावतिश्च सूत्राणां पाणिनिः कृतवान् स्वयम्।।

അഷ്ടകം, ശബ്ദാനുശാസനം, വൃത്തിസൂത്രം, പാണിനീയം എന്നീ പേരുകളിലും ഈ ഗ്രന്ഥം അറിയപ്പെടുന്നു. സൂത്രരൂപത്തിലാണ് ഇതിന്റെ രചന.

अल्पाक्षरमसन्दिग्धं सारवद्विश्वतोमुखम्।
अस्तोभमनवद्यं च सूत्रं सूत्रविदो विदुः।।

എന്നു സൂത്രലക്ഷണം. പാണിനീയസൂത്രങ്ങളെ സംജ്ഞ, പരിഭാഷ, വിധി, നിയമം, അതിദേശം, അധികാരം എന്നിങ്ങനെ ആറായിതിരിയ്ക്കാം.

പാണിനീയവ്യാകരണത്തിന്റെ അടിസ്ഥാനം മാഹേശ്വരസൂത്രങ്ങളാണ് -

ഈ വിഷയത്തിൽ ഒരു ഐതിഹ്യം ഉണ്ട്. ബാല്യത്തിൽ അല്പബുദ്ധിയായിരുന്ന പാണിനിയെ സഹപാഠികൾ നിരന്തരം പരിഹസിച്ചിരുന്നു. ഇതിൽ മനംനൊന്ത പാണിനി സകലജ്ഞാനനിധിയായ പരമശിവനെ തപസ്സു ചെയ്ത് പ്രസാദിപ്പിച്ചു. അദ്ദേഹത്തിന്റെ ഢക്കയിൽനിന്നുതിർന്ന പതിന്നാലു ശബ്ദങ്ങൾ പതിന്നാലു സൂത്രങ്ങളായി പാണിനിക്കനുഭവപ്പെട്ടു എന്നാണ് ഐതിഹ്യം.

नृत्तावसाने नटराजराजो ननाद ढक्कां नवपञ्चवारम्।
उद्धर्तुकामः सनकादिसिद्धानेतद्विमर्शे शिवसूत्रजालम्।।

പതിനാല് മാഹേശ്വരസൂത്രങ്ങൾ ഇവയാണ്-

अइउण्, ऋलृक्, एओङ्, ऐऔच्, हयवरट्, लण्, ञमङणनम्, झभञ्, घढधष्, जबगडदश्, खफछठथचटतव्, कपय्, शषसर्, हल्।

മാഹേശ്വരസൂത്രങ്ങളെ അടിസ്ഥാനമാക്കിയ പ്രത്യാഹാരങ്ങളും അനുവൃത്തി, വിപ്രതിഷേധേ പരം കാര്യം, പൂർവത്രാസിദ്ധം, തുടങ്ങിയ സാങ്കേതികതകളും പാണിനീയവ്യാകരണത്തിന്റെ പ്രത്യേകതകൾ ആണ്

പാണിനി തന്റെ അഷ്ടാദ്ധ്യായിയുടെ പൂർണ്ണതയ്ക്കായി ധാതുപാഠം, ഗണപാഠം, ലിംഗാനുശാസനം, ശിക്ഷാഗ്രന്ഥം, ഉണാദിസൂത്രങ്ങൾ എന്നീ ശാസ്ത്രങ്ങൾ രചിച്ചിട്ടുണ്ട്. വ്യാകരണശാസ്ത്രത്തിന്റെ പൂരകങ്ങളായ ഇവ അനുബന്ധങ്ങൾ എന്നും അറിയപ്പെടുന്നു. മുമ്പ് ചില വൈയാകരണന്മാർ ലൗകിക ഭാഷയ്ക്കും ചിലർ വൈദികഭാഷയ്ക്കും വ്യാകരണം രചിച്ചു എന്നിരിക്കെ പാണിനി ഇവ രണ്ടിലേയും ശബ്ദങ്ങൾക്ക് നിയമങ്ങൾ ഉണ്ടാക്കി. സൂക്ഷ്മവും സർവ്വതോമുഖവുമായി ഉണ്ടായ ആദ്യത്തെ വ്യാകരണശാസ്ത്രം പാണിനീയമാണെങ്കിലും ആദ്യത്തെ വ്യാകരണം അതല്ല. പാണിനി തന്നെ അഷ്ടാദ്ധ്യായിയിൽ തന്റെ പൂർവാചാര്യന്മാരെ സ്മരിക്കുന്നുണ്ട്. ആപിശലി, കാശ്യപൻ, ഗാർഗ്യൻ, ഗാലവൻ, ചാക്രവർമണൻ, ഭാരദ്വാജൻ, ശാകടായനൻ, ശാകല്യൻ, സേനകൻ, സ്ഫോടായനൻ എന്നീ പത്തു ആചാര്യന്മാരെ പാണിനീയത്തിൽ നിർദ്ദേശിക്കുന്നുണ്ട്.

आदौ व्याकरणं काव्यमनुजाम्बवतीजयम्। എന്നതിൽനിന്നും 'ജാംബവതീജയം' എന്ന പേരിൽ ഒരു കാവ്യംകൂടി പാണിനി രചിച്ചിട്ടുണ്ടെന്നു മനസ്സിലാക്കാം. ഈ കൃതി 'പാതാളവിജയം' എന്നപേരിലുമറിയപ്പെടുന്നു.

വാർത്തികകാരനായ കാത്യായനൻ

അഷ്ടാദ്ധ്യായിയെ അധികരിച്ച് വൈയാകരണന്മാർ വാർത്തികങ്ങൾ രചിച്ചു.

ഇവരിൽ പ്രധാനികളാണ് കാത്യായനൻ, ഭാരദ്വാജൻ, സുനാഗൻ, ക്രോഷ്ടാവ് തുടങ്ങിയവർ.

വാർത്തികലക്ഷണം -

उक्तानुक्तदुरुक्तानां चिन्ता यत्र प्रवर्तते।
तं ग्रन्थं वार्तिकं प्राहुर्वार्तिकज्ञा मनीषिणः। എന്ന് പരാശരോപപുരാണം.

പറഞ്ഞതും പറയാത്തതും തെററായി പറഞ്ഞതുമായ വിഷയത്തെക്കുറിച്ചുള്ള ചിന്തയാണ് വാർത്തികങ്ങൾ. വാർത്തികത്തിന് വാക്യം/വ്യാഖ്യാനസൂത്രം/ഭാഷ്യസൂത്രം/അനുതന്ത്രം/അനുസ്മൃതി എന്നീ പേരുകളുണ്ട്. മുനിത്രയത്തിൽ പാണിനിക്കുശേഷം വാർത്തികകാരനായ കാത്യായനന്റെ പേരാണ് അറിയപ്പെടുന്നത്. കൂടാതെ, മഹാഭാഷ്യത്തിൽ കാത്യായനന്റെ വാർത്തികങ്ങൾക്കാണ് കൂടുതൽ വ്യാഖ്യാനം നല്കപ്പെട്ടിരിക്കുന്നത്.

പുരുഷോത്തമദേവാചാര്യൻ തന്റെ 'ത്രികാണ്ഡശേഷം' എന്ന കോശത്തിൽ കാത്യായനനാമങ്ങളിപ്രകാരം വിവരിക്കുന്നു -

मेधाजित् कात्यायनश्च सः पुनर्वसुर्वररुचिः।

കാത്യായനന്റെ ജീവിതകാലം ബി.സി. ഒന്നാം നൂററാണ്ടാണെന്നു കരുതപ്പെടുന്നു. ഇദ്ദേഹത്തിന്റെ ജന്മദേശം ദക്ഷിണദേശമാണെന്നും കരുതുന്നു.

കാത്യായനഗോത്രത്തിൽ പിറന്ന വരരുചി കാത്യായനനാമത്തിലറിയപ്പെടുകയാണുണ്ടായത്. കാത്യായനന്റെ വാർത്തികപാഠം പാണിനീയവ്യാകരണത്തിന് എല്ലാതരത്തിലും പോഷകമായിരുന്നു. ഈ വാർത്തികങ്ങൾ സ്വതന്ത്രകൃതിയെന്ന നിലയിൽ ഇന്നു ലഭ്യമല്ല. കാത്യായനവാർത്തികങ്ങളെ ആശ്രയിച്ചാണ് പതഞ്ജലി മഹാഭാഷ്യരചന നടത്തിയത്. കൃത്യമായി എത്ര വാർത്തികങ്ങളുണ്ടെന്നു പറയാൻ കഴിയില്ലെങ്കിലും ഏകദേശം 250 സൂത്രങ്ങളുടെ ദോഷങ്ങളെ കാണിക്കുകയും, 240 സൂത്രങ്ങളിൽ ചില അംശങ്ങൾ കൂട്ടുകയും കുറയ്ക്കുകയും, 10ഓളം സൂത്രങ്ങൾ അനാവശ്യമെന്നു കണ്ട് പ്രത്യാഖ്യാനം ചെയ്യുകയും 700ഓളം സൂത്രങ്ങൾ ദോഷം പറയാതെ വാർത്തികങ്ങളിലൂടെ വ്യാഖ്യാനിക്കുകയും ചെയ്തതായി മനസ്സിലാക്കാം.

**മററു കൃതികൾ**

വാരരുചം കാവ്യം (സ്വർഗ്ഗാരോഹണകാവ്യം) എന്ന പേരിലൊരു കാവ്യം കാത്യായനൻ രചിച്ചതായി കരുതുന്നു. ഈ കാവ്യത്തെക്കുറിച്ചുള്ള പരാമർശം മഹാഭാഷ്യത്തിൽ കാണാം -

यत्तेन कृतं न च तेन प्रोक्तं वाररुचं काव्यं जलूकाः श्लोकाः।

ഭ്രാജസംജ്ഞകശ്ലോകങ്ങളെകുറിച്ചും മഹാഭാഷ്യത്തിൽ പരാമർശിക്കുന്നു.

കൈയടൻ തുടങ്ങിയ ആചാര്യന്മാർ ഈ ശ്ലോകങ്ങൾ രചിച്ചത് കാത്യായനനാണെന്നു കരുതുന്നു.

**ഭാഷ്യകാരനായ പതഞ്ജലി**

भाष्यते विवृततया वर्ण्यते इति भाष्यम्।

സൂത്രവിവരണഗ്രന്ഥം എന്നു സാമാന്യാർത്ഥം.

വിഷ്ണുധർമ്മോത്തരപുരാണത്തിൽ ഭാഷ്യലക്ഷണം ഇപ്രകാരം പറയുന്നു

सूत्रार्थो वर्ण्यते यत्र वाक्यैः सूत्रानुसारिभिः।

स्वपदानि च वर्ण्यन्ते भाष्यं भाष्यविदो विदुः।।

സൂത്രാർത്ഥങ്ങളും അവയുടെ വാർത്തികങ്ങളും വ്യാഖ്യാനിക്കുകയും സ്വന്തം മതം സമർത്ഥിക്കുകയും ചെയ്യുന്ന ഗ്രന്ഥമാണ് ഭാഷ്യം. വാർത്തികങ്ങളടങ്ങിയ പാണിനീയസൂത്രങ്ങളെ പരിശോധിക്കുകയും അവയുടെ സാരം സ്പഷ്ടമാക്കുകയും അവയിൽ പല വാർത്തികങ്ങളെയും നിരാകരിക്കുകയും വ്യാകരണസംബന്ധിയായ നൂതനസിദ്ധാന്തങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുന്ന പ്രാമാണികഗ്രന്ഥമാണ് പതഞ്ജലി മഹർഷി രചിച്ച മഹാഭാഷ്യം. ഇതിന്റെ രചനയിലൂടെ ഏവരുടേയും അഞ്ജലിബന്ധത്തിന് (ആദരവിന്) പാത്രമായതിനാലാണ് പതഞ്ജലി എന്ന പേരുണ്ടായത്. പതഃ പതൻ വാ അഞ്ജലിഃ നമസ്കാരിതയാ യസ്മിൻ ഇതി പതഞ്ജലിഃ. പ്രാചീന ഗ്രന്ഥങ്ങളിൽനിന്ന് പതഞ്ജലി, ഗോനർദീയൻ, ഗോണികാപുത്രൻ, നാഗനാഥൻ, അഹിപതി, ഫണിഭൃത്, ശേഷരാജൻ, ചൂർണികാരൻ, പദകാരൻ എന്നിങ്ങനെ പലപേരുകളിലറിയപ്പെടുന്നതായി മനസ്സിലാക്കാം. ഗോനർദ്ദീയൻ എന്നതിൽ നിന്നും പതഞ്ജലി ഗോനർദ്ദദേശത്താണ് ജനിച്ചത് എന്നനുമാനിക്കാം. അദ്ദേഹത്തിന്റെ ജന്മഭൂമി കാശ്മീരമാണെന്നും, പാടലീപുത്രമാണെന്നും വിഭിന്നാഭിപ്രായങ്ങളുണ്ട്. പതഞ്ജലിയുടെ കാലം ഏ. ഡി. രണ്ടാം നൂററാണ്ടാണെന്ന് കരുതുന്നു.

**മഹാഭാഷ്യം**

പതഞ്ജലിവിരചിതമായ മഹാഭാഷ്യത്തിൽ 85 ആഹ്നികങ്ങളുണ്ട്. ആഹ്നികമെന്ന പദത്തിന് ഒരു ദിവസം കൊണ്ട് പഠിപ്പിക്കാവുന്നത് എന്നർത്ഥം. (അഹ്നാ നിർവൃത്തം ആഹ്നികം). ദുരൂഹവും ശുഷ്കവുമായ വ്യാകരണത്തെ പതഞ്ജലി മഹാഭാഷ്യത്തിലൂടെ സരളവും സരസവും ആക്കിത്തീർത്തു. സംവാദരൂപത്തിലുള്ള വിഷയപ്രതിപാദനരീതി ഉത്കൃഷ്ടമാണ്. പാണിനിയുടെ 1700 സൂത്രങ്ങളാണ് പ്രസ്തുതഗ്രന്ഥത്തിൽ പതഞ്ജലി വ്യാഖ്യാനിക്കുന്നത്. പാണിനിയുടെ സൂത്രങ്ങൾക്ക് കാത്യായനൻ രചിച്ച വാർത്തികങ്ങളും മഹാഭാഷ്യത്തിൽ വ്യാഖ്യാനിക്കുന്നു. यथोत्तरं मुनीनां प्रामाण्यम् എന്ന സൂക്തിയിൽനിന്നും മുനിത്രയത്തിൽ ഉത്തരോത്തരം വരുന്ന മുനികൾക്കാണ് പ്രാധാന്യമെന്നും, അപ്പോൾ ഏററവും പ്രാധാന്യം പതഞ്ജലിക്കാണെന്നും മനസ്സിലാക്കാം.

പൗരസ്ത്യരും പാശ്ചാത്യരുമായിട്ടുള്ള എല്ലാ വൈയാകരണന്മാരും പതഞ്ജലിയെ സാദരം നമിക്കുന്നു. ഭർത്തൃഹരി തന്റെ വാക്യപദീയത്തിൽ ഇപ്രകാരം പ്രശംസിക്കുന്നു-

कृते/थ पतञ्जलिना गुरुणा तीर्थदर्शिना।
सर्वेषां न्यायबीजानां महाभाष्ये निबन्धने।।

അതിവിസ്തൃതവും അത്യഗാധവുമായ പാതഞ്ജലമഹാഭാഷ്യം വ്യാകരണാദ്ധ്യയനത്തിന്റെഅന്തിമഘട്ടത്തിലാണ് പഠനവിഷയമാക്കുന്നത്. മഹാഭാഷ്യത്തിന്റെ പഠനം സാർവത്രികമായപ്പോൾ മുമ്പുണ്ടായിരുന്ന വ്യാകരണഗ്രന്ഥങ്ങളെല്ലാം വിസ്മൃതപ്രായങ്ങളായി. "മഹാഭാഷ്യം വാ പഠനീയം മഹാരാജ്യം വാ പാലനീയം"

മഹാരാജ്യപരിപാലനം പോലെ അഭികാമ്യമാണ് മഹാഭാഷ്യപഠനം എന്ന് പണ്ഡിതന്മാർ ഉദ്ഘോഷിയ്ക്കുന്നു.

മഹാഭാഷ്യത്തിന് ഭർത്തൃഹരി രചിച്ച വ്യാഖ്യാനമാണ് മഹാഭാഷ്യദീപിക. ഇത് പ്രാചീനവും അപൂർണ്ണവുമാണ്. കൈയടന്റെ മഹാഭാഷ്യപ്രദീപം പ്രാമാണികവും പ്രാചീനവുമായ മഹാഭാഷ്യവ്യാഖ്യാനമാണ്.

കാശികാരീതി./ പ്രക്രിയാരീതി.

സൂത്രങ്ങൾ വ്യാഖ്യാഗമ്യങ്ങളാണ്. പദച്ഛേദം, പദങ്ങളുടെ അർത്ഥം, സമസ്തപദങ്ങളുടെ വിഗ്രഹം, വാക്യയോജന, പൂർവപക്ഷം ഉന്നയിച്ച സിദ്ധാന്തങ്ങൾ അവയ്ക്കുള്ള മറുപടികൾ എന്നിവ വ്യാഖ്യാനങ്ങളുടെ അവയവങ്ങളാണ്. ഈ അവയവങ്ങളെല്ലാം കോർത്തിണക്കി സൂത്രക്രമമനുസരിച്ച് വ്യാഖ്യാനിക്കുന്ന ഗ്രന്ഥം വൃത്തിഗ്രന്ഥം എന്നപേരിൽ അറിയപ്പെടുന്നു. പാണിനീയത്തിന്റെ വൃത്തിഗ്രന്ഥങ്ങളിൽ മികച്ചതും മഹത്ത്വപൂർണ്ണവുമാണ് കാശികാവൃത്തി. അതുകൊണ്ട് ഈ വ്യാഖ്യാനരീതി കാശികാരീതി എന്നറിയപ്പെടുന്നു.

സംക്ഷിപ്തത ലക്ഷ്യമാക്കി രചിക്കപ്പെട്ട അഷ്ടാദ്ധ്യായിയിലെ വിഷയങ്ങൾ വിഭജിച്ച്, വിഷയവിഭാഗമനുസരിച്ച് പാണിനീയസൂത്രങ്ങളെ പ്രക്രിയാസൗകര്യത്തിനുവേണ്ടി പുതിയ രീതിയിൽ ക്രമീകരിച്ച് സംജ്ഞ, പരിഭാഷ, സന്ധി, സുബന്തം എന്നീ രീതിയിൽ വ്യാഖ്യാനിക്കുന്ന രീതിയാണ് പ്രക്രിയാരീതി.

കാശികാവൃത്തി

കാശികാരീതിയിലുള്ള പ്രധാനഗ്രന്ഥമാണ് കാശികാവൃത്തി. ജയാദിത്യനും വാമനനും സംയുക്തമായി രചിച്ച ദ്വികർത്തൃകപാണിനീയവ്യാഖ്യാനമാണ് കാശികാവൃത്തി.

8 അദ്ധ്യായങ്ങളുള്ള കൃതിയിലെ ആദ്യത്തെ 5 അദ്ധ്യായങ്ങൾ ജയാദിത്യനും അവസാനത്തെ മൂന്ന ദ്ധ്യായങ്ങൾ പൂർത്തിയാക്കിയതു വാമനനുമായിരുന്നു എന്നു പണ്ഡിതമതം.

ഇവർ എ. ഡി. 6-7 നൂററാണ്ടുകൾക്കിടയിലാണ് ജീവിച്ചിരുന്നത്. പലയിടത്തും മഹാഭാഷ്യത്തെ അനുകരിക്കാതെ പ്രാചീനവൃത്തികളെ പ്രമാണമായി സ്വീകരിച്ചിരിക്കുന്നു. പതിനേഴാം നൂററാണ്ടിൽ സിദ്ധാന്തകൗമുദിയും അതിന്റെ വ്യാഖ്യാനങ്ങളായ പ്രൗഢമനോരമയും ശബ്ദേന്ദുശേഖരവും വരുന്നതുവരെ ഇന്ത്യയിൽ പാഠപുസ്തകരൂപത്തിൽ പ്രചുരപ്രചാരം

നേടിയ ഗ്രന്ഥമാണ് കാശികാവൃത്തി. കാശിയിൽ വെച്ചെഴുതിയതുകൊണ്ട് ഇതിന് കാശികാവൃത്തി എന്ന പേരുവന്നതെന്ന് ഹരദത്തൻ. काशिकादेशतो अभिधानं काशीषु भवा । കാശികാവൃത്തിയ്ക്ക് അനേകം വ്യാഖ്യാനങ്ങൾ ഉണ്ട്-

| | |
|---|---|
| ജിനേന്ദ്രബുദ്ധി | കാശികാവിവരണപഞ്ജിക അഥവാ ന്യാസം |
| ഇന്ദുമിത്രൻ | അനുന്യാസം |
| വിദ്യാസാഗരമുനി | പ്രക്രിയാമഞ്ജരി |
| ഹരദത്തൻ അഥവാ ഹരദത്തമിശ്രൻ | പദമഞ്ജരി |
| രാമദേവൻ | വൃത്തിപ്രദീപം |

ഇവയിൽ ന്യാസവും പദമഞ്ജരിയും പ്രസിദ്ധങ്ങളാണ്. എ. ഡി. എട്ടാം നൂററാണ്ടിൽ ജീവിച്ചിരുന്ന ബുദ്ധമതാനുയായിയാണ് ന്യാസകർത്താവായ ജിനേന്ദ്രബുദ്ധി.മൈത്രേയരക്ഷിതന്റെ തന്ത്രപ്രദീപവും മല്ലീനാഥന്റെ ന്യാസോദ്യോതവും നരപതിമഹാമിശ്രന്റെ ന്യായപ്രകാശവും ന്യാസത്തിന്റെ വ്യാഖ്യാനങ്ങളാണ്. എ. ഡി. ഒൻപതാം നൂററാണ്ടാണ് പദമഞ്ജരീകർത്താവായ ഹരദത്തന്റെ കാലഘട്ടം. രംഗനാഥയജ്വാവിന്റെ മഞ്ജരീമകരന്ദവും ശിവഭട്ടന്റെ കുങ്കുമവികാസവും പദമഞ്ജരിയുടെ വ്യാഖ്യാനങ്ങളാണ്.

**ശബ്ദകൗസ്തുഭം**

ഭട്ടോജിദീക്ഷിതൻ അഷ്ടാദ്ധ്യായിക്ക് രചിച്ച വിസ്തൃതമായ വൃത്തിയാണ് ശബ്ദകൗസ്തുഭം. ലൗകികശബ്ദങ്ങളുടെ വിസ്തരിച്ചുള്ള അന്വാഖ്യാനമാണ് ഇതിലെ പ്രതിപാദ്യം എന്ന് ഗ്രന്ഥകാരൻ തന്നെ വൈയാകരണസിദ്ധാന്തകൗമുദിയിൽ വ്യക്തമാക്കിയിട്ടുണ്ട്- " വിസ്താരസ്തു യഥാശാസ്ത്രം ദർശിതഃ ശബ്ദകൗസ്തുഭേ".

ശബ്ദകൗസ്തുഭവ്യാഖ്യാനങ്ങൾ

1. വിഷമപാദി - നാഗേശഭട്ടൻ.
2. പ്രഭ - വൈദ്യനാഥപായുഗുണ്ഡൻ.
3. ഉദ്യോതം - വിദ്യാനാഥശുക്ല.
4. ഭാവപ്രദീപം - കൃഷ്ണമിത്രൻ.
5. ശബ്ദകൗസ്തുഭഭൂഷണം - ഭാസ്കരദീക്ഷിതൻ.

കാശികാവൃത്തികഴിഞ്ഞാൽ ഏററവും പ്രാമാണികമായി അംഗീകരിച്ചിരുന്ന ഒരു ഗ്രന്ഥമായിരുന്നു ഭാഗവൃത്തി. പദമഞ്ജരി, ഭാഷാവൃത്തി, അമരടീകാസർവസ്വം മുതലായ ഗ്രന്ഥങ്ങളിൽ ഭാഗവൃത്തിയിലെ മതങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. വലഭീരാജാവായ ശ്രീധരസേനന്റെ ആജ്ഞയനുസരിച്ച് ഭർത്തൃഹരിയാണ് ഈ ഗ്രന്ഥമെഴുതിയതെന്ന് ഇതിന്റെ വ്യാഖ്യാതാവ് സൃഷ്ടിധരൻ പറഞ്ഞിട്ടുണ്ട്. കൈയടൻ ഹരദത്തൻ മുതലായ വൈയ്യാകരണന്മാർ കുണി രചിച്ച അഷ്ടാദ്ധ്യായീവൃത്തിയെകുറിച്ച് പരാമർശിക്കുന്നുണ്ട്.

പ്രക്രിയാഗ്രന്ഥങ്ങൾ

പാണിനീയവ്യാകരണത്തിന് അനേകം വൈയാകരണന്മാർ പ്രക്രിയാഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

രൂപാവതാരം -ധർമകീർത്തി

പ്രക്രിയാഗ്രന്ഥങ്ങളിൽ ആദ്യത്തേതെന്ന് പറയാവുന്ന രൂപാവതാരം ധർമ്മകീർത്തി എന്ന ബൗദ്ധപണ്ഡിതൻ രചിച്ചതാണ്. ധർമ്മകീർത്തിയുടെ കാലഘട്ടം എ.ഡി. പതിനൊന്നാം ശതകത്തിലാണ്. രൂപാവതാരത്തിന് രണ്ടു ഭാഗങ്ങളുണ്ട് - പൂർവ്വഭാഗം, ഉത്തരഭാഗം. പൂർവ്വഭാഗത്തിൽ സംജ്ഞാവതാരം, സംഹിതാവതാരം, വിഭക്ത്യവതാരം, അവ്യയാവതാരം, സ്ത്രീപ്രത്യയകാരകാവതാരം, സമാസാവതാരം, തദ്ധിതാവതാരം എന്നീ വിഷയങ്ങൾ. ഉത്തരഭാഗം ധാതുപ്രത്യയപഞ്ജിക എന്ന പേരിൽ അറിയപ്പെടുന്നു.

വ്യാഖ്യാനങ്ങൾ

1. നീവീ - ശങ്കരരാമൻ /ശങ്കരപാരശവൻ / ശങ്കരവാര്യർ.
2. ധാതുപ്രത്യയപഞ്ജികടീകാ - അജ്ഞാതകർത്തൃകം
3. രൂപാവതാരടീകാ - അജ്ഞാതകർത്തൃകം
4. രൂപാവതാരവ്യാഖ്യാനം - അജ്ഞാതകർത്തൃകം

**രൂപമാല - വിമലസരസ്വതി**

എ. ഡി. പതിന്നാലാം നൂറ്റാണ്ടിലാണ് ഗ്രന്ഥരചന. പ്രക്രിയാകൗമുദീ, സിദ്ധാന്തകൗമുദീ എന്നിവയ്ക്ക് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുള്ള ഗ്രന്ഥമാണ് വിമലസരസ്വതിയുടെ രൂപമാല. വിഷയക്രമം സംജ്ഞാമാല, സ്വരസന്ധി, പ്രകൃതിഭാവം, വ്യഞ്ജനസന്ധി, വിസർഗ്ഗസന്ധി, അജന്തമാല, ഹലന്തമാല, സർവ്വനാമമാല, സംഖ്യാഭാഗം,നിയതലിംഗമാല,

ഛാന്ദസമാല, അവ്യയമാല, സ്ത്രീപ്രത്യയമാല, കാരകഭാഗം, സാർവധാതുകമാല, ഭാവകർമ്മപ്രക്രിയ, ലുഡ്ഭാഗം, ലൃഡ്ഭാഗം, ലുങ്ഭാഗം, ലിഡ്ഭാഗം, പഞ്ചമഭാഗം,സനാദിഭാഗം, ലകാരാർത്ഥഭാഗം, ലങാദിനിയമഭാഗം, കൃത് പ്രത്യയങ്ങൾ, തദ്ധിതങ്ങൾ, സമാസങ്ങൾ എന്നിങ്ങനെയാണ്.

പ്രക്രിയാകൗമുദി - രാമചന്ദ്രൻ/ രാമചന്ദ്രദീക്ഷിതർ

പാണിനീയത്തിലെ എല്ലാ സൂത്രങ്ങളും വ്യാഖ്യാനിച്ചിട്ടില്ലെങ്കലും ഇത് രൂപാവതാരത്തേക്കാൾ വിസ്തൃതമാണ്. ഇതിലെ വിഷയപ്രതിപാദനരീതി സരളമാണ്. എ. ഡി. പതിനഞ്ചാം ശതകത്തിലാണ് പ്രക്രിയാകൗമുദിയുടെ രചന.

ഈ ഗ്രന്ഥത്തിന് രാമചന്ദ്രശിഷ്യനായ ശേഷകൃഷ്ണൻ രചിച്ച പ്രകാശം എന്ന വ്യാഖ്യാനം പ്രസിദ്ധമാണ്.

മററു വ്യാഖ്യാനങ്ങൾ

പ്രക്രിയാപ്രദീപം - ചക്രപാണിദത്തൻ

അമൃതസൃതി - വാരണവനേശൻ

പ്രക്രിയാവ്യാകൃതി -വിശ്വകർമാശാസ്ത്രി

തത്ത്വചന്ദ്രം - ജയന്തൻ

വിവരണം - വരദരാജൻ

പ്രക്രിയാസാരം - കാശീനാഥൻ

പ്രക്രിയാരഞ്ജ്നം - വിശ്വനാഥദീക്ഷിതൻ

വൈയ്യാകരണസിദ്ധാന്തകൗമുദി - ഭട്ടോജിദീക്ഷിതൻ

എ.ഡി. പതിനാറാം ശതകത്തിൽ ജീവിച്ചിരുന്ന ഭട്ടോജിദീക്ഷിതൻ മഹാരാഷ്ട്രബ്രാഹ്മണനായിരുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ലക്ഷ്മീധരൻ എന്നായിരുന്നു. ശേഷകൃഷ്ണശിഷ്യനായ അദ്ദേഹം കാശിയിലാണ് ജീവിച്ചിരുന്നത്. ഭാനുജിദീക്ഷിതനും വീരേശ്വരദീക്ഷിതനും പുത്രന്മാരായിരുന്നു. ഭട്ടോജിദീക്ഷിതൻ പാണിനീയസൂത്രങ്ങൾക്ക് രചിച്ച പ്രസിദ്ധവും വിസ്തൃതവുമായ വ്യാഖ്യാനമാണ് വൈയ്യാകരണസിദ്ധാന്തകൗമുദി. പാണിനീയസൂത്രങ്ങളെയെല്ലാം തന്നെ വ്യാഖ്യാനിച്ചിട്ടുള്ള ഈ ഗ്രന്ഥത്തിന് പൂർവാർദ്ധം, ഉത്തരാർദ്ധം എന്നീ രണ്ടുഭാഗങ്ങളുണ്ട്. പൂർവ്വാർദ്ധത്തിൽ സംജ്ഞ, പരിഭാഷ, സന്ധിപ്രകരണം, സുബന്തപ്രകരണം, അവ്യയങ്ങൾ,

സ്ത്രീപ്രത്യയങ്ങൾ, കാരകം, സമാസങ്ങൾ, തദ്ധിതപ്രകരണം എന്നീ വിഷയങ്ങൾ പ്രതിപാദിച്ചിരിക്കുന്നു. ഉത്തരാർദ്ധത്തിലെ പ്രതിപാദ്യവിഷയം തിങന്തപ്രകരണം, ണ്യന്ത-സനന്ത-യങന്ത-യങ് ലുഗന്താദി പ്രക്രിയകൾ, ഫിട്സൂത്രങ്ങൾ. സ്വരശേഷങ്ങൾ, സമാസസ്വരങ്ങൾ, സ്വരസഞ്ചാര പ്രകാരം തുടങ്ങിയവയാണ്. ഇവകൂടാതെ ലിംഗാനുശാസനവും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിൽ 5 അധികാരങ്ങളും

188 സൂത്രങ്ങളുമുണ്ട്. വാർത്തികങ്ങൾ, ഭാഷ്യം, കാശികാവൃത്തി മുതലായ പ്രാമാണികഗ്രന്ഥങ്ങളിലെ വചനങ്ങൾ ഉദ്ധരിക്കുകയും മതഭേദങ്ങൾ സമർത്ഥിക്കുകയും ചെയ്തതിലൂടെ വൈയാകരണസിദ്ധാന്തകൗമുദി വ്യാകരണാദ്ധ്യയനത്തിനുള്ള പ്രധാനഗ്രന്ഥമായിത്തീർന്നു.

കൗമുദീ യദ്യകണ്ഠസ്ഥാ വൃഥാ ഭാഷ്യേ പരിശ്രമഃ.

കൗമുദീ യദി കണ്ഠസ്ഥാ വൃഥാ ഭാഷ്യേ പരിശ്രമഃ.

എന്ന ശ്ലോകം കൗമുദിയുടെ മഹത്ത്വം സൂചിപ്പിക്കുന്നു. ഭട്ടോജിദീക്ഷിതന്റെ പ്രധാനകൃതി ശബ്ദകൗസ്തുഭമാണെങ്കിലും സിദ്ധാന്തകൗമുദിയാണ് പ്രസിദ്ധമായതും അദ്ദേഹത്തെ പ്രശസ്തനാക്കിയതും.

**സിദ്ധാന്തകൗമുദിയുടെ വ്യാഖ്യാനങ്ങൾ**

1. പ്രൗഢമനോരമ - ഭട്ടോജിദീക്ഷിതർ
2. തത്ത്വബോധിനി - ജ്ഞാനേന്ദ്രസരസ്വതി.
3. ബാലമനോരമാ - വാസുദേവദീക്ഷിതർ
4. ശബ്ദേന്ദുശേഖരം
   ബൃഹച്ഛബ്ദേന്ദുശേഖരം - നാഗേശഭട്ടൻ
5. സുഖബോധിനി - നീലകണ്ഠവാജപേയി.
6. തത്ത്വദീപിക - രാമാനന്ദൻ.
7. രത്നാകരം - രാമകൃഷ്ണഭട്ട്.
8. പൂർണ്ണിമാ - രംഗനാഥയജ്വാവ്.
9. രത്നാർണ്ണവം - കൃഷ്ണമിത്രൻ.
10. സുമനോരമ - തിരുമല ദ്വാദശാഹയാജി.
11. പ്രകാശം - തോപ്പലദീക്ഷിതർ.
12. ലഘുമനോരമ - അജ്ഞാതകർത്തൃകം.
13. ശബ്ദസാഗരം - അജ്ഞാതകർത്തൃകം.
14. ശബ്ദരസാർണ്ണവം - അജ്ഞാതകർത്തൃകം.
15. സുധാഞ്ജനം - അജ്ഞാതകർത്തൃകം.
16. വിലാസം - ലക്ഷ്മീനൃസിംഹൻ.
17. ഫക്കികാപ്രകാശം - ദ്രത്തോപാദ്ധ്യായ.
18. ബാലബോധം - സാരസ്വതവ്യൂഢമിശ്ര.
19. മാനസരഞ്ജിനി - വല്ലഭൻ.
20. സുബോധിനി - ജയകൃഷ്ണൻ.
21. ലിംഗാനുശാസനവിവരണം - ഭൈരവമിശ്രൻ.

**പ്രൗഢമനോരമയുടെ വ്യാഖ്യാനങ്ങൾ**

1. ലഘുശബ്ദരത്നം - ഹരിദീക്ഷിതർ (ഭട്ടോജിദീക്ഷിതരുടെ പൗത്രൻ)
2. ബൃഹച്ഛബ്ദരത്നം - ഹരിദീക്ഷിതർ
3. പ്രൗഢമനോരമാഖണ്ഡനം - ശേഷവീരേശ്വരപുത്രൻ
4. പരമതഖണ്ഡനം - ചക്രപാണിദത്തൻ.
5. മനോരമാകുചമർദ്ദനം - ജഗന്നാഥപണ്ഡിതൻ.

**ഭട്ടോജിദീക്ഷിതരുടെ മറ്റുഗ്രന്ഥങ്ങൾ**

1. വൈയാകരണഭൂഷണകാരിക - വ്യാകരണം
2. തത്ത്വകൗസ്തുഭം - അദ്വൈതം.
3. ത്രിസ്ഥലീസേതു.
4. പ്രവരനിർണ്ണയം.
5. കാലനിർണ്ണയം.

ലഘുസിദ്ധാന്തകൗമുദി - വരദരാജൻ

സിദ്ധാന്തകൗമുദി പൂർണ്ണമായി പഠിക്കാൻ പറ്റാത്തവർക്കുവേണ്ടി ദാക്ഷിണാത്യനായ വരദരാജൻ എഴുതിയ ഗ്രന്ഥങ്ങളാണ് മദ്ധ്യസിദ്ധാന്തകൗമുദിയും ലഘുസിദ്ധാന്തകൗമുദിയും. ഇതിൽ കൂടുതൽ പ്രചാരം നേടിയത് ലഘുസിദ്ധാന്തകൗമുദിയാണ്. ഭട്ടോജിദീക്ഷിതശിഷ്യനാണ് വരദരാജൻ

ശബ്ദേന്ദുശേഖരം - നാഗേശഭട്ടൻ

ബഹുശാസ്ത്രപണ്ഡിതനായിരുന്ന നാഗേശഭട്ടന് വ്യാകരണം, സാഹിത്യം, അലങ്കാരശാസ്ത്രം, ധർമ്മശാസ്ത്രം, സാംഖ്യം, യോഗം, പൂർവമീമാംസ, ഉത്തരമീമാംസ, ജ്യോതിഷം എന്നീ വിഷയങ്ങളിൽ അഗാധപാണ്ഡിത്യമുണ്ടായിരുന്നു. അദ്ദേഹം മഹാരാഷ്ട്രീയബ്രാഹ്മണനാണെന്നും പിതാവ് ശിവഭട്ടനും അമ്മ സതീദേവിയുമായിരുന്നു എന്നും ലഘുശബ്ദേന്ദുശേഖരത്തിൽനിന്നും വ്യക്തമാവുന്നു. ലഘുശബ്ദേന്ദുശേഖരം, ബൃഹച്ഛബ്ദേന്ദുശേഖരം, പരിഭാഷേന്ദുശേഖരം, ലഘുമഞ്ജുഷ, പരമലഘുമഞ്ജുഷ, സ്ഫോടവാദം മുതലായവ നാഗേശഭട്ടന്റെ വ്യാകരണസംബന്ധികളായ ഗ്രന്ഥങ്ങളാണ്. ശബ്ദേന്ദുശേഖരം സിദ്ധാന്തകൗമുദിയുടെ പ്രധാനവ്യാഖ്യാനവും ലഘുശബ്ദേന്ദുശേഖരവും, ബൃഹച്ഛബ്ദേന്ദുശേഖരവും ഇതിന്റെ സംക്ഷിപ്തരൂപങ്ങളുമാണ്.

വൈയാകരണസിദ്ധാന്തമഞ്ജൂഷ വൈയാകരണസമ്മതമായ ദാർശനികഗ്രന്ഥമാണ്.

ഇതിന്റെ സംക്ഷിപ്തരൂപങ്ങളാണ് ലഘുമഞ്ജൂഷാ, പരമലഘുമഞ്ജൂഷാ എന്നിവ.

പാണിനീയസൂത്രങ്ങളുടെ അർത്ഥബോധത്തിനുപകരിക്കുന്ന നിയമങ്ങളാണ് പരിഭാഷകൾ

ഏറ്റവും പഴയ പരിഭാഷാഗ്രന്ഥം വ്യാഡിയുടെ പരിഭാഷാസൂചനമാണ്. എന്നാൽ ഇന്നു പ്രമാണമായംഗീകരിക്കുന്നത് പരിഭാഷേന്ദുശേഖരത്തെയാണ്.

മക്കളില്ലാതിരുന്ന നാഗേശഭട്ടൻ ശബ്ദേന്ദുശേഖരത്തേയും മഞ്ജൂഷയേയും മക്കളായി കണക്കാക്കി. शब्देन्दुशेखरः पुत्रो मञ्जुषा नाम कन्यका:।।

വൈയാകരണസിദ്ധാന്തമഞ്ജൂഷയുടെ വ്യാഖ്യാനങ്ങൾ

1. കല - വൈദ്യനാഥപായുഗുണ്ഡൻ.

2. കുഞ്ജികാ - ദുർബ്ബലാചാര്യൻ.

പ്രക്രിയാസർവ്വസ്വം - മേല്പുത്തൂർ നാരായണഭട്ടൻ/ഭട്ടതിരി

വ്യാകരണപ്രതിഭകൊണ്ടും കവിത്വം കൊണ്ടും സർവ്വസമ്മതനായ വൈയാകരണനാണ് മേൽപുത്തൂർ നാരായണഭട്ടതിരി. കൊല്ലവർഷം 735 ൽ ആണ് അദ്ദേഹം ജനിച്ചത്. അദ്ദേഹത്തിന്റെ ജന്മഗൃഹത്താൽ പ്രസിദ്ധമായ മേൽപുത്തൂരില്ലം മലപ്പുറം ജില്ലയിലെ സുപ്രസിദ്ധമായ തിരുനാവായ നാവാമുകുന്ദക്ഷേത്രത്തിന് സമീപത്താണ്. ധർമ്മനിരതനും ഭാട്ടമീമാംസാദി ശാസ്ത്രങ്ങളിൽ നിഷ്ണാതനുമായ ബ്രാഹ്മണശ്രേഷ്ഠനായ മാതൃദത്തനായിരുന്നു അദ്ദേഹത്തിന്റെ അച്ഛൻ. ഈ വിവരങ്ങളെല്ലാം തന്നെ സ്വകൃതിയായ പ്രക്രിയാസർവസ്വത്തിൽ ഭട്ടതിരി വ്യക്തമാക്കുന്നുണ്ട്.

भूखण्डे केरलाख्ये सरितमिह निलामुत्तरेणैव नावा-

क्षेत्राद् गव्यूतिमात्रे पुनरुपरिनवग्राम्नि स्वधाम्नि।

धर्मिष्ठाद् भट्टतन्त्राद्यखिलमतपटोर्मातृदत्तद्विजेन्द्रा-

ज्जातो नारायणाख्यो निरवहदतुलां देवनारायणाज्ञाम्।।

അച്ഛൻ മാതൃദത്തനിൽ നിന്ന് മീമാംസ മുതലായ ശാസ്ത്രങ്ങളും മാധവൻ എന്ന ആചാര്യനിൽനിന്ന് വേദവും ദാമോദരാര്യനിൽ നിന്ന് തർക്കവും അഭ്യസിച്ചു.

**നാരായണഭട്ടതിരിയുടെ കൃതികൾ**

നാരായണഭട്ടതിരിയുടെ കൃതികളെ ആറായി തരം തിരിക്കാം. 1. സ്തോത്രങ്ങൾ, 2. പ്രശസ്തികൾ, 3. ചമ്പുക്കൾ ( പ്രബന്ധങ്ങൾ), 4. മുക്തകങ്ങൾ, 5. ശാസ്ത്രഗ്രന്ഥങ്ങൾ, 6. മററുള്ളവ.

നാരായണീയം, ശ്രീപാദസപ്തതി, ഗുരുവായുപുരേശസ്തോത്രം എന്നിവ സ്തോത്രകാവ്യങ്ങളാണ്. ഗോശ്രീനഗരവർണ്ണനം, മാടമഹീശ്വരപ്രശസ്തി, ശൈലാധീശ്വരപ്രശസ്തി എന്നീ പ്രശസ്തികളും സൂക്തശ്ലോകങ്ങൾ ആശ്വലായനക്രിയാക്രമം, പ്രക്രിയാസർവസ്വം, ധാതുകാവ്യം, അപാണിനീയപ്രമാണ സാധനം, മാനമേയോദയത്തിലെ മാനപരിച്ഛേദം, തന്ത്രവാർത്തികബന്ധനം മുതലായ ശാസ്ത്രഗ്രന്ഥങ്ങളും രാജസൂയം, ദൂതവാക്യം, പാഞ്ചാലീസ്വയംവരം, നാളായനീചരിതം, സുന്ദോപസുന്ദോപാഖ്യനം, സുഭദ്രാഹരണം, കൗന്തേയാഷ്ടകം, കിരാദം, കൈലാസവർണ്ണനം, മത്സ്യാവതാരം, നൃഗമോക്ഷം, നിരനുനാസികം (ശൂർപ്പണഖാവിലാപം), രാക്ഷസോത്പത്തി, അഹല്യാമോക്ഷം, ബാലകാണ്ഡം കഥ, ദക്ഷയജ്ഞം, ത്രിപുരദഹനം, അഷ്ടമീചമ്പു, സ്വാഹാസുധാകരം, കോടിവിരഹം എന്നീ പ്രബന്ധങ്ങളും നാരായണഭട്ടതിരിയുടെ കൃതികളാണ്.

വാതവ്യാധിയിൽ നിന്ന് മുക്തിനേടാൻ ഗുരുവായൂരപ്പനെ സേവിച്ച് ആയിരത്തിലധികം പദ്യങ്ങളുള്ള നാരായണീയം നൂറുദിവസംകൊണ്ട് രചിച്ചു എന്നാണ് ഐതിഹ്യം. നാരായണീയത്തിൽ 100 ദശകങ്ങളിലായി 1036 ശ്ലോകങ്ങളുണ്ട്. ശ്രീമദ്ഭാഗവതകഥാസംഗ്രഹമാണ് വിഷയം. പൂർത്തീകരിച്ചത് ആയുരാരോഗ്യസൗഖ്യം എന്ന കലിദിനസംഖ്യ വെച്ച് 1586 നവംബറിൽ 26-ാമത്തെ വയസ്സിലാണ്.

**വ്യാഖ്യാനങ്ങൾ**

ഭക്തപ്രിയ - ദേശമംഗലം രുദ്രവാര്യർ (വാസുദേവൻ എന്ന് ഉള്ളൂർ)
രസികപ്രിയാ - സഹൃദയതിലകൻ കെ. രാമപിഷാരോടി.
വനമാലാ - ഗുരുവായൂർ ദേവസ്വം ബോർഡ്.
വനമാലയെക്കൂടാതെ അമ്പതോളം മലയാളവ്യാഖ്യാനങ്ങൾ ഈ കൃതിക്കുണ്ട്.

**മേല്പുത്തൂരിന്റെ വ്യാകരണകൃതികൾ**

പ്രക്രിയാസർവ്വസ്വം, ധാതുകാവ്യം, അപാണിനീയപ്രാമാണ്യസാധനം എന്നിവയാണ് മേൽപുത്തൂരിന്റെ വ്യാകരണകൃതികൾ.

പ്രക്രിയാസർവ്വസ്വം

പാണിനീയസൂത്രങ്ങളുടെ സ്വതന്ത്രവും സമഗ്രവുമായ വ്യാഖ്യാനമാണ് പ്രക്രിയാസർവസ്വം. ഇതെഴുതാനുണ്ടായ സാഹചര്യങ്ങളും എഴുതിയ കാലവും ഭട്ടതിരിതന്നെ പ്രക്രിയാസർവസ്വത്തിലെ ഉപക്രമത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. രൂപാവതാരത്തിലും പ്രക്രിയാകൗമുദി മുതലായ പാണിനീയവ്യാഖ്യാനങ്ങളിലും എല്ലാ സൂത്രങ്ങളും വ്യാഖ്യാനിച്ചിട്ടില്ല. സംസ്കൃതഭാഷയിലെ എല്ലാ ശബ്ദങ്ങളുടെയും നിഷ്പാദനരീതി വിശദമാക്കുന്നതും മിതവും സ്പഷ്ടവും സംക്ഷിപ്തവുമായ ഒരു ഗ്രന്ഥം പ്രക്രിയാസർവസ്വമെന്നപേരിൽ രചിക്കണമെന്നും സംജ്ഞ, പരിഭാഷ, സന്ധി, കൃത്, തദ്ധിതൻ, സമാസം, സ്ത്രീപ്രത്യയം, സുബർത്ഥം, സുബ്വിധി, ആത്മനേപദവിഭാഗം, തിങ്, ലകാരാർത്ഥവിശേഷം, സനന്തം, യങന്തം, യങ്ലുഗന്തം, സുബ്ധാതു, ന്യായം, ധാതു, ഉണാദി, ഛാന്ദസം എന്നീ ഇരുപത് ഖണ്ഡങ്ങൾ ഈ പ്രക്രിയാഗ്രന്ഥത്തിലുണ്ടാകണമെന്നും പൂരാടം തിരുനാൾ ചമ്പകശ്ശേരി ദേവനാരായണരാജാവ് ഭട്ടതിരിയോട് ആവശ്യപ്പെട്ടു.

നാരായണഭട്ടതിരി പ്രക്രിയാസർവസ്വത്തിൽ പദങ്ങളുടെ രൂപസിദ്ധികഥനം സ്പഷ്ടീകരിക്കാൻ പല വൈയാകരണാചാര്യന്മാരുടെയും കൃതികളെ പ്രമാണമായി സ്വീകരിച്ചിട്ടുണ്ട്. മഹാഭാഷ്യം, കാശികാവൃത്തി, അതിന്റെവ്യാഖ്യാനമായ ഹരദത്തന്റെ പദമഞ്ജരി, പദമഞ്ജരിയുടെ വ്യാഖ്യാനമായ രാമദേവന്റെ വൃത്തിപ്രദീപം, ജിനേന്ദ്രബുദ്ധിയുടെ ന്യാസം, രാമചന്ദ്രന്റെ പ്രക്രിയാകൗമുദി, ധർമ്മകീർത്തിയുടെ രൂപാവതാരം തുടങ്ങിയ ഗ്രന്ഥങ്ങളെ ഭട്ടതിരി പരാമർശിച്ചിട്ടുണ്ട്.

വിഷയക്രമമനുസരിച്ച് സൂത്രങ്ങൾ സ്വീകരിച്ച് അവ വ്യാഖ്യാനിക്കുകയെന്നതാണ് ഭട്ടതിരിയുടെ രീതി. വ്യാഖ്യാനത്തിനിടയിൽ അനുഷ്ടുപ് പദ്യങ്ങൾ ഉൾകൊള്ളിച്ചിരിക്കുന്നു

എന്നതാണ് പ്രക്രിയാസർവസ്വത്തിന്റെ പ്രത്യേകത. ഇവയിൽ ഉദാഹരണങ്ങളും സൂത്രങ്ങളുടെ വ്യാഖ്യാനങ്ങളും ചിലപ്പോൾ രണ്ടും ചേർന്നുള്ള ശ്ലോകങ്ങളും കാണാം. ഈ ശ്ലോകങ്ങൾ ശബ്ദാർത്ഥരമണീയകങ്ങളുമാണ് എന്നതാണ് പ്രക്രിയാസർവസ്വത്തിന്റ സവിശേഷത.

ശ്രീമദ്ഭാഗവതത്തെ ആസ്പദമാക്കി ശ്രീകൃഷ്ണലീലകളെ വർണ്ണിക്കുന്ന ഉദാഹരണങ്ങൾ മനോഹരങ്ങളാണ്. ത്രിമുനിവ്യാകരണത്തെ അംഗീകരിക്കുന്നതോടൊപ്പം അപാണിനീയപ്രയോഗങ്ങൾക്കും ഭട്ടതിരി സാധുത്വം കൽപിച്ചിട്ടുണ്ട്. തന്റെ മതം സ്ഥാപിക്കുന്നതിനായി ഭോജവ്യാകരണം, ചാന്ദ്രവ്യാകരണം മുതലായ ശാസ്ത്രങ്ങളെയും സിദ്ധാന്തങ്ങളെയും യഥാസ്ഥാനം ഉദ്ധരിച്ചിട്ടുണ്ട്.

ഭട്ടതിരി പ്രക്രിയാസർവസ്വത്തിൽ ലിംഗാനുശാസനത്തെ പ്രതിപാദിച്ചിട്ടില്ല. ലിംഗവ്യവസ്ഥ ലോകവ്യവഹാരത്തെ ആശ്രയിച്ചിരിക്കുന്നതിനാൽ അത് വ്യാകരണശാസ്ത്രത്തൽ ഉൾപെടുത്തേണ്ടതില്ല എന്നതാണ് അദ്ദേഹത്തിന്റെ നിലപാട്. മററു ഗ്രന്ഥങ്ങളിലില്ലാത്ത അനേകം അവ്യയങ്ങളെ ഭട്ടതിരി പ്രക്രിയാസർവസ്വത്തിൽ പരാമർശിച്ചിട്ടുണ്ട്.

വിഷയങ്ങളുടെ സമഗ്രത, ആശയസ്പഷ്ടത, ലളിതമായ പ്രതിപാദനം, രൂപസിദ്ധികഥനം, കാവ്യസൗന്ദര്യം കൊണ്ട് മനോഹരങ്ങളായ ഉദാഹരണശ്ലോകങ്ങൾ എന്നിവ ഒത്തിണങ്ങിയ വ്യാകരണം പഠിക്കാനാഗ്രഹിക്കുന്നവർക്കുള്ള ഒരു ഉത്തമഗ്രന്ഥമാണ് പ്രക്രിയാസർവസ്വം.

പ്രക്രിയാസർവ്വസ്വത്തിന്റെ വ്യാഖ്യാനങ്ങൾ

1. വ്യാഖ്യാനം - നീലകണ്ഠദീക്ഷിതർ (പതിനെട്ടാം നൂറ്റാണ്ട്)
2. പ്രകാശിക - ദേശമംഗലം രുദ്രവാര്യർ (മനോരമത്തമ്പുരാട്ടിയുടെ ഗുരു) (തിരുവനന്തപുരം സംസ്കൃതസീരീസ് പ്രകാശനം ചെയ്തു).
3. കെ. സാംബശിവശാസ്ത്രിയുടെ വ്യാഖ്യാനം.
4. ആദ്യഭാഗങ്ങൾക്കുണ്ടായ അജ്ഞാതകർത്തൃകമായ വ്യാഖ്യാനത്തിന്റെ താളിയോല.

(ഗവ. മാനുസ്ക്രിപ്റ്റ് ലൈബ്രറി, മദ്രാസ്)

**ധാതുകാവ്യം.**

മേൽപുത്തൂരിന്റെ മറ്റൊരു കൃതിയാണ് ശാസ്ത്രശാവ്യമായ ധാതുകാവ്യം. വാസുദേവവിജയത്തിന്റെ പൂരകമാണ് ധാതുകാവ്യം. കംസവധമാണ് ഈ കാവ്യത്തിന്റെ ഇതിവൃത്തം. അൂന്നു സർഗ്ഗങ്ങളിലായി ഇരുനൂറ്റിനാൽപത്തിമൂന്നു പദ്യങ്ങളുള്ള ഇതിൽ അക്രൂരന്റെ അമ്പാടിയിലേക്കുള്ള യാത്ര മുതൽ കംസവധം വരെയുള്ള ശ്രീമദ്ഭാഗവതത്തിലെ ശ്രീകൃഷ്ണലീലകൾ വർണ്ണിച്ചിരിക്കുന്നു. മൂന്നു ദിവസത്തിലെ ശ്രീകൃഷ്ണലീലകളിൽ, ഓരോ ദിവസത്തേയും സംഭവങ്ങൾ ഓരോ സർഗ്ഗത്തിലായി പ്രതിപാദിച്ചിരികുന്നു. വ്യാകരണപരമായി ഒന്നാം സർഗ്ഗത്തിലെ മുഴുവൻ പദ്യങ്ങളും രണ്ടാം സർഗ്ഗത്തിലെ നാൽപത്തിമൂന്നു പദ്യങ്ങളും ഭ്വാദിഗണത്തിലെ ധാതുക്കളെ ഉദാഹരിക്കുന്നു. രണ്ടാം സർഗ്ഗത്തിലെ ശേഷിച്ച നാൽപത്തിരണ്ടു പദ്യങ്ങൾ അദാദി, ജുഹോത്യാദി, ദിവാദി, സ്വാദി, തുദാദി എന്നീ ഗണങ്ങളിലെ ധാതുക്കളെ ഉദാഹരിക്കുന്നു. മൂന്നാം സർഗ്ഗത്തിലെ അറുപത്തിയാറുപദ്യങ്ങൾ തനാദി, ക്ര്യാദി, ചുരാദി എന്നീ ഗണങ്ങളിലെ ധാതുക്കൾ ഉദാഹരിക്കുന്നതിനായി വിനിയോഗിച്ചിരിക്കുന്നു.

ധാതുകാവ്യത്തിന്റെ കൃഷ്ണാർപ്പണമെന്ന വ്യാഖ്യാനം നാരായണഭട്ടതിരിയുടെ ശിഷ്യന്മാരാൽ രചിക്കപ്പെട്ടതാണ്. ധാതുകാവ്യത്തിന് രാമപാണിവാദൻ രചിച്ച വിവരണം എന്ന വ്യാഖ്യാനവും പ്രസിദ്ധമാണ്.

**അപാണിനീയപ്രാമാണ്യസാധനം**

പ്രക്രിയാസർവ്വസ്വത്തിലെ മുനിത്രയാനുഗൃഹീതമല്ലാത്ത ധാരാളം പ്രയോഗങ്ങളെ പല പണ്ഡിതന്മാരും നിശിതമായി വിമർശിച്ചു. ത്രിമുനിവ്യാകരണം സാധു അല്ലാത്തത് അസാധു എന്നു വിശ്വസിക്കുന്നവരായിരുന്നു ഇവർ. ഇവരിൽ പ്രധാനിയായിരുന്നു ചോളദേശപണ്ഡിതനായ വൈനതേയൻ.സുദർശനൻ എന്ന പണ്ഡിതൻ

വൈനതേയനെ ഖണ്ഡിച്ച് മേല്പുത്തൂരിനെ അനുകൂലിച്ചു. ഈ വാദപ്രതിവാദത്തിൽ തന്റെ നിലപാടു വ്യക്തമാക്കാൻ മേല്പുത്തൂർ നാരായണഭട്ടതിരി അപാണിനീയപ്രാമാണ്യസാധനം രചിച്ചു. ഈ തർക്കത്തിൽ മദ്ധ്യസ്ഥത വഹിക്കാൻ മേല്പുത്തൂർ ക്ഷണിച്ചത് ചോളദേശത്തിലെ തന്നെ പണ്ഡിതന്മാരായ സോമേശ്വരദീക്ഷിതരേയും യജ്ഞേശ്വരദീക്ഷിതരേയുമായിരുന്നു. അപാണിനീയങ്ങളായ പ്രമാണങ്ങൾ നിരവധി ഉണ്ട്, അവയുടെ നിർമ്മാതാക്കൾ ആപ്തന്മാരല്ലെന്ന് തെളിയിക്കാൻ പ്രമാണമില്ല. അതുകൊണ്ട് അപാണിനീയപ്രമാണങ്ങളും സാധുവാണ് എന്ന് ശക്തിയുക്തം വാദിക്കുന്ന കൃതിയാണ് അപാണിനീയപ്രാമാണ്യസാധനം.

**അപാണിനീയങ്ങളായ വ്യാകരണങ്ങൾ**

പാണിനിക്കുമുമ്പുായിരുന്ന വൈയാകരണന്മാരെക്കുറിച്ച് നമുക്കു കിട്ടുന്ന ഒരു സൂചന ബോപദേവന്റെ താഴെപറയുന്ന ശ്ലോകമാണ്-

इन्द्रश्चन्द्रः काशकृत्स्नापिशली शाकटायनः।
पाणिन्यमरजैनेन्द्रा जयन्त्यष्टादिशाब्दिकाः।।

ഇവയ്ക്കുപുറമെ ഭോജന്റെ 'സരസ്വതീകണ്ഠാഭരണ'ത്തിലും ഭാസ്കരാചാര്യന്റെ 'ലീലാവതി'യിലും മറ്റ് എട്ടു വൈയാകരണന്മാരെ പരാമർശിക്കുന്നുണ്ട്. 'രാമായണ'ത്തിന്റെ ഉത്തരകാണ്ഡത്തിൽ ഒമ്പതു വൈയാകരണന്മാരെക്കുറിച്ച് പറയുന്നു. എന്നാൽ 'കാശികാവൃത്തി'യിൽ അഞ്ചുപേരെമാത്രമേ സ്മരിക്കുന്നുള്ളു. പാണിനിയുടെ 'അഷ്ടാദ്ധ്യായി'യിൽ ശാകല്യൻ, കാശ്യപൻ, ശാകടായനൻ, സേനകൻ എന്നീ ആചാര്യന്മാരുടെ പേരുകൾ പലവട്ടം ആവർത്തിക്കുന്നതായി കാണാം. മറ്റൊരിടത്ത് വേറെ പതിനാറ് ആചാര്യന്മാരേയും സ്മരിക്കുന്നുണ്ട്. എന്നാൽ ഇതുവരെ പറഞ്ഞ എല്ലാവർക്കും പാണിനിയുടെ പൂർവ്വവർത്തിത്വം അവകാശപ്പെടാൻ സാദ്ധ്യമല്ല. പാണിനിക്കു മുമ്പുണ്ടായിരുന്ന വ്യാകരണങ്ങൾ ഇവിടെ പരാമർശിച്ചു. പാണിനിക്കുശേഷവും പാണിനീയ വ്യാകരണഗ്രന്ഥങ്ങളോടൊപ്പം മറ്റു ചില വ്യാകരണഗ്രന്ഥങ്ങൾ നിലനിന്നിരുന്നതായി കാണാം.

**ചാന്ദ്രവ്യാകരണം**

ചാന്ദ്രവ്യാകരണത്തിന്റെ കർത്താവ് ചന്ദ്രഗോമിൻ ആണ്. കാലഘട്ടം എ. ഡി. 650. ഇതിൽ ആറ് അദ്ധ്യായങ്ങളാണുള്ളത്. ഇതിൽ വൈദികവ്യാകരണത്തെ ഉപേക്ഷിച്ചിരിക്കുന്നതായികാണാം. ചില പ്രത്യാഹാരങ്ങളും സൂത്രങ്ങളും ഇതിൽ കാണുന്നില്ല. ഉണാദി, ലിംഗാനുശാസനം, ഗണപാഠം, ധാതുപാഠം എന്നിവ ചാന്ദ്രവ്യാകരണത്തിലുമുണ്ട്. പരിഭാഷകൾ കാണുന്നില്ല.

**ജൈനേന്ദ്രവ്യാകരണം**

ജൈനേന്ദ്രവ്യാകരണത്തിന്റെ കർത്താവ് ദേവനന്ദിയാണെന്നും അദ്ദേഹത്തിന്റെ കാലം എ. ഡി. അഞ്ചാം നൂറ്റാണ്ടാണെന്നും കരുതുന്നു. ഇതിന്റെ 3000 സൂത്രങ്ങളടങ്ങുന്ന ഒരു ഗ്രന്ഥം അഭയനന്ദിയും 3700 സൂത്രങ്ങളുള്ള മറ്റൊരു ഗ്രന്ഥം സോമദേവനും പ്രകാശിപ്പിച്ചിട്ടുണ്ട്. 'വിഭാഷാ, അന്യതരസ്യാം' മുതലായ പദങ്ങൾക്കു പകരം 'വാ' എന്ന പദം പ്രയോഗിക്കുക മുതലായ അക്ഷരങ്ങളെ ചുരുക്കാനുള്ള വിദ്യകൾ ഇതിലുമുണ്ട്. മാഹേശ്വരസൂത്രങ്ങളില്ല എങ്കിലും പ്രത്യാഹാരങ്ങളെ അവതരിപ്പിച്ചിട്ടുമുണ്ട്. ഈ രീതിയിൽ വലിയ പുതുമയൊന്നും അവകാശപ്പെടാനില്ലാത്ത ഒന്നാണ് ജൈനേന്ദ്രവ്യാകരണം. ഇതിനെ വ്യത്യസ്തമായരീതിയിൽ പ്രതിപാദിക്കുന്ന പഞ്ചവസ്തു എന്ന ഗ്രന്ഥം പതിനൊന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ശ്രുതകീർത്തിയുടേതാണെന്ന് കരുതുന്നു.

**ശാകടായനവ്യാകരണം**

ശാകടായനാചാര്യനെ കുറിച്ച് പാണിനി പരാമർശിക്കുന്നുണ്ടെങ്കിലും ഒരു ഗ്രന്ഥമെന്ന രീതിയിൽ ഇത് ലഭ്യമല്ല. എ. ഡി. 9-ാം നൂറ്റാറ്റിൽ ജീവിച്ചിരുന്ന മറ്റൊരു ശാകടായനന്റെ ഗ്രന്ഥമാണ് 'ശാകടായനശബ്ദാനുശാസനം' എന്ന പേരിൽ അറിയപ്പെടുന്നത്. പാണിനീയത്തിൽനിന്ന് വലിയ പുതുമയൊന്നും അവകാശപ്പെടാൻ ശാകടായനത്തിന് കഴിവില്ല. പാണിനിയുടേയും കാത്യായനന്റേയും ചിലപ്പോൾ പതഞ്ജലിയുടെതന്നെയും അഭിപ്രായങ്ങളെ ചേർത്താണ് ശാകടായനന്റെ രചന. പരിഭാഷകളും, ഗണപാഠം, ധാതുപാഠം, ഉണാദി, ലിംഗാനുശാസനം മുതലായവയും ശാകടായനത്തിലുണ്ട്.

**ഹേമചന്ദ്രവ്യാകരണം**

ജൈനസന്ന്യാസിയായ ഹേമചന്ദ്രന്റെ പേരിൽ പേരിൽ തന്നെയാണ് അദ്ദേഹത്തിന്റെ വ്യാകരണമറിയപ്പെടുന്നത്. അദ്ദേഹം എ. ഡി. 1088-ൽ ജനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.അഹമ്മദാബാദിലെ ധുന്തുകയാണ് ജന്മദേശം. അദ്ദേഹത്തിന്റെ യഥാർത്ഥ പേര് ചന്ദ്രദേവൻ എന്നായിരുന്നു. ഹേമചന്ദ്രൻതന്നെ അദ്ദേഹത്തിന്റെ വ്യാകരണത്തിന് 'ശബ്ദാനുശാസനബൃഹദ്വൃത്തി' എന്ന വ്യാഖ്യാനം രചിച്ചിട്ടുണ്ട്.

കാതന്ത്രവ്യാകരണം

എളുപ്പത്തിൽ വ്യാകരണം പഠിക്കാനുള്ള ഒരു മാർഗ്ഗമായിട്ടാണ് കാതന്ത്രവ്യാകരണം അറിയപ്പെടുന്നത്. ഇത് സ്പഷ്ടമാകുന്ന കാരിക -

छान्दसः स्वल्पमतयः शास्त्रान्तररस्ताश्च ये।
ईश्वरा व्याधिनिरतास्तथालस्ययुताश्च ये।।

കാതന്ത്രവ്യാകരണം കുമാരവ്യാകരണമെന്നും കാലാപ വ്യാകരണമെന്നും അറിയപ്പെടുന്നു. ഡക്കാണിലെ ശാതവാഹന എന്ന രാജാവിന്റെ ആവശ്യപ്രകാരം സർവ്വവർമ്മ നിർമ്മിച്ചതാണ് കാതന്ത്രവ്യാകരണം എന്നു പറയപ്പെടുന്നു. പരമശിവന്റെ പുത്രനായ കുമാരനാണ് സൂത്രങ്ങൾ കാണിച്ചു കൊടുത്തത്. കലാപ (മയിൽ) ന്റെ സഹായത്തോടെയാണ് ഈ വ്യാകരണം നിർമ്മിച്ചത് എന്നിവ ഈ പേരുകൾ കാണിക്കുന്നു. എ. ഡി. 1-ാം നൂറ്റാണ്ട് ഇതിന്റെ കാലഘട്ടം. സന്ധിപ്രകരണം, നാമപ്രകരണം, ആഖ്യാതപ്രകരണം, കൃത്പ്രകരണം എന്ന് 4 ഭാഗങ്ങളാണ് ഇതിന് കാണുന്നത്. തദ്ധിതപ്രകരണം, സ്ത്രീപ്രത്യയപ്രകരണം മുതലായവ പിന്നീട് കൂട്ടിച്ചേർത്തവയായി കാണപ്പെടുന്നു. കാതന്ത്ര വ്യാകരണത്തിന്റെ ഏറ്റവും പ്രസിദ്ധമായ വ്യാഖ്യാനം ദുർഗ്ഗസിംഹന്റെ വൃത്തിയാണ്.

**സാരസ്വത വ്യാകരണം**

ബോപദേവൻ സാരസ്വതവ്യാകരണത്തെ സ്മരിക്കുന്നില്ല. അതുകൊണ്ട് അത് 12-ാം നൂറ്റാണ്ടിനു ശേഷം ഉണ്ടായതാകണം. 700 സൂത്രങ്ങളുള്ള സരളമായ വ്യാകരണമാണിത്. വ്യാകരണം പഠിക്കാനുള്ള ഗ്രന്ഥമല്ല, നേരെ മറിച്ച് അത്യാവശ്യത്തിന് ഭാഷ പഠിക്കാനുള്ള ഗ്രന്ഥമാണ്. ക്ഷേമേന്ദ്രൻ രചിച്ച 'സാരസ്വതപ്രക്രിയ'യുടെ അവസാനം കാണുന്ന - इति श्री नरेन्द्राचार्यसारस्वते क्षेमेन्द्रकृतं टिप्पणं समाप्तम् । എന്നതിൽനിന്ന് നരേന്ദ്രാചാര്യനാണ് സാരസ്വതവ്യാകരണത്തിന്റെ കർത്താവ് എന്നു കരുതാം. അനുഭൂതിസ്വരൂപാചാര്യന്റെ വ്യാഖ്യാനവും 'സാരസ്വതപ്രക്രിയ' എന്നുതന്നെ അറിയപ്പെടുന്നു. അമൃതഭാരതി രചിച്ച 'സുബോധിക'യാണ് മറ്റൊരു വ്യാഖ്യാനം. ചന്ദ്രകീർത്തി, സഹജകീർത്തി, മാധവൻ, വാസുദേവഭട്ടതിരി തുടങ്ങിയ പലരും സാരസ്വതത്തെ വ്യാഖ്യാനിച്ചിട്ടുണ്ട്.

**ബോപദേവവ്യാകരണം**

ബോപദേവന്റെ അച്ഛൻ കേശവനും ഗുരു ധനേശനുമായിരുന്നു. മഹാരാഷ്ട്രയിലെ ദൗലതാബാദാണ് ജന്മദേശം. 'മുഗ്ദ്ധബോധ'മാണ് അദ്ദേഹത്തിന്റെ വ്യാകരണഗ്രന്ഥം. ഇതിനു പുറമേ 'കവികല്പദ്രുമം' എന്നൊരു ഗ്രന്ഥംകൂടി അദ്ദേഹത്തിന്റേതായുണ്ട്. മറ്റു വ്യാകരണങ്ങളേപ്പോലെതന്നെ ലഘുവായ മാർഗ്ഗത്തിൽക്കൂടി വ്യാകരണം പഠിപ്പിക്കുകയായിരുന്നു ബോപദേവന്റെയും ലക്ഷ്യം. സ്വരപ്രക്രിയയും വൈദികപ്രക്രിയയും അദ്ദേഹം ഉപേക്ഷിച്ചിട്ടുണ്ട്.

സൗപദ്മവ്യാകരണം

എ. ഡി. 14-ാം നൂറ്റാണ്ട് പദ്മനാഭദത്തന്റെ സൗപദ്മവ്യാകരണത്തിന്റെ കാലഘട്ടം. പാണിനിയുടെ സൂത്രങ്ങളെ പരിഷ്കരിച്ച് പുതിയരീതിയിൽ സംവിധാനം ചെയ്ത് വിവരണത്തോടു കൂടിയതാണ് അദ്ദേഹത്തിന്റെ വ്യാകരണം. 'സൗപദമ്പഞ്ജീക' പദമ്നാഭദത്തന്റെ തന്നെ വ്യാഖ്യാനമാണ്.

# MODULE II

# Manuscriptology (ഹസ്തലിഖിതശാസ്ത്രം)

## ഹസ്തലിഖിതശാസ്ത്രവും അതിന്റെ പ്രാധാന്യവും

ഹസ്തലിഖിതം/കൈയെഴുത്തുപ്രതി - ഇതിനെ ഒരു പ്രത്യേക വിഭാഗമായി പരിഗണിച്ച് പലസ്ഥാപനങ്ങളും സർവ്വകലാശാലകളും കോഴ്സുകൾ ഈ വിഷയത്തിൽ നടത്തുന്നുണ്ട്. കൈയെഴുത്തുപ്രതികളെ കുറിച്ച് പഠനം നടത്തുന്ന വിജ്ഞാന മേഖലയാണ് ഹസ്ത ലിഖിതശാസ്ത്രം. കൈകൊണ്ടെഴുതുകയോ, കോറിയിടുകയോ, വരയ്ക്കുകയോ ചെയ്യുന്ന ഏതു രേഖയേയും സാമാന്യാർത്ഥത്തിൽ ഹസത്ലിഖിതം എന്നു പറയുന്നു. ഇത് ചില പ്രമാണങ്ങളോ പുസ്തകങ്ങളോ/കൃതികളോ പനയോല, ചന്ദനത്തൊലി, പേപ്പർ എന്നിവയിലെഴുതുന്നതോ അല്ലെങ്കിൽ ശിലാശാസനങ്ങളായി പാറ, തൂണ്, മൺപാത്രങ്ങൾ, ചെമ്പു തകിട് എന്നിവയിലെഴുതുന്നതോ ആകാം.

ഏതു ഹസ്തലിഖിതത്തിനും പ്രധാനമായും 2 ഘടകങ്ങൾ ആവശ്യമാണ് -

1. ഹസ്തലിഖിതമെഴുതാനുള്ള അസംസ്കൃതപദാർത്ഥം.
2. എഴുതാനുള്ള ഗ്രന്ഥം.

ചുരുക്കിപ്പറഞ്ഞാൽ ഏതെങ്കിലും കൃതി എഴുതാനുള്ള അസംസ്കൃതപദാർത്ഥത്തിൽ എഴുതാനുള്ള ഉപകരണം ഉപയോഗിച്ചെഴുതിയാൽ ഹസ്തലിഖിതം ഉണ്ടാവുകയായി/നിർമ്മിക്കപ്പെടുന്നു. ഹസ്തലിഖിതങ്ങളുടെ ആരംഭം മുതൽ പ്രകാശനം വരെ ഏതെല്ലാം കാര്യങ്ങളിലാണ് ശ്രദ്ധിക്കേത് എന്നത് പ്രധാനമാണ്. ഹസ്തലിഖിതങ്ങളുടെ ആരംഭത്തിനും പ്രകാശനത്തിനുമിടയിൽ പല പ്രക്രിയകളുമുണ്ട്. ഇതെല്ലാം തന്നെ ഹസ്തലിഖിതശാസ്ത്രത്തിന്റെ ഭാഗം തന്നെയായാണ് രൂപകല്പന ചെയ്യുന്നത്. ഹസ്തലിഖിതശാസ്ത്രം എന്നത് വിഷയങ്ങൾക്കനുസൃതമായ അസംസ്കൃതപദാർത്ഥങ്ങൾ, എഴുതാനുള്ള ഉപകരണങ്ങൾ, എഴുത്തിന്റെ സാരാംശം, എഴുതാനുള്ള ലിപി, ഹസ്തലിഖിതസമ്പാദനം, അതിനെ സൂക്ഷിക്കൽ, സംരക്ഷിക്കൽ, അതിന്റെ വിവരപ്പട്ടിക/നാമാവലി, സംശോധനം, പ്രകാശനം എന്നിവ ഉൾക്കൊള്ളുന്നു.

ശിലാശാസനങ്ങളും ഹസ്തലിഖിതങ്ങളും

ശിലാശാസനങ്ങളും ഹസ്തലിഖിതങ്ങളും സാമാന്യനിർവ്വചനത്തിൽ വരുന്നു. എന്നാൽ ഹസ്തലിഖിതശാസ്ത്രമെന്നു പറയുമ്പോൾ പനയോല, പൂവരശിന്റെ തോല്/ചന്ദനത്തൊലി, പേപ്പർ എന്നിവയിലെ കൈയെഴുത്തുകൾ മാത്രമാണെന്നാണ് സാധാരണയായി പ്രയോഗിക്കുന്നത്. ഹസത്ലിഖിതശാസ്ത്രത്തിൽ ശിലാശാസനങ്ങളടക്കം എല്ലാറ്റിനേയും നിവേശിപ്പിച്ചിട്ടുണ്ട്. ശിലാശാസനങ്ങൾ/ശിലാലിഖിതങ്ങൾ ഹസത്ലിഖിതങ്ങളിൽനിന്നും വ്യത്യാസപ്പെടുന്നത് താഴെ പറയുന്ന കാരണങ്ങളാലാണ് -

1. ശിലാലിഖിതങ്ങൾക്ക് ഹസ്തലിഖിതങ്ങളേക്കാൾ പ്രാചീനത്വം ഉണ്ടാകും.
2. വേണ്ടതായ മാറ്റങ്ങളും തിരുത്തലുമുള്ള ഗ്രന്ഥത്തെ (ഹസ്തലിഖിതങ്ങളിൽ ചെയ്യുന്നതുപോലെ) ശിലാലിഖിതങ്ങളിൽ കാണാൻ പറ്റില്ല.
3. ശിലാലിഖിതങ്ങളിൽ ഉൾക്കൊള്ളുന്ന വിഷയം ഹസ്തലിഖിതങ്ങളിലേതിനേക്കാൾ കുറവായിരിക്കും. അതുപോലെ ഭാഷയുടെ എല്ലാ വിശിഷ്ടമായ പ്രത്യേകതകളും കോറിയിടാൻ ശിലകളിൽ കഴിയില്ല.
4. സാമാന്യമായി പറഞ്ഞാൽ ശിലകളിൽ കോറിയിട്ട അക്ഷരങ്ങൾ വ്യക്തമല്ലാത്തതും ഹസ്തലിഖിതങ്ങളെ അപേക്ഷിച്ച് വായിച്ചെടുക്കാൻ സമയം പിടിക്കുന്നതുമാണ്.
5. ശിലാലിഖിതങ്ങളിലെ അസംസകൃതപദാർത്ഥങ്ങൾ ഹസത്ലിഖിതങ്ങളെ അപേക്ഷിച്ച ്കൂടുതൽ നിലനിൽക്കുന്നതാണ്.
6. ഹസ്തലിഖിതങ്ങൾ മിക്കതും കൈയിൽ കൊണ്ടുപോകാൻ കഴിയുന്നതും എളുപ്പത്തിൽ ഒരിടത്തു നിന്നും മറ്റൊരിടത്തേക്കു മാറ്റാൻ കഴിയുന്നതുമാണ്. എന്നാൽ പാറയിലോ തൂണുകളിലോ ഉള്ള ശിലാലിഖിതങ്ങൾക്ക് ഇത്തരം സൗകര്യമില്ല. മൺപാത്രങ്ങളിലെ ശിലാലിഖിതങ്ങളെ ഒരിടത്തു നിന്നും മറ്റൊരിടത്തേക്കു മാറ്റാൻ കഴിയുമെങ്കിലും ഹസ്തലിഖിതങ്ങൾപോലെ കയ്യിലെടുത്തുകൊണ്ടു പോകുക എളുപ്പമല്ല.
7. ഹസ്തലിഖിതങ്ങളിൽ വിശാലമായി വിഷയത്തെ ഉൾക്കൊള്ളിക്കാം. എന്നാൽ ശിലാലിഖിതങ്ങളിൽ ഹസ്തലിഖിതങ്ങൾപോലെ വിസ്തൃതവും വിശാലവുമായി വിഷയങ്ങൾ ഉൾപ്പെടുത്താൻ കഴിയില്ല.

**ഹസ്തലിഖിതശാസ്ത്രം - വളർച്ച**

പ്രാചീന കാലത്തെ ഇന്ത്യയിൽ വായകൊണ്ടുള്ള ഉരുവിടലാണ് വിദ്യാഭ്യാസ രംഗത്ത് നിലനിന്നത്. വേദങ്ങളും സംഹിതകളും പുരാണങ്ങളും മാത്രമല്ല സാഹിത്യപരവും ശാസ്ത്രപരവുമായ കൃതികളും ഇത്തര ത്തിലാണ് ഗുരുക്കന്മാർ പഠിപ്പിച്ചുകൊണ്ടിരുന്നത്. കുറച്ചു കാലത്തിനുശേഷം ക്രിസ്തുവർഷം (എ. ഡി.) തുട ങ്ങുന്നതിനുമുമ്പ് വാഗപാരമ്പര്യത്തിലൂടെ നേടിയെടുത്ത പ്രാചീന സാഹിത്യത്തെ ഇന്ത്യൻപണ്ഡിതന്മാർ എഴുതിവെക്കാൻ തുടങ്ങി. ഇതുകൂടാതെ പുതിയ സൃഷ്ടികളും എഴുതാൻ തുടങ്ങി. ഒരേകൃതിതന്നെ പല ആളുകൾ എഴുതാൻ തുടങ്ങിയപ്പോൾ അവയിൽ ചില വ്യത്യാസങ്ങളും കാണപ്പെട്ടു. വ്യത്യസ്തങ്ങളായ വ്യാഖ്യാനങ്ങളും വ്യാഖ്യാന ങ്ങ ള ുടെ വ്യാഖ്യാന ങ്ങ ളും ഉദയം ചെയ്തു. വ്യത്യസ്തങ്ങളായ ടീക/വ്യാഖ്യാനം ഒരേ കൃതിക്കുതന്നെ ചമയ്ക്കപ്പെട്ടു. കൃതികളുടെ ഇത്തരത്തിലുള്ള വ്യാഖ്യാനങ്ങളും ഭാഷ്യങ്ങളും ശാസ്ത്രീ യാടിസ്ഥാനത്തിലാണ് ചെയ്തത്.

ഹസ്തലിഖിതങ്ങൾ പകർത്തുക എന്നതും പ്രചാരത്തിൽ വന്നു. പ്രാചീന ഇന്ത്യക്കാർ ഹസ്തലിഖിത ങ്ങൾ സൂക്ഷിക്കുന്നതിന് അവരുടെ കഴിവിന്റെ പരമാവധി ശ്രമിക്കുകയും ചില പാരമ്പര്യരീതികൾ ഇതിനായി സ്വീകരിക്കുകയും ചെയ്തു. ഹസ്തലിഖിതശാസ്ത്രത്തിന്റെ വളർച്ചയ്ക്ക് ഇത്തരത്തിലുള്ള എല്ലാ ഘടകങ്ങളും സംഭാവന നല്കി.

ഹസ്തലിഖിതശാസ്ത്രം ഒരു പ്രത്യേക പരിശീലനമാണെങ്കിൽക്കൂടി ഇതിന് മറ്റു വിഷയങ്ങളുമായി അഭേദ്യബന്ധമുണ്ട്. ഹസ്തലിഖിതവസ്തുവിനെ സജ്ജമാക്കുന്നതിനും അവയെ പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനും ഈ ശാസ്ത്രം ശാസ്ത്രവിഭാഗങ്ങളായ രസതന്ത്രം, ഭൗതികശാസ്ത്രം, ജീവശാസ്ത്രം, വിവരസാങ്കേതികവിദ്യ എന്നിവയെ ആശ്രയിക്കുന്നു. ഹസ്തലിഖിതങ്ങൾ എഴുതുന്നത ിനും വായിക്കുന്ന തിനും പുരാതന ലിപി വിജ്ഞാനത്ത ിലെ അറിവുകൾ സ്വീകരിക്കുന്നു. ഹസ്തലിഖിതങ്ങൾ അടുക്കിസ്റ്റോക്റൂ മിൽ വെക്കുന്നതും അതിന്റെ സൂചിപത്രം/ അനുക്രമണിക തയ്യാറാക്കുന്നതും ഹസ്തലിഖിതശാസ്ത്രത്തിന് ഗ്രന്ഥാലയശാസ്ത്രവുമായിട്ടുള്ള ബന്ധത്തെ വെളിപ്പെടുത്തുന്നു. ഗ്രന്ഥങ്ങൾ വായിക്കുന്നതിനും സമ്പാദനം ചെയ്യുന്നതിനും ഭാഷ, സാഹിത്യം, പുരാതനലിപി, ചരിത്ര-സാംസ്കാരികമായ അറിവുകൾ അത്യാവശ്യമാ ണന്നതുകൊണ്ടു തന്നെ ഹസ്തലിഖിതശാസ്ത്രം, ഭാഷാശാസ്ത്രം, സാഹിത്യം, സാമൂഹ്യശാസ്ത്രം, ചരിത്രം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഗ്രന്ഥത്തിലെ വിഷയത്തെക്കുറിച്ച് മതിയായ അറിവുണ്ടെങ്കിൽ മാത്രമേ ശരിയായ സമ്പാദനം നടക്കുകയുള്ളൂ.

ഒരു ഹസ്തലിഖിതജ്ഞന് ഒരു കൃതി സമ്പാദനം ചെയ്യണമെങ്കിൽ ആ വിഷയത്തിലുള്ള അറിവോ, ആ വിഷയവിദഗ്ദ്ധന്റെ സഹായമോ അവശ്യമാണ്. ഇപ്രകാരം ഹസ്തലിഖിതശാസ്ത്രം എല്ലാ വിജ്ഞാനമേഖലകളുമായും ബന്ധപ്പെട്ടിരിക്കുന്നു .ചുരുക്കത്തിൽ ഹസ്തലിഖിതശാസ്ത്രത്തെ ഒരാൾക്ക് ഏതെങ്കിലുമൊരു ശാസ്ത്രമെന്നോ, വിവിധവിഷയങ്ങളായ കല, സുകുമാരകലകൾ, ഭാഷ, സാഹിത്യം എന്നി ങ്ങനെയോ പ്രത്യേകമായി കരുതാൻ കഴിയില്ല. ഹസ്തലിഖിതശാസ്ത്രമെന്നത് വിജ്ഞാനമേഖലയിൽ അപൂർവ്വമായതും, പല വിജ്ഞാനസ്രോതസ്സുകളുമായും വിശാലബന്ധം പുലർത്തുന്നതുമാണ്.

ഹസ്തലിഖിതശാസ്ത്രത്തിന്റെ പ്രാധാന്യം

ഹസ്തലിഖിതങ്ങൾ ഒരു പ്രദേശത്തെ/രാജ്യത്തെ സാംസ്കാരിക-സാമൂഹിക- രാഷ്ട്രീയ - സാമ്പ ത്തിക-ചരിത്രത്തെ കുറിച്ചുള്ള വളരെ ആധികാരികമായ അറിവു നല്കുന്നു.

ഭാഷയുടെ ചരിത്രത്തെ കുറിച്ചു പഠിക്കുന്നതിന് ഭാഷാശാസ്ത്രജ്ഞർക്ക് ഏറ്റവും നല്ല ഉപാധിയാണ് ഹസ്തലിഖിതങ്ങൾ. ശബ്ദവ്യതിയാനങ്ങൾ, വ്യാകരണഘടനയിലെ മാറ്റങ്ങൾ, സംയോജനം (കൂട്ടിച്ചേർക്കൽ), ഭാഷയുടെ വികസനത്തിന്റെ പാതയിൽ വിവിധ കാലഘട്ടത്തിൽ നഷ്ടപ്പെടുകയോ മാറ്റം വരുകയോ ചെയ്ത ശബ്ദകോശങ്ങൾ എന്നിവ ശിലാലിഖിതങ്ങളിലും ഹസ്തലിഖിതങ്ങളിലും പ്രതിഫലിക്കുന്നു. ഭാഷയുടെ വിവിധ ശാഖകൾക്കായി വിവിധ കാലഘട്ടത്തിൽ ജനങ്ങളിൽ നിന്നുണ്ടായ സൃഷ്ടിപരമായ ഉണർവ്വിന്റെ പരിശ്രമങ്ങളെ കുറിച്ചറിയുന്നതും പ്രധാനമായും ഹസ്തലിഖിതങ്ങളിൽ കൂടിയാണ്.

നിലവിലുള്ള പല അറിവുകൾക്കും പോഷണമായി തീർന്നത് വിരളമായതും അത്തരം വിഷയങ്ങ ളുമായി ബന്ധപ്പെടുന്നതുമായ അജ്ഞാത ഹസ്തലിഖിതങ്ങളാണ്. ഇപ്രകാരം പരിപോഷണം നടന്നതിനുദാഹര ണങ്ങളാണ് ആയുർവ്വേദം, വാസ്തുവിദ്യ, ജ്യോതിശ്ശാസ്ത്രം, ഗണിതം മുതലായ ശാസ്ത്രങ്ങൾ.

കാലഘട്ടങ്ങൾക്കനുസരിച്ചു മാറ്റം വന്ന ജനങ്ങളുടെ ആചാരങ്ങൾ, അവയുടെ പരിശീലനങ്ങൾ, സാമൂ ഹികവീക്ഷണം എന്നിവയെ കുറിച്ച് ഒരു പരിധിവരെ അറിയുന്നതിന് ഹസ്തലിഖിതസാഹിത്യത്തിൽനിന്നും സാധിക്കുന്നു. ഈ ആധുനികകാലഘട്ടത്ത ിലും ഹസ്തലിഖിതങ്ങൾ അറിവിന്റെ വാതായനങ്ങൾ തുറക്കുന്നു. ഇന്ത്യയുടെ ചരിത്രത്തിലെ പല അജ്ഞാത സംഭവങ്ങളും ഹസ്തലിഖിതങ്ങളുടെ പ്രകാശനത്തിലൂടെയാണ് വെളിപ്പെടുന്നത്.

ഉദാ - കൗടില്യന്റെ അർത്ഥശാസ്ത്രത്തിന്റെ ഒരു മലയാളം വ്യാഖ്യാനം ഡോ. രാധാ കുമുദ് മുഖർജിക്ക് തന്റെ Chandragupta And His Times എന്ന കൃതിയെഴുതുന്നതിന് വളരെ സഹായകമായി.

മറ്റൊരു ഉദാ - 14-ാം നൂറ്റാണ്ടിലെ ഇന്ത്യാചരിത്രത്തെ ആധികാരികമായി വിവരിക്കുന്ന ബൗദ്ധ കൃതിയായ ആര്യമഞ്ജുശ്രീമൂലകല്പം, കെ. പി. ജയ്സ്വാളിന് തന്റെ കൃതിയായ Imperial History of India എഴുതുന്നതിന് സഹായകമായി.

ചരിത്രത്തിന്റെ പല വിടവുകളേയും നികത്തുന്നതിന് ഇതുവരെ വായിച്ചെടുക്കാത്തതും പ്രകാശനം ചെയ്യാത്തതുമായ ഹസ്തലിഖിതങ്ങൾക്ക് കഴിഞ്ഞേക്കാം. ചരിത്രത്തിന്റേതെന്നപോലെ സാങ്കേതിക/ ശാസ്ത്ര സാഹിത്യങ്ങളായ വൈദ്യശാസ്ത്രം (medicine), ജ്യോതിശ്ശാസ്ത്രം (astronomy), ശില്പശാസ്ത്രം (architecture), രസതന്ത്രം (chemistry) എന്നിവയുടെ അറിവിലേക്കും മേൽപ്പറഞ്ഞ രീതിയിൽ ഹസ്ത ലിഖിതങ്ങൾ പ്രയോജനപ്പെടും. ശാസ്ത്രതത്ത്വങ്ങളും സിദ്ധാന്തങ്ങളും ഹസ്തലിഖിതങ്ങളായുള്ളത് കണ്ടുപിടി ക്കുകയാണെങ്കിൽ ശാസ്ത്രീയകണ്ടുപിടിത്തങ്ങളെ പരിഷ്കരിക്കരിക്കുന്നതിന് പ്രയോജനപ്പെടും. ഇന്ത്യയെ പ്പോലുള്ള രാജ്യങ്ങളിൽ നമ്മുടെ പൂർവ്വികരുടെ പലമേഖലകളിലുമുള്ള വിലമതിക്കാനാവാത്ത സംഭാവനക ളേയും കുറിച്ചറിയുന്നതിൽ ഹസ്തലിഖിതങ്ങൾ പ്രത്യേകപ്രാധാന്യമർഹിക്കുന്നു.

പ്രൊഫ. ലൂയീസ് റിനോ (Prof. Louis Renou)യുടെ അഭിപ്രായത്തിൽ 'ഇന്ത്യയെ ലോകമാകമാനമുള്ള ജനത സ്നേഹിക്കുന്നതിനും ബഹുമാനിക്കുന്നതിനും കാരണം അതിന്റെ ബൗദ്ധികവും സദാചാരപരവും ആത്മീയവുമായ പാരമ്പര്യത്തിന്റെ ഭണ്ഡാരത്താലാണ്.

പാശ്ചാത്യർ നമ്മുടെ പ്രാചീന സംസ്കാരത്തെ അനുമോദിക്കുകയും മനുഷ്യത്വത്തിലേക്ക് പ്രചീന ഇന്ത്യക്കാർ നല്കിയ സംഭാവനകളെ വിലമതിക്കുകയും ചെയ്യുമ്പോൾ ഇതെല്ലാം അജ്ഞാതമായ/ഇതിലെല്ലാം അജ്ഞരായ നമ്മൾ ലജ്ജിതരാകുന്നു. ഇന്നത്തെ ഇന്ത്യക്കാർക്ക് നമ്മുടെ സാംസ്കാരിക പാരമ്പര്യത്തെ കുറിച്ചറിയുന്ന തിനുള്ള പ്രധാന ഉറവിടങ്ങളാണ് ഹസ്തലിഖിതങ്ങൾ.

## Manuscriptology for Higher Learning and Research

ഹസ്തലിഖിതശാസ്ത്രം - ഉപരിപഠനത്തിനും ഗവേഷണത്തിനും

ഹസ്തലിഖിതശാസ്ത്രത്തിന് ഇന്ന് വേണ്ടത്ര പരിഗണന കിട്ടുന്നില്ലെങ്കിലും ഇതിന് ഇന്ത്യയുടെ വിദ്യാഭ്യാസസമ്പ്രദായത്തിൽ പ്രധാനപങ്കുവഹിക്കാൻ കഴിയും എന്നതാണ് യാഥാർത്ഥ്യം. ആശയപരമായ വിദ്യാഭ്യാസസമ്പ്രദായം (An Ideal Educational System)- എന്നത് വിദ്യാർത്ഥിക്ക് അവൻ/അവൾ പഠി ക്കുന്ന വിഷയത്തിലുള്ള ശബ്ദങ്ങളുടെ അവഗാഹമല്ല, മറിച്ച് അവന്റെ/അവളുടെ സമഗ്രവ്യക്തിത്വത്തെ വികാസ പൂർണ്ണമാക്കി അവനെ/അവളെ നമ്മുടെ സമൂഹത്തിന്റെയും രാജ്യത്തിന്റെയും ഭാഗഭാക്കാക്കി മാറ്റുവാൻ കഴിവുനല്കുക എന്നതാണ്.

ഈ വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ ഒരുവന് സ്വന്തം രാജ്യത്തോടുള്ള സാംസ്കാരിക -ധാർമ്മികചി ന്തയേയും ദേശീയതയേയും ഒരുമിച്ച് പ്രോത്സാഹിപ്പിച്ച് വളർത്തിക്കൊണ്ടു വരുന്നതിന് സാധിക്കുന്നു. പ്രാചീന ഇന്ത്യക്കാരുടെ, ജ്യോതിശ്ശാസ്ത്രം, ഗണിതം, ഭാഷാശാസ്ത്രം, വൈദ്യശാസ്ത്രം എന്നിവയിലുള്ള അതിബൃഹത്തായ സംഭാവനകളെ ലോകമാനമുള്ള പണ്ഡിതന്മാർ ആദരിക്കുകയും അതിനെ കുറിച്ച് പഠനം നടത്താൻ അത്യുത്സാഹം പ്രകടിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ, നിർഭാഗ്യവശാൽ വിദ്യാഭ്യാസവിചക്ഷണ ന്മാരടക്കമുള്ള ഇന്ത്യക്കാർ കഴിഞ്ഞ നൂറ്റണ്ടിലെ മഹത്വ്യക്തികളെകുറിച്ചും അവരുടെ സംഭാവനയെക്കു റിച്ചും അജ്ഞരാണ്.

ഉദാഹരണമായി ആര്യഭട്ടൻ, ഭാസ്കരാചാര്യൻ, യോഗസൂത്രകാരനായ പതഞ്ജലി എന്നിവരുടെ സംഭാവനകളെകുറിച്ച് അതാതു മേഖലയിലെ പ്രഗത്ഭർക്കുപോലും പരിപൂർണ്ണജ്ഞാനമില്ല. ഇന്നത്തെ ബിരുദ ബിരുദാനന്തരകോഴ്സിന്റെ സിലബസിൽപോലും ഇന്ത്യൻ സിദ്ധാന്തങ്ങൾ വേണ്ടത്ര കാണാൻ കഴിയില്ല.

## Methodology of Sanskrit Learning

ഇപ്പോൾ പ്രാചീന ഇന്ത്യക്കാരുടെ വിലമതിക്കാനാവാത്ത സംഭാവനകളെ വ്യാഖ്യാനിക്കുന്നതിനായി ചിലർ ബോധവാന്മാരാകുന്നു. ഭാവിയിൽ ആരാണോ ഏതെങ്കിലും വിജ്ഞാനമേഖലയിൽ ഉപരിപഠനത്തിലും ഗവേഷണത്തിലും തുടരുന്നത് അവർ തീർച്ചയായും ആ വിഭാഗത്തിലെ പ്രാചിനേന്ത്യക്കാരുടെ സംഭാവനകളുടെ സാരാംശത്തെ കുറിച്ച് അറിഞ്ഞിരിക്കണം. ഇത് സാദ്ധ്യമാകുക ഹസ്തലിഖിത ങ്ങളിലൂടെ മാത്രമാണ്. 16-ാം നൂറ്റാണ്ടുമുതലുള്ള ഹസ്തലിഖിതങ്ങൾ കേടുപാടുകൾ കൂടാതെ കിട്ടുന്നുണ്ടെങ്കിലും, പലതും മുമ്പേ ഉള്ളവയുടെ പകർപ്പുകളായിരുന്നു.ഭാസൻ, കാളിദാസൻ, പാണിനി എന്നിവരുടെ കൃതികളും പുരാണങ്ങളും ഇതിനുദാഹരണങ്ങളാണ്.

ഇന്നു ലഭ്യമാകുന്ന പല ഹസ്തലിഖിതങ്ങളും മൈക്രോസ്കോപ്പിന്റെ സഹായ ത്തോടെ മാത്രമേ വായിക്കാൻ കഴിയുകയുള്ളു. ഇപ്പോൾ കണ്ടെടുത്ത കൃതികൾക്ക് മാർഗ്ഗദർശനം നല്കുന്നതിന് കഴിയുന്ന പാണിനി, ഭർത്തൃഹരി, ആര്യഭട്ടൻ, കണാദൻ, ഭാസക്രാചാര്യൻ, കൗടില്യൻ, സുശ്രുതൻ, ചരകൻ തുടങ്ങിയവരുടെ സാങ്കേതികവിഷയങ്ങൾക്കു സമാനമായ കൃതികൾ പലതും ഹസ്തലിഖിതക്കെട്ടുകളിൽ പ്രകാശം കാണാതെ കിടക്കുകയാണ്. കലാവിഷയങ്ങളുടെ സ്ഥിതിയും ഇതിൽനിന്നു ഭിന്നമല്ല .

ഇന്ത്യയിൽ ഹസ്തലിഖിതശാസ്ത്രം സാഹിത്യം, കല, സംസ്കാരം എന്നിവയെ മാത്രമല്ല ഉൾക്കൊണ്ടു മുന്നോട്ടു നയിക്കുന്നത് മറിച്ച് ശാസ്ത്രവും സാങ്കേതികതയും അതിലുൾപെടുന്നു. തത്ത്വശാസ്ത്രപരമായ/ ദാർശനികസാഹിത്യമടങ്ങിയ ഹസ്തലിഖിതങ്ങൾ ഈ നിഗൂഢമായ പ്രപഞ്ചത്തിന്റെയും മനുഷ്യജീവിതത്തിന്റെയും യാഥാർത്ഥ്യങ്ങൾ കണ്ടുപിടിക്കുന്നതിന് സഹായിക്കുന്നു. കലാസൗന്ദര്യത്തിൽ താല്പര്യമുള്ളവരെ തൃപ്തിപ്പെടുത്തുന്ന തരത്തിൽ സുകുമാര കലകളിൽ ധാരാളം ഹസ്തലിഖിതങ്ങളുണ്ട്. ആത്മീയതയിൽ താല്പര്യമുള്ളവർക്ക് അത്തരത്തിലുള്ള ഹസ്ത ലിഖിതങ്ങളും ലഭ്യമാണ്. ചരിത്രം, ഭൂമിശാസ്ത്രം, സാമൂഹികവിജ്ഞാനം, യുദ്ധം എന്നീ വിഷയങ്ങളിലുള്ള ധാരാളം ഹസ്തലിഖിതങ്ങളുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ഇന്ത്യയിൽ ഒരു ഹസ്തലിഖിതശാസ്ത്രത്തിലൂടെ വിജ്ഞാന ത്തിന്റെ അമൂല്യമേഖലകളിൽ വ്യാപരിക്കുന്നതിനും അതിലൂടെ ഏതു വിഭാഗത്തിലേയും വിജ്ഞാനദാഹമകറ്റുന്നതിനും സാധിക്കുന്നു.

## Language and Script

ഭാഷയും ലിപിയും

ഭാഷ എന്നത് വാക്കുകൊണ്ടുള്ള ആശയ വിനിമയ സമ്പ്രദായമാണ്. ഭാഷയുടെ വാഗ്വിശേഷത്തെ മറ്റൊരു സ്ഥലത്ത്, മറ്റൊരു സമയത്ത് പുനരാവിഷ്കരണം നടത്തുന്നത് പ്രായോഗികതയില്ല. സംഭാഷണങ്ങൾ അതു നടക്കുന്ന അടുത്ത പ്രദേശങ്ങളിൽ മാത്രമേ കേൾക്കുന്നുള്ളു. ആധുനിക ഉപകരണങ്ങളായ ടെലിഫോൺ, റേഡിയോ, ഓഡിയോ കാസറ്റസ് എന്നിവയുടെ അഭാവത്തിൽ പ്രാചീനകാലത്ത് ആശയങ്ങളെ ഭാവിയിലേക്കുവേണ്ടി ഭാഷയിലൂടെ സംരക്ഷിക്കുന്നതിനോ മറ്റു പ്രദേശങ്ങളിലെ ജനങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനോ കഴിഞ്ഞിരുന്നില്ല.

ഈയൊരു പ്രതിസന്ധിഘട്ടത്തിൽ എഴുത്ത് കണ്ടുപിടിക്കുക എന്നത് അത്യാവശ്യ മായിത്തീരുകയും ഓരോ അക്ഷരങ്ങളേയും വാക്കുകളേയും മറ്റും കുറിക്കുന്നതിന് ചിഹ്നങ്ങൾ ഉപയോഗിക്കുകയും ചെയ്തു. ഭാഷയുടെ ഇത്തരം ദൃശ്യചിഹ്നങ്ങൾ ലിപി (കൈപ്പട - script) എന്ന ഒരു സമ്പ്രദായത്തെ രൂപവല്ക്കരിച്ചു. സ്വര-വ്യഞ്ജനഅക്ഷരമാല, ആശയലിപി എന്നിവ ഇതിന്റെ ഘടകങ്ങളാണ്. പ്രാചീന ലിപികളെക്കുറിച്ചുള്ള അറിവ് ഹസ്തലിഖിതശാസ്ത്രത്തിന് അത്യാവശ്യമാണ്. ലിപികളെക്കുറിച്ചുള്ള പഠനം പുരാതനലിപിവിജ്ഞാന (Paliography)ത്തിലാണ് പെടുന്നതെങ്കിലും ഒരു ഹസത്‌ലിഖിതശാസ്ത്രകാരന് ഹസത്‌ലിഖിതങ്ങൾ വായിക്കുന്നതിനും സമ്പാദനം (editing) ചെയ്യുന്നതിനും അതിൽ അത്യധികമായ കഴിവ് അത്യാവശ്യമാണ്. പല കാലഘട്ടത്തിലേയും പല പ്രദേശങ്ങളിലേയും ലിപികളിലെ വ്യത്യാസ ങ്ങൾ പോലും ഹസ്തലിഖിതശാസ്ത്രകാരൻ അറിഞ്ഞിരിക്കണം.

ഹാരപ്പ, മോഹഞ്ചോദാരോ എന്നിവിടങ്ങളിൽനിന്നു കിട്ടിയ മുദ്രകളിൽ നിന്നും ഇന്ത്യക്കാർക്ക് വളരെക്കാലം മുമ്പുതന്നെ എഴുത്ത് അറിയാമായിരുന്നു എന്നു മനസ്സിലാക്കാം. സിന്ധുനദീതടസംസ്കാരത്തിന്റെ കാലഘട്ടം 4000-3000 ബി. സി. ക്കിടയിലാണെന്നു കരുതപ്പെടുന്നു. എങ്കിലും എല്ലാവരാലും അംഗീകരിക്കപ്പെടുന്ന സിന്ധുനദീതട സംസ്കാരത്തിന്റെ ലിപി ഇനിയും വരാനിരിക്കുന്നതേയുള്ളു.

കണ്ടുകിട്ടിയതിൽവച്ച് ഏറ്റവും പ്രാചീനമായ ഇന്ത്യൻ ലിപി ബ്രാഹ്മി ലിപിയാണ്. ഇതിന്റെ തുടക്കം ബി. സി. ഏഴാം നൂറ്റാണ്ടാണ്. അടുത്ത ലിപി ഖരോഷ്ഠി. തുടക്കം ബി. സി. അഞ്ചാം നൂറ്റാണ്ടാണ്.

## Kharoshti Script

ഖരോഷ്ഠി ലിപി

ഖരോഷ്ഠി ലിപി - ബാക്ട്രിയൻ, ഇൻഡോ-ബാക്ട്രിയൻ, ആര്യൻ, ബാക്ട്രോപാലി, കാബൂളിയൻ, ഖരോട്ടി എന്നിങ്ങനേയും അറിയപ്പെടുന്നു. ബ്രാഹ്മി ലിപി വ്യാപിച്ചു കിടക്കുന്ന ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻഭാഗങ്ങളിലും മദ്ധ്യേഷ്യയെ തൊട്ടുകിടക്കുന്ന പ്രദേശങ്ങളിലും ഖരോഷ്ഠി ലിപി ഉപയോഗിക്കുന്നത് കർശനമായി നിരോധിച്ചിരുന്നു.

എ. ഡി. നാലാം നൂറ്റാണ്ടുവരെ ഖരോഷ്ഠി ലിപി നിലനിന്നു. ഖരോഷ്ഠി ലിപിയിൽ കണ്ടെടുത്ത ഏറ്റവും പഴക്കമുള്ള ശിലാലിഖിതങ്ങൾ - ഷഹ്ബ സഗർഹി, മാൻസേഹ്റ എന്നീ പ്രദേശങ്ങളുടെ സമീപത്തു നിന്നും കിട്ടിയ അശോകന്റെ പാറയിലെ ലിഖിതങ്ങളാണ്. ഖരോഷ്ഠി ലിപിയിലുള്ള ഹസ്തലിഖിതങ്ങൾ/താളിയോലകൾ എ. ഡി. രണ്ടാം നൂറ്റാണ്ടിലാണ് കണ്ടെടുക്കപ്പെട്ടിട്ടുള്ളത്. ഖോട്ടാനിൽ നിന്നും ഖരോഷ്ഠിലിപിയിലുള്ള പ്രാചീന താളിയോല എ. ഡി.രണ്ടാം നൂറ്റാണ്ടിൽ കണ്ടെടുത്തു.

* ഖരോഷ്ഠി ലിപി വലത്തുനിന്നും ഇടത്തോട്ടാണ് എഴുതുന്നത ്.

## Brahmi Script

ബ്രാഹ്മി ലിപി

ഉറുദു പോലെയുള്ള ചില ഭാഷകളുടേതൊഴിച്ച് എല്ലാ ഇന്ത്യൻ ഭാഷകളുടേയും ലിപി ബ്രാഹ്മിലിപിയിൽ നിന്നു വളർന്നു വന്നതാണ്. പ്രാചീന ജൈനകൃതികളായ സമവായംഗസുത്തം(ബി. സി. 300), പണ്ണവണാസുത്തം (ബി. സി. 168) എന്നിവയിൽ ബ്രാഹ്മിലിപിയെ ബംഭി എന്നാണ് പരാമർശിക്കുന്നത്. സൃഷ്ടികർത്താവായ ബ്രഹ്മാവുതന്നെയാണ് എഴുത്തും കണ്ടു പിടിച്ചത് എന്ന നിലയ ്ക്കാണ് ബ്രാഹ്മി എന്ന പേര് ഈ ലിപിക്കുവന്നത്.

ബി. സി. അഞ്ചാം നൂറ്റാണ്ടിൽ ഉത്തർപ്രദേശിലെ ബസ്തി ജില്ലയിൽനിന്നും കണ്ടെടുത്ത പിപ്പരഹ്വ ബൗദ്ധന്മാരുടെ ശിലാലിഖിതങ്ങളും, രാജസ്ഥാനിലെ അജ്മീറിൽ നിന്നും കടെുത്ത ബാഡ്‌ലി ശിലാലിഖിതങ്ങളും - ബ്രാഹ്മി ലിപിയിലാണ് എഴുതിയിട്ടുള്ളത്. ഇവ രണ്ടും പ്രാചീന ശിലാലിഖിതങ്ങളാണ്.

ബ്രാഹ്മി ലിപി ഇടത്തുനിന്നും വലത്തോട്ടാണ് എഴുതുന്നത്. ബ്രാഹ്മിലിപിക്ക് അശോകന്റെ കാലഘട്ടത്തിൽ പ്രാദേശികഭേദങ്ങളുായിരുന്നു. ഇത്തരം പ്രാദേശികഭേദങ്ങൾ പ്രധാനമായും രണ്ടുതരത്തിൽ തിരിക്കാം - ദക്ഷിണലിപി, ഉത്തരലിപി.

## Southern Brahmi

ഡെക്കാനിലും ദക്ഷിണ ദേശങ്ങളിലും കാണുന്ന ബ്രാഹ്മിഭേദങ്ങൾ ദക്ഷിണ ബ്രാഹ്മിയിൽപെടുന്നു.

## Deccan variety - ഡക്കാൻ വൈവിദ്ധ്യം

ഇത് ആന്ധ്ര ലിപി എന്നുമറിയപ്പെടുന്നു. കാലയളവ് ബി. സി. 2-ാം നൂറ്റാണ്ടുമുതൽ എ. ഡി. 1-ാം നൂറ്റാണ്ടുവരെയാണ്. ഈ ലിപി പ്രചാരത്തിലുണ്ടായിരുന്നത് ഡെക്കാനിലും ആന്ധ്രയിലെ കൂടുതൽ ഭാഗങ്ങളിലുമാണ്. നാനാഘട്ട്, നാസിക്, പിത്തൽഖോര എന്നിവിടങ്ങളിലെ ഗുഹാശിലാലിഖിതങ്ങളിൽ ഈ ലിപിയാണ് ഉപയോഗിച്ചിരിക്കുന്നത്. ശാതവാഹനന്മാരും പല്ലവന്മാരും ഉപയോഗിച്ച ലിപിയും ഇതാണ ്.

## Dravidi variety ദ്രാവിഡി വൈവിദ്ധ്യം

ഇതിന്റെ ഉപവിഭാഗങ്ങൾ - കലിംഗ വൈവിദ്ധ്യം(Kalinga variety) (ഉത്തരദ്രാവിഡി - Northern Dravidi), തമിഴ് ഗുഹാ ബ്രാഹ്മി (Tamil Cave Brahmi) (ദക്ഷിണ ദ്രാവിഡി Southern Dravidi) എന്നിവയാണ്. ദക്ഷിണദ്രാവിഡിയുടെ കാലയളവ് ബി. സി. മൂന്നാം നൂറ്റാണ്ടുമുതൽ എ. ഡി. ഒന്നാം നൂറ്റാണ്ടുവരെയാണ്. തമിഴ്നാട്ടിലെ പല പ്രദേശങ്ങളിൽനിന്നും ഈ ലിപി കണ്ടെടുത്തിട്ടുണ്ട്. കേരളത്തിലെ വയനാട് ജില്ലയിലെ ഇടയ്ക്കൽ ഗുഹയിലെ ലിപിയും ഇതാണ്. Diringer കലിംഗരാജ്യം ഏതെന്നു നിർവ്വചിക്കുന്നു -
വടക്ക് - മഹാനദി, തെക്ക് - ഗോദാവരി, കിഴക്ക് - പർവ്വതനിരകൾ, പടിഞ്ഞാറ് - അറബിക്കടൽ എന്നീ അതിർത്തികൾക്കുള്ളിലുള്ളത്.

പ്രോട്ടോ- തെലുഗു- കന്നഡ ലിപി, ഡെക്കാൻ എന്നിവ പ്രാചീന കലിംഗലിപി കളിൽനിന്നും വികസിച്ചു വന്നതാണ്. തെലുങ്ക്, കന്നഡ ലിപികളുടെ തുടക്കം പ്രോട്ടോ- തെലുഗു- കന്നഡ ലിപിയിൽനിന്നാണ്.

വട്ടെഴുത്ത്, തമിഴ്ലിപി, ഗ്രന്ഥലിപി എന്നിവ ദക്ഷിണദ്രാവിഡിയിൽ നിന്നും വളർന്നു വന്നവയാണ്. തമിഴ്ഭാഷയുടെ എഴുത്ത് സമ്പ്രദായം വട്ടെഴുത്തിലൂടെയാണ്. മലയാളം പ്രത്യേകഭാഷയായി മാറിയപ്പോഴും അതെഴുതാൻ വട്ടെഴുത്താണ് ഉപയോഗിച്ചിരുന്നത്. കോലെഴുത്ത്, മലയാണ്മ എന്നിവ കേരളത്തിൽ കണ്ടെടുക്കപ്പെട്ടിട്ടുള്ള വട്ടെഴുത്തിന്റെ പ്രാദേശികഭേദങ്ങളാണ്. വട്ടെഴുത്തു കൂടാതെ തമിഴ്ലിപിയും ആദ്യകാലത്ത് തമിഴ്ഭാഷ എഴുതാനുപയോഗിച്ചിരുന്നു. തമിഴ്ലിപിയും വട്ടെഴുത്തും ഒരുമിച്ചു നിലനിന്നിരുന്നുവെങ്കിലും വട്ടെഴുത്താണ് കൂടുതൽ പ്രാചീനമായത്. ഇപ്പോഴത്തെ തമിഴ്ലിപി പ്രാചീന തമിഴ്ലിപിയിൽ നിന്നും വികസിച്ചു വന്നതാണ്. വട്ടെഴുത്ത് ഇപ്പോൾ നിലനിൽക്കുന്നില്ല.

തമിഴ്നാടു മുഴുവനും കേരളത്തിലെ ചില പ്രദേശങ്ങളിലും കർണ്ണാടകത്തിലെ തുളുനാടു പ്രദേശങ്ങളിലും സംസ്കൃതഭാഷ എഴുതാൻ ഉപയോഗിച്ചിരുന്നത് ഗ്രന്ഥലിപിയാണ്. മലബാർ വൈവിദ്ധ്യത്തിലുള്ള ഗ്രന്ഥലിപി (ആര്യ എഴുത്ത്)യുമായി ചേർന്നിരിക്കുന്നതാണ് ആധുനിക മലയാള ലിപി. ഒരിക്കൽ കേരളത്തിലെ കാസർഗോഡ് ജില്ലയിലും കർണ്ണാടകയിലെ തുളുനാടിനോടു തൊട്ടുകിടക്കുന്ന പ്രദേശങ്ങളിലുമുപയോഗിച്ചിരുന്ന തിഗളാരിലിപി ഗ്രന്ഥലിപിയിൽ നിന്നും വികസിച്ചു വന്നതാണെന്നു കരുതുന്നു. തെക്കു-കിഴക്ക് ഏഷ്യൻ രാജ്യങ്ങളായ ശ്രീലങ്ക, മാലിദ്വീപ്, മ്യാൻമാർ, കമ്പോഡിയ, സിയാം, ഇൻഡോനേഷ്യ എന്നിവിടങ്ങളിലെ എഴുത്തു സമ്പ്രദായത്തിന്റെ ഉദ്ഭവം ഗ്രന്ഥലിപിയിൽ നിന്നാണ്.

## Northern Brahmi ഉത്തരബ്രാഹ്മി

ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഡെക്കാനു വടക്കു ഭാഗത്തായി നിലനിൽക്കുന്ന ലിപിയാണിത്. ബ്രാഹ്മിലിപിയുടെ വളർച്ച അശോകന്റെ കാലത്തു തുടങ്ങി പില്ക്കാല മൗര്യന്മാരുടെ കാലഘട്ടത്തിലൂടെ ഗുപ്തകാലഘട്ടംവരെ നീണ്ടുനില്ക്കുന്നു. ഗുപ്തകാലഘട്ടത്ത ിലെ നവീന ഇൻഡോ- ആര്യൻ ഭാഷകൾ വികസിച്ചു വന്നത് ബ്രാഹ്മി ലിപിയിൽ നിന്നാണ്. ഗുപത്കാലഘട്ടത്തിലെ ബ്രാഹ്മിലിപി മിക്കവാറും അറിയപ്പെട്ടിരുന്നത് ഗുപ്ത ലിപി എന്നാണ്.

മദ്ധ്യേഷ്യൻ ലിപികളായ ആഗ്നിയൻ, കുച്ചിയൻ, ഖോട്ടാനീസ് എന്നിവയും, ഇന്ത്യൻ ഭാഷാലിപികളായ ശാരദാ, നാഗ്രി, ലാൺഡ, ഗുരുമുഖി എന്നിവയും ഗുപ്തലിപിയുടെ പശ്ചിമ(പടിഞ്ഞാറൻ) വൈവിദ്ധ്യത്തിൽ നിന്നാണ് ഉടലെടുത്തിരിക്കുന്നത്. ടിബറ്റൻ ലിപി, ഖോട്ടാനീസ ്, സിദ്ധമാതൃക എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുപോലെ ഗുരുമുഖിക്ക് ലാൺഡയുമായി മാത്രമല്ല ദേവനാഗരിയുമായും സാമ്യമുണ്ട്.

## Eastern variety of Gupta Script

ഗുപ്തലിപിയുടെ പൗരസ്ത്യ വൈവിദ്ധ്യം

ഇതിന് രണ്ട് ഉപവിഭാഗങ്ങളാണുള്ളത്-പടിഞ്ഞാറൻ(പാശ്ചാത്യം), കിഴക്കൻ (പൗരസ്ത്യം)

പടിഞ്ഞാറൻ (പാശ്ചാത്യം)

പടിഞ്ഞാറൻ വൈവിദ്ധ്യം സിദ്ധമാതൃകയായി വികസിച്ചു. കൈഥി, കുടിലലിപി എന്നിവ സിദ്ധമാതൃക യിൽനിന്നും വികസിച്ചു. ബിഹാറി ലിപി കായസ്ഥസമുദായമാണ് ഉപയോഗിച്ചിരുന്നത്. ഭോജ്പുരിലിപിയുടെ ഉദ്ഭവം കൈഥി ലിപിയിൽനിന്നാണ്. നാഗരീലിപിയുടെ ഉദ്ഭവം കുടില ലിപിയിൽനിന്നാണ്.

കിഴക്കൻ (പൗരസ്ത്യം)

നാഗരീലിപി - കിഴക്കൻ (പൂർവ്വനാഗരി), പടിഞ്ഞാറൻ (അർദ്ധനാഗരി), മദ്ധ്യമൻ (ദേവനാഗരി), തെക്കൻ (നന്ദിനാഗരി) എന്നിങ്ങനെ നാലായി തിരിക്കുന്നു.

നാഗരീലിപി വീണ്ടും രണ്ടു തരത്തിൽ - വടക്കൻ (ദേവനാഗരി ലിപി), തെക്കൻ (നന്ദി നാഗരി ലിപി). രാജസ്ഥാനി, മഹാജനി, ഗുജറാത്തി എന്നിവ ദേവനാഗരിയുമായി ബന്ധപ്പെട്ടിരിക്കുന്നു. മറാത്തി ഭാഷയുടെ ലിപിയായ മോഡി നന്ദിനാഗരിയും, ദേവനാഗരിയുമായി അഭേദ്യ ബന്ധം പുലർത്തുന്നു.

തെക്കൻ വൈവിദ്ധ്യമായ നന്ദിനാഗരി മൈസൂരിലും അതിനടുത്തുള്ള പ്രദേശങ്ങളിലും നിലനിൽക്കുന്നു. നേവാരി (നേപ്പാളി) ലിപിയും, പുരാതന ബംഗാളിലിപിയും പ്രോട്ടോ-ബംഗാളിയിൽ നിന്നും ഉദ്ഭവിച്ചതാണ്. പ്രോട്ടോ- ബംഗാളി ഗുപ്തലിപിയുടെ പൗരസ്ത്യ വൈവിദ്ധ്യത്തിൽ നിന്നും വികസിച്ചു വന്നതാണ്. അസാമീസ്, ഒറിയ , മൈഥിലി, മണിപ്പൂരി, ആധുനിക ബംഗാളി ലിപികൾ -പുരാതന ബംഗാളി ലിപിയിൽ നിന്നും വികസിച്ചു വന്നവയാണ്.

സൗരാഷ്ട്രിയൻ ഭാഷയുടെ ലിപിയും ഉത്തര ബ്രാഹ്മിയുടെ ഒരു അങ്കുരമാണ്.

(സൗരാഷ്ട്രിയൻ ഭാഷ- തമിഴ്നാട്ടിലെ മധുര, വിരുദുനഗർ, സേലം എന്നീ പ്രദേശങ്ങളിലെ സൗരാഷ്ട്രിയൻ വിഭാഗക്കാർ സംസാരിക്കുന്ന ഭാഷ).

വായിച്ചെടുക്കാൻ കഴിഞ്ഞ ലിപികളെ കുറിച്ചുള്ള പഠനത്തിൽ, ഇന്ത്യയിൽ കണ്ടെടുത്ത പുരാതന ശിലാലിഖിതങ്ങളിൽ ബ്രാഹ്മിലിപിയാണ് ആദ്യം കടന്നു വരുന്നത്. പുരാതനബ്രാഹ്മി ശിലാലിഖിതങ്ങളുടെ കാലം ബി. സി. അഞ്ചാം നൂറ്റാണ്ടിനും മുമ്പാണ്. ഖരോഷ്ഠി ലിപിയാണ് അടുത്തത്. ഇതിലെ ശിലാലിഖിതങ്ങൾ ബി.സി. മൂന്നാം നൂറ്റാണ്ടോടുകൂടി കണ്ടെടുത്തു.

പുരാതന ശിലാലിഖിതങ്ങളിലെ ഭാഷ പ്രാകൃതമായിരുന്നു. ആധുനിക ഇന്ത്യൻ ഭാഷകളിൽ തമിഴിനാണ് പുരാതനശിലാലിഖിതങ്ങളുള്ളത്. തമിഴ്ഭാഷയ്ക്കുപയോഗിച്ചിരുന്ന ലിപി തമിഴ് ഗുഹാ ബ്രാഹ്മി ലിപിയാണ്. ഇതു നിലനിന്നത് ബി. സി. രണ്ടാം നൂറ്റാണ്ടു മുതൽ എ. ഡി. മൂന്നാം നൂറ്റാണ്ടുവരെയാണ്. തമിഴ്ഭാഷയുടെ ലിപിയായ വട്ടെഴുത്താണ് അടുത്തതായി ശിലാലിഖിതങ്ങളിൽ കാണുന്നത്.

മഹാലിംഗത്തിന്റെ അഭിപ്രായത്തിൽ തിരുനാതർകുന്നിൽ കണ്ടെടുത്ത ശവകുടീരത്തിലെ ലിപിയാണ് പുരാതന വട്ടെഴുത്ത്. ബൂഹ്ളറുടെ അഭിപ്രായത്തിൽ തമിഴ്ലിപിയുടെ ഉദ്ഭവം എ. ഡി. നാല്-അഞ്ച് നൂറ്റാണ്ടുകൾക്കിടയിലാണ്. മഹാലിംഗ ത്തിന്റെ അഭിപ്രായത്തിൽ തമിഴ് ലിപിയുടെ 2 ലേബലുകൾ എ. ഡി. ആറാം നൂറ്റാണ്ടിൽ തിരുച്ചിറപ്പള്ളിയിൽനിന്നും കണ്ടെടുത്തിട്ടുണ്ട്.

ഗ്രന്ഥലിപിയുടെ ഒരു ലേബൽ എ. ഡി. അഞ്ചാം നൂറ്റാണ്ടിൽ തിരുച്ചിറപ്പള്ളിയിൽനിന്നും കിട്ടിയെന്നും അദ്ദേഹം പറയുന്നു. പുരാതന തെലുങ്കു- കന്നഡ ലിപികളിലുള്ള ശിലാലിഖിതങ്ങൾ എ. ഡി. അഞ്ചാം നൂറ്റാണ്ടു മുതൽ കണ്ടെടുത്തിട്ടുണ്ട്. നവീന ഇൻഡോ-ആര്യൻ ഭാഷാലിപികളിലെ ശിലാലിഖിതങ്ങൾ എ. ഡി. പത്താം നൂറ്റാണ്ടു മുതൽ കണ്ടെടുത്തു.

## Manuscript Characteristics

ഹസ്തലിഖിത സവിശേഷതകൾ

ഏതെങ്കിലുമൊരു കൃതി ഒരു പകർത്തിയെഴുത്തുകാരൻ എഴുതാനുള്ള വസ്തുവിലേക്ക് പകർത്തിയെഴുതിയാൽ അതിനെ ഹസ്തലിഖിതം (Manuscript) എന്നു പറയുന്നു. കൃതി ഏതു ഭാഷ യിൽ എഴുതാനുള്ളതിൽ എഴുതിയാലും അത് പകർത്തുന്നയാളെ പകർത്തിയെഴുത്തുകാരൻ (Scribe)എന്നു പറയുന്നു. പനയോല ഹസ്തലിഖിതത്തിന്റെ ഒരു ഓലയെ താള്/താൾ/Folio എന്നു പറയുന്നു.

കൃതി താളിന്റെ/ഫോളിയോയുടെ രണ്ടു ഭാഗത്തുമെഴുതുന്നു. ഒരു കൃതി മുഴുവനായുമെഴുതിയ ഹസ്തലി ഖിതരൂപത്തെ ഗ്രന്ഥം (Grantha) എന്നു പറയുന്നു. ഗ്രന്ഥത്തിന്റെ ഓരോ താളും തുടർച്ചയായ ക്രമത്തിലാണ് ക്രമീകരിക്കുന്നത്.

പകർത്തിയെഴുതിയ ഓരോ താളും ഒന്നിനു മുകളിൽ മറ്റൊന്ന് എന്ന രീതിയിൽ ക്രമീകരിക്കുന്നു. ഗ്രന്ഥ ത്താളുകൾ സൂക്ഷിക്കാൻ പനയോലകളുടെ മുകളിൽ (നടുക്ക്) രണ്ടു ദ്വാരമിടുന്നു. നീളമുള്ള കോട്ടണോ, സിൽക്കോ നൂല് ആ ദ്വാരങ്ങളിലൂടെ കടത്തി അതിനെ കെട്ടുന്നു.

വലിയ ഹസ്തലിഖിതങ്ങളാണെങ്കിൽ മരത്തിന്റെ ഉരുണ്ടാകൃതിയിലുള്ള കോല്/ദണ്ഡ് ദ്വാരങ്ങളിലൂടെ കടത്തി ഉപയോഗിക്കുന്നു. ഈ കോലിന്റെ നീളം താളിയോലക്കെട്ടിനേക്കാൾ കൂടുതലായിരിക്കും. താളിയോ ലകളുടെ നീളവും വീതിയും അവയുടെ വ്യതിയാനങ്ങൾ കാണിക്കുകയും ആ കൃതിയുടെ വലുപ്പത്തെ ആശ്രയിച്ചിരിക്കുകയും ചെയ്യുന്നു. സാമാന്യമായി പറഞ്ഞാൽ വലിയ താള ിേ യാല ക ൾക്ക് നീളവും വീതിയും കൂടിയ താളു കളായിരിക്കും. ചെറിയ താളിയോലകൾക്ക് ചെറുതുമായിരിക്കും.

ഒരു താളിയോലയുടെ താളിന്റെ വരികൾ മറ്റൊരു താളിയോലയുടെ താളിന്റെ വരികൾ കണ്ടെ ത്താൻ ആവശ്യമില്ല. ഒരു താളിയോലയുടെ/ഗ്രന്ഥത്തിന്റെ വലുപ്പം കണക്കാക്കുന്നതിനുള്ള അളവുകോൽ (Unit of measurement) ഗ്രന്ഥസംഖ്യ (number of Granthas) ആകുന്നു.

ഒരു ഗ്രന്ഥയൂണിറ്റിൽ 32 അക്ഷരങ്ങളുണ്ടാകും. ഗ്രന്ഥസംഖ്യ താഴെ പറയും പ്രകാരം കണക്കാക്കാം - താളുകളുടെ എണ്ണം * വരികളുടെ എണ്ണം * അക്ഷരങ്ങളുടെ എണ്ണം * 2 ഇവിടെ പറഞ്ഞ വരികളുടെ എണ്ണവും അക്ഷരങ്ങളുടെ എണ്ണവും ഓലയുടെ ഒരു പുറത്തുള്ളതാണ് സൂചിപ്പിച്ചത്. ഈ കണക്കുകൂട്ടലിന്റെ അടിസ്ഥാനതത്ത്വം എന്നത് ഒറ്റ കൃതികളുടെ ഓരോ താളിലേയും വരികളുടെ എണ്ണം മിക്കവാറും തുല്യമായിരിക്കുമെന്നതാണ്. അതുപോലെ തന്നെയാണ് അക്ഷരങ്ങളുടെ എണ്ണവും. അതുകൊണ്ടുതന്നെ ഗ്രന്ഥസംഖ്യ മുകളിൽ പറഞ്ഞ പ്രകാരം കണ്ടു പിടിക്കാം.

പകർത്തിയെഴുതിയ താളുകളുടെ ഒരുമിച്ചുള്ള കൂട്ടം താളിയോലക്കെട്ട് (Manuscript bundle) എന്നു പറയുന്നു. ഇതിൽ ഒന്നോ അതിൽ കൂടുതലോ ഗ്രന്ഥങ്ങളുണ്ടായിരിക്കാം. ഇത്തരത്തിലുള്ള താളിയോലക്കെട്ട് പുരാതന ലിഖിതപുസ്തകം/ കൈയെഴുത്തു പ്രതി (Codex) എന്നറിയപ്പെടുന്നു. ഇത്തരം താളിയോലക്കെട്ടുകളെ Codices എന്നു വിളിക്കുന്നു. ബന്ധിപ്പിക്കാത്ത ചില താളുകൾ മറ്റു ചില കൃതികളുടെ താളിയോലകളുടെ കൂടെയോ, ഒറ്റയ്ക്കുള്ള താളായോ കാണാൻ കഴിയുന്നു - ഇത്തരത്തി ലുള്ളതിനെ ഒറ്റ തിരിഞ്ഞുള്ള താളുകൾ (stray folios) എന്നു വിളിക്കുന്നു.

ഓരോ താളിയോലക്കെട്ടും അതിന്റെ താളിന്റെ വലുപ്പമുള്ള ഒരു മരത്തിന്റെ ഫലകത്തിൽ വെക്കുന്നു. അതുപോലെത്തന്നെയുള്ള ഒരു ഫലകം ആ കെട്ടിനുമുകളിലും വെക്കുന്നു. താളുകൾപോലെത്തന്നെയുള്ള ഈ മരഫലകങ്ങളിലും ദ്വാരങ്ങളുണ്ടാക്കി താളുകൾ മരത്തിന്റെ കോലുവച്ച് അടുക്കി സൂക്ഷിക്കുന്നു. ഇവ ഉപയോഗിക്കുന്നത് താളിയോലകൾ സംരക്ഷിക്കുന്നതിനും നൂലിൽ കെട്ടുന്നതിനേക്കാൾ സൗകര്യത്തിനും വേണ്ടിയാണ്. ഈ ഫലകങ്ങൾ തേക്കിൻ തടി (teak-wood) പ്ലാവിൻതടി (jack-wood), വേപ്പിൻ തടി

(neem-wood) എന്നിവയിൽ നിർമ്മിക്കുന്നു. ഇത്തരം മരഫലകകഷ്ണങ്ങൾക്കു പകരം ചില കൊട്ടാരങ്ങളിൽ നിന്നു കണ്ടുകിട്ടിയ താളിയോലകളിൽ ആനക്കൊമ്പുപയോഗിച്ചതായി കാണാം. അവയിൽ പലതിലും മനോഹരചിത്രങ്ങൾ വരച്ചിരിക്കുകയും ചെയ്യുന്നു. ഇത്തരം ചിത്രങ്ങൾ കൃതിയും താളിയോലയും തമ്മിലുള്ള ബന്ധത്തെ വെളിവാക്കുന്നു. പേപ്പർ ഹസ്തലിഖിതങ്ങളിൽ മര ഫലകങ്ങൾക്കു പകരം പേപ്പറിന്റെ അതേ വലുപ്പത്തിലുള്ള കട്ടിയുള്ള കാർഡ്ബോർഡുകളാണ് പുറം ചട്ടയെ സംരക്ഷിക്കാനുപയോഗിച്ചിരുന്നത്. ഒരു താളിയോലഗ്രന്ഥം എഴുതേണ്ടത് ഒരേ ഭാഷയിലും ഒരേ ലിപിയുമാണെങ്കിലും അവിടെ ചില അപവാദങ്ങൾ കാണാൻ കഴിയും.

ചിലയിടങ്ങളിൽ ഒരേ കൃതി എഴുതുന്നതിന് ഒന്നിൽ കൂടുതൽ ഭാഷ ഉപയോഗിച്ചിരിക്കുന്നതായി കാണാം. ചില താളിയോലകളിൽ ഒരേ ഭാഷയാണുപയോഗിച്ചിരിക്കുന്നതെങ്കിലും അതെഴുതാൻ ഒന്നിൽ കൂടുതൽ ലിപികൾ ഉപയോഗിച്ചിരിക്കുന്നതായികാണാം.ഇന്ത്യയിലെ മിക്കവാറും പ്രാചീനതാളിയോലകൾ മുഴുവൻ സംസ്കൃത ഭാഷയിലാണ്. ഇത്തരം സംസ്കൃത താളിയോലകൾ ഇന്ത്യൻ ഭാഷകളുടെയെല്ലാം ലിപികളിൽ കാണാം. ഈ സംസ്കൃതതാളിയോലകളിൽ ഏറ്റവും കൂടുതലുള്ളത് ദേവനാഗരി ലിപിയിലാണ്. രണ്ടാം സ്ഥാനം ഗ്രന്ഥലിപിക്കാണ്. ദക്ഷിണേന്ത്യയിലെ മിക്കപ്രദേശങ്ങളിലും ഇപ്പോഴും സംസ്കൃതമെഴുതാൻ ഗ്രന്ഥലിപി ഉപയോഗിക്കുന്നുണ്ട്. നന്ദിനാഗരീലിപിയിലുള്ള മിക്ക താളിയോലകളും സംസ്കൃത ഭാഷയിലാണ് .

ഇന്ത്യയിലെ മിക്ക താളിയോലകളും എ. ഡി. പതിനഞ്ചാം നൂറ്റാണ്ടിനു ശേഷമാണ് കണ്ടെടുത്തതെങ്കിലും അവയിൽ പലതിന്റെയും ഉദ്ഭവം എ. ഡി. പത്താം നൂറ്റാണ്ടോടുകൂടിത്തന്നെ തുടങ്ങിയിരുന്നു. പത്താം നൂറ്റാണ്ടിനുമുമ്പും താളിയോലകൾ കണ്ടെടുത്തിരുന്നുവെങ്കിലും അവയുടെ എണ്ണം കുറവാണ്. കണ്ടെടുത്ത താളിയോലകളിൽ ഏറ്റവും പുരാതനമായ ഒന്നാണ് എ. ഡി. രണ്ടാം നൂറ്റാണ്ടിൽ കണ്ടെടുത്തത്. ഇതിലുപയോഗിച്ച ലിപി - ഖരോഷ്ഠിലിപിയും, ഭാഷ പ്രാകൃതവും ആണ്. ഈ താളിയോല ചൈനയിലെ ഖോട്ടാൻ (സിങ്കിയാങിന്റെ ഊയ്ഘൂർ പ്രദേശത്തെ ഒരു നഗരം) എന്ന സ്ഥലത്തുനിന്നാണ് കണ്ടെടുത്തത്.

രണ്ടാമത്തെ പുരാതനതാളിയോല - എ. ഡി. നാലാം നൂറ്റാണ്ടിൽ കണ്ടെടുത്തു, അതിലെ ലിപിയും ഖരോഷ്ഠി ലിപിയാണ്. ഇതു കണ്ടെടുത്തത് ചൈനയിലെ കാഷ്ഗറിൽനിന്നാണ്. (കാഷ്ഗർ - സിങ്കിയാങിന്റെ ഊയ്ഘൂർ പ്രദേശത്തെ തരീം നദീതടത്തിന്റെ പടിഞ്ഞാറേ അറ്റത്തുള്ള നഗരം)

എന്നാൽ പത്താം നൂറ്റാണ്ടിനുമുമ്പു കണ്ടെടുത്ത താളിയോലകളിൽ ചിലതു മാത്രമേ അതിജീവനത്തിന്റെ പാതയിൽ ശേഷിക്കുന്നുള്ളു. ഇന്ത്യയുടെ വടക്കേ ഭാഗങ്ങളെ അപേക്ഷിച്ച് തെക്കുഭാഗങ്ങളിൽ പുരാതന താളിയോലകൾ കുറച്ചുമാത്രമേ ശേഷിക്കുന്നുള്ളു. ഇതിനു കാരണം ചൂടും തണുപ്പും നിറഞ്ഞ ഈ പ്രദേശങ്ങളിലെ കാലാവസ്ഥയാണ്.

## Peculiar Manuscripts – അപൂർവ്വതാളിയോലകൾ

പകർത്തിയെഴുത്തുകാരന്റെ (Scribe) കലാപരമായ വാസനകളുടെ യഥാർത്ഥ സ്മാരകങ്ങളാണ് ചില താളിയോലകൾ. ചില താളിയോലകളിൽ ഉജ്ജ്വലമായ ചിത്രങ്ങൾ കാണാൻ കഴിയുന്നു. ധാരാളം താളിയോലശേഖരങ്ങളുള്ള ചില ഗ്രന്ഥലൈബ്രറികളിൽ ഇത്തരം കുറച്ചു താളിയോലകൾ കാണാം. ഇത്തരത്തിലുള്ള അപൂർവ്വ താളിയോലകൾ കണ്ടെടുത്ത ചില ഗ്രന്ഥലൈബ്രറികളെ താഴെ വിവരിക്കുന്നു -

Saraswati Mahal LIbrary, Thanjavoor.

Bhandarkar Oriental Research Institute, Pune.

Govt. Oriental Manuscripts Library, Chennai.

Orissa State Museum, Bhuvaneswar.

തിരുവനന്തപുരത്തെ ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് മാനുസ്ക്രിപ്റ്റ്സ് (ORI & MSs) ലൈബ്രറിയിലെ ശേഖരത്തിൽനിന്നും ഇത്തരത്തിലുള്ള ചില താളിയോലകൾ കണ്ടെടുത്തിട്ടുണ്ട്.

അവ -

1. ചിത്രരാമായണം ( നം. 12308)

2. ചിത്രഭാരതം (നം. 11828)

3. രൂപപ്രശ്നം (നം. 19949)

4. രാമായണചിത്രം (പെൻസിൽ സ്കെച്ചിലുള്ള തമിഴ്കൃതി - നം. 6650)

5. പ്രാസാദചിത്രം (കൈകൊണ്ടുണ്ടാക്കിയ പേപ്പറുകളിൽ ചിത്രം വരച്ചത് - നം. 12330)

സരസ്വതിമഹൽ ലൈബ്രറി തഞ്ചാവൂരിൽനിന്നും കണ്ടെടുത്ത വിവരണാത്മക താളിയോലകൾ/ഹസ്തലിഖിതങ്ങൾ -

1. ചിത്രരാമായണം (രാമായണത്തിലെ ആദ്യമൂന്നു കാണ്ഡങ്ങളായ ബാല-അയോദ്ധ്യാ- ആരണ്യകാണ്ഡങ്ങൾ) ഇവ പേപ്പറിൽ ചെറുചിത്രങ്ങളോടു കൂടിയ പെയിന്റിങ്ങാണ്.

2. പ്രബോധചന്ദ്രോദയം - ഈ കൃതിയിലെ കഥാപാത്രങ്ങളെ പെയിന്റിങ്ങിലൂടെ ചിത്രപ്പെടുത്തിയ പേപ്പർ ഹസ്തലിഖിതം.

3. ഗജശാസ്ത്രം - ഇതിൽ ആനകളുടെ വിവിധതരത്തിലുള്ള കളർചിത്രങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.

4. അശ്വശാസ്ത്രം - കുതിരകളുടെ വളരെ വിസ്തൃതമായ ചിത്രങ്ങളുൾക്കൊള്ളിച്ച കളർ ആൽബം.

പ്രൊഫ. എ. സി. സാരംഗി രേഖപ്പെടുത്തുന്നത് (Proceedings and Transactions of the All India Oriental Conference, 40th Session, 2002, ) ഭുവനേശ്വറിലെ ഒറീസാ സ്റ്റേറ്റ് മ്യൂസിയത്തിൽ 408 വിവരണാത്മക ഹസ്തലിഖിതങ്ങളുണ്ടെന്നാണ്.

തിരുവനന്തപുരത്തെ ORI & MSs ലൈബ്രറിയിൽ മറ്റു ചില അപൂർവ്വ ഹസ്തലിഖിതങ്ങളുണ്ട്. അവ -

1. പനയോലകൊണ്ടുതന്നെ ഒരു മാലയുണ്ടാക്കി അതിൽ അതുകൊണ്ടുതന്നെ 15 ജപമണികൾ ഉണ്ടാക്കുന്നു - ഇത് ദേവീമാഹാത്മ്യത്തിന്റെ 11-ാം അദ്ധ്യായത്തിന്റെ താളിയോലയാണ്.

* ഓരോ ജപമണിയും പനയോലകൊണ്ടുതന്നെ റിബണുണ്ടാക്കി കെട്ടുന്നു. അതിലാണ് അദ്ധ്യായം ആലേഖനം ചെയ്തിരിക്കുന്നത്.

* ഓരോ ജപമണിക്കും ഒരു രുദ്രാക്ഷത്തിന്റെ വലിപ്പമുണ്ട്.

* ഇത് സൂക്ഷിക്കുന്നത് കലാപരമായി ഒരു പ്രത്യേക ആകൃതിയിലുള്ള മരത്തിന്റെ പെട്ടിയിലാണ്. ആ പെട്ടിക്കുള്ളിലും ഏതെങ്കിലും കലകളുണ്ടായിരിക്കും.

2. മറ്റൊരു അപൂർവ്വ ഹസ്തലിഖിതം 'അക്ഷരപ്രശ്നം' (നം. 18936) ആണ്.

* ഒരു കോലിലേക്ക് പനയോലകളുടെ അറ്റം വരുന്ന വിധത്തിലാണ് ഇത് സ്ഥാപിക്കുന്നത്.

* ഈ ഓലകളെ മുമ്പോട്ടും പിന്നോട്ടും ചലിപ്പിക്കാൻ കഴിയുന്നു.

3 ചില ഹസ്തലിഖിതങ്ങളുടെ അക്ഷരങ്ങൾ വലിപ്പത്തിൽ ചെറു ചിത്രങ്ങളാണ്. മാരകപ്രകരണം (നം. 11247) (ORI & MSs Library, Tvpm) ഇതിനുദാഹരണമാണ്.

* ഈ കൃതിയിലെ അക്ഷരങ്ങൾ ഭൂതക്കണ്ണാടിയിലൂടെ മാത്രമേ കാണാൻ കഴിയുകയുള്ളൂ.

* ഇതിൽ ഒരു താളിന്റെ/ഫോളിയോയുടെ ഒരു ഭാഗത്തുതന്നെ 30ഓ അതിൽക്കൂടുതലോ വരികൾ ഉൾക്കൊള്ളിച്ചിരിക്കും.

* ഭൂതക്കണ്ണാടി വച്ചെഴുതിയ മറ്റൊരു കൃതി തഞ്ചാവൂരിലെ സരസ്വതി മഹൽ ലൈബ്രറിയിൽനിന്നും കണ്ടെടുത്തിട്ടുണ്ട്. അത് 'ശിവപഞ്ചരത്നശ്ലോകം' ആണ്.

* നേരിട്ടു നോക്കുമ്പോൾ ദേവനാഗരീലിപിയിലുള്ള ശ്ലോകമാണ് ഇതിൽ പ്രത്യക്ഷപ്പെടുന്നത്.

* എന്നാൽ ഭൂതക്കണ്ണാടിയിലൂടെ നോക്കുമ്പോൾ ഇതിലെ ഓരോ അക്ഷരങ്ങളും 'ശിവ' എന്ന വാക്കിനെ 100 തവണ ആവർത്തിച്ച് പ്രതിനിധാനം ചെയ്യുകയാണെന്നു കാണാം.

ചില കത്തുകൾ ഗ്രന്ഥവരികൾ തുടങ്ങിയ റെക്കോഡുകൾ പരിണാമക്രമം ചെയ്യാത്ത അസംസ്കൃത പനയോലകളിൽ എഴുതിയത് കണ്ടെടുത്തിട്ടുണ്ട്. ഇത്തരം ഹസ്തലിഖിതങ്ങളുടെ താളിന്റെ നീളം മൂന്നു മുതൽ നാല് അടിവരെയാണ്. പരിണാമക്രമം ചെയ്യാത്ത ഹസ്തലിഖിതങ്ങൾ വളരെക്കാലം സൂക്ഷിച്ചുവക്കുന്നതിന് സാധിക്കുകയില്ല. മുമ്പു പറഞ്ഞപോലെ, താളിയോല ഹസ്തലിഖിതങ്ങൾ വ്യത്യസ്ത വലുപ്പത്തിലുണ്ട്. തിരുവനന്തപുരത്തെ ORI & MSs Libraryയിൽ നിന്നും കണ്ടെടുത്ത പനയോലയിലുള്ള ഹസ്തലിഖിതത്തിന്റെ പരമാവധി നീളം 30 ഇഞ്ചാണ്.

ഉദാ - മഹാഭാരതം (നം. 19374), ജാതകഫലവിശേഷനിരൂപണം (നം. 19891).

ഈ ലൈബ്രറിയിൽനിന്നുതന്നെ കിട്ടിയ പനയോല ഹസ്തലിഖിതത്തിന്റെ പരമാവധി വീതി 2.75 ഇഞ്ചാണ്.

ഉദാ - ഭാഗവതസ്തോത്രസമുച്ചയം (നം. 20215). ഈ ലൈബ്രറിയിൽ നിന്നും കണ്ടെടുത്ത ഏറ്റവും വലിയ ഹസ്തലിഖിതം തമിഴ്കൃതിയായ 'കന്ദപുരാണം' (നം. 3883) ആണ്. ഇതിന് 611 താളുകളുണ്ട്.

* ഈ കെട്ട് 2 അടി നീളത്തിലും 2 അടി വീതിയിലുമാണ് ക്രമീകരിച്ചിരിക്കുന്നത്.
* എങ്കിലും ഈ ലൈബ്രറിയിലുള്ള പഞ്ചാംഗങ്ങളുടെ സമാഹാരങ്ങളിൽ ഒന്നിന് 1433 താളുകളും (നം.8270 - എ) മറ്റൊന്നിന് 1279 താളുകളും (നം.8270)ഉണ്ട്. ഇത് താളിയോല മടക്ക് (manuscript rolls) രൂപത്തിലാണ്.
* ഈ ലൈബ്രറിയിലെ ഏറ്റവും ചെറിയ ഹസ്തലിഖിതം ദേവീമാഹാത്മ്യത്തിന്റെ 11-ാം അദ്ധ്യായമാണ്.
* ഇതിന് 8 താളുകളും അവയ്ക്ക് 2 ഇഞ്ച് നീളവും 1 ഇഞ്ച് വീതിയുമേയുള്ളു.
* ശിവഗണേശമൂർത്തിയുടെ അഭിപ്രായത്തിൽ, മൈസൂരിലെ ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ സമാഹരണത്തിൽ ഏറ്റവും ചെറിയ പനയോല ഹസ്തലിഖിതത്തിന് 4 സെ. മീ. നീളവും 2 സെ. മീ. വീതിയുമേയുള്ളു.
* അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അവിടത്തെ ഏറ്റവും നീളം കൂടിയ പനയോല ഹസ്തലിഖിതത്തിന്റെ നീളം 120 സെ. മീ. ആണ്.

## Collection of Manuscripts

### ഹസ്തലിഖിതങ്ങളുടെ ശേഖരണം/സമാഹാരം

ഹസ്തലിഖിത ശാസ്ത്രകാരന്മാരുടെ പ്രധാന ജോലി എവിടെയാണോ ഹസ്തലിഖിതങ്ങൾ വേണ്ട രീതിയിൽ സംരക്ഷിക്കാൻ കഴിയാത്തത് അവിടെനിന്നും അതു ശേഖരിക്കുക എന്നതാണ്. അങ്ങനെ ചെയ്തില്ലെങ്കിൽ അവ എന്നെന്നേക്കുമായി നഷ്ടപ്പെടും. മിക്ക സ്വകാര്യ സമാഹാരങ്ങളും ഈ തരത്തിലാകുന്നു. പനയോല ഹസ്തലിഖിതങ്ങൾ (താളിയോലകൾ) ഇപ്പോഴും പഴയ പല തറവാടുകളിലും ആരാധനാലയങ്ങളിലും കാണാം. ചില സ്ഥലങ്ങളിൽ ഒഴിച്ച് ഇവയിൽ പലതും അരികുകൾ നശിച്ച് മുഴുവൻ നശിക്കുന്നതിലേക്കെത്തിയിരിക്കുന്നു. ഹസ്തലിഖിതങ്ങളുടെ സംരക്ഷണത്തിനും പണ്ഡിതലോകത്തിന് അവ ആവശ്യാനുസാരം ഉപയോഗിക്കുന്നതിനും അവ ലോകപ്രശസ്തമായ ഗ്രന്ഥപ്പുര (മാനുസ്ക്രിപ്റ്റ് ലൈബ്രറി)കളിൽ സൂക്ഷിക്കേതാണ്.

ഹസ്തലിഖിതസമാഹരണമെന്നത് ഒരു എളുപ്പമുള്ള ജോലിയല്ല. ഇത്തരം സമാഹരണത്തിനുള്ള നിയമങ്ങൾക്കും തുടർനടപടികൾക്കും ഐകരൂപ്യം വരുത്താൻ സാധിക്കുകയില്ല. കാരണം ഓരോ സാഹചര്യവും മറ്റേതിൽനിന്നും വ്യത്യസ്തമാണ്. ഹസ്തലിഖിതങ്ങൾ കണ്ടെടുക്കുന്ന പ്രദേശങ്ങളെ ഹസ്തലിഖിത ഇടങ്ങൾ (manuscript locations) എന്നു പറയുന്നു. ഹസ്തലിഖിതങ്ങളുടെ ഉടമസ്ഥന്മാരെ ഹസ്തലിഖിതസംരക്ഷകൻ/സൂക്ഷിപ്പുകാരൻ (manuscript custodian) എന്നു വിളിക്കുന്നു. ഹസ്തലിഖിത ഇടങ്ങളെ കണ്ടുപിടിക്കുകയും ഹസ്തലിഖിത സമാഹരണം നടത്തുകയും ചെയ്യുന്ന വ്യക്തിയെ ഹസ്തലിഖിത സമ്പാദകൻ (manuscript collector) എന്നു പറയുന്നു. ഹസ്തലിഖിത ഇടങ്ങളെക്കുറിച്ച് അറിവു നൽകുന്നവരെ അറിവുനൽകുന്നവർ (informers) എന്നു പറയുന്നു. അറിവുനൽകുന്നവർ എന്നത ് വളരെ വ്യാപകമായ അർത്ഥത്തിലാണ് പ്രയോഗിക്കുന്നത്. ഹസ്തലിഖിത സംരക്ഷകന് ഹസ്തലിഖിതസമ്പാദകനെ പരിചയപ്പെടുത്തി കൊടുക്കുന്നവരേയും ഇവർക്കിടയിൽ ബന്ധമുണ്ടാക്കുന്നതിന് പ്രവർത്തിക്കുന്നവരേയും 'അറിവുനൽകുന്നവർ' എന്നാണു പറയുന്നത്.

## History of Manuscript Collections - ഹസ്തലിഖിതസമാഹാരചരിത്രം

അച്ചടിക്കുമുമ്പും, അച്ചടിപുസ്തകങ്ങളുള്ള ലൈബ്രറികൾ സ്ഥാപിക്കപ്പെടുന്നതിനു മുമ്പും ഹസ്തലിഖിതങ്ങളാണ് അറിവ് പകർന്നതും അതിനെ ഉന്നതിയിലെത്തിച്ചതും. കൊട്ടാരങ്ങൾ, പ്രഭുമന്ദിരങ്ങൾ, അമ്പലങ്ങൾ, സന്ന്യാസിമഠങ്ങൾ എന്നിവിടങ്ങളിൽ ഹസ്തലിഖിതസമാഹാരം ധാരാളമുണ്ട്. ഇതുകൂടാതെ പുരോഹിതന്മാർ, പണ്ഡിതന്മാർ എന്നിവരുടെ പക്കലും ജ്യോതിഷം, വാസ്തു വിദ്യ, ഇന്ത്യൻ മെഡിസിൻ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവരുടെ പക്കലും ഹസ്തലിഖിതങ്ങൾ കാണാവുന്നതാണ്. പാശ്ചാത്യർക്ക് സംസകൃതഭാഷയുടെ പ്രാധാന്യവും അതിന് ഇൻഡോ- യൂറോപ്യൻ ഭാഷാ ഗോത്രത്തിലെ മറ്റു ഭാഷക ളുമായുള്ള ബന്ധവും മനസ്സിലാക്കുന്നതിന ്ഹസത്ലിഖിതങ്ങളിലൂടെ സാധിച്ചു. ഇത് അവർക്ക് സംസ്കൃത ഭാഷയെ കുറിച്ച് താല്പര്യപൂർവ്വം പഠിക്കുന്നതിനും അതിന്റെ ഫലമായി ഇന്ത്യൻ സംസ്കാരത്തെ കുറിച്ച റിയുന്നതിനും സാധിച്ചു.

ഇന്ത്യയിൽനിന്നും അപൂർവ്വമായിട്ടുള്ള ഹസ്തലിഖിതങ്ങൾ ശേഖരിക്കുന്നതിൽ ചില യൂറോപ്യൻ പണ്ഡിതന്മാരും ഇന്ത്യയിലുള്ള ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരും താല്പര്യം കാണിച്ചു. പ്രാചീന ഹസ്തലിഖിതങ്ങൾ ശേഖരിക്കുന്നതിൽ അവർ പ്രത്യേകതാത്പര്യം കാണിച്ചു. ബ്രിട്ടീഷ് സർക്കാർ അവർക്കു വേണ്ടതായ എല്ലാ പിന്തുണയും നല്കി. യൂറോപ്യന്മാർ ചില അപൂർവ്വ ഹസ്തലിഖിതങ്ങൾ സമാഹരിച്ച് സ്വദേശങ്ങളിലേക്കു കൊണ്ടുപോയി. ഇന്ത്യയിൽ സൂക്ഷിച്ചിരുന്ന ഇത്തരം അമൂല്യ ഹസ്തലിഖിതങ്ങൾ അവിടെ എത്തിച്ചതിലൂടെ ഇംഗ്ലണ്ടിൽ ഒരു പുത്തനുണർവ്വുണ്ടായി. അവിടത്തെ പണ്ഡിതന്മാർക്കും വിദ്യാഭ്യാസ വിചക്ഷണന്മാർക്കും അത്തരം വിഷയങ്ങളിലേക്ക് പ്രവേശിക്കുന്നതിനും അത്തരം ഹസ്തലിഖിതങ്ങൾ ആവശ്യമായി തീർന്നു. അതുകൊണ്ടുതന്നെ അത്തരം ഹസ്തലിഖിതങ്ങൾ സൂക്ഷിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ട നടപടി കളെന്നനിലക്ക് ലണ്ടനിലെ ഇന്ത്യ ഓഫീസ് ലൈബ്രറിയിലും അതുപോലെയുള്ള മറ്റു സ്ഥാപനങ്ങളിലും ഇവ സൂക്ഷിച്ചു.

ഈ കാലഘട്ടത്തിൽ, അതായത് പത്തൊമ്പതാം നൂറ്റാണ്ടിൽ ശാസ്ത്രകൃതികളടക്കമുള്ള സംസ്കൃത സാഹിത്യത്തിൽ യൂറോപ്യൻ പണ്ഡിതന്മാർ തല്പരരായി. ഇപ്രകാരം വിവിധഭാഗങ്ങളിൽ നിന്നുള്ള അത്യധിക മായ ആവശ്യം മനസ്സിലാക്കി സർക്കാർ പ്രാചീനേന്ത്യൻ റിക്കാർഡുകളും സാഹിത്യകൃതികളും സമാഹ രിക്കുന്നതും സംരക്ഷിക്കുന്നതും പ്രോത്സാഹിപ്പിച്ചു.

മി. വൈറ്റ്ലി സ്റ്റോക്സ് അഭിപ്രായപ്പെടുന്നത് - സർക്കാറിന്റെ ഹസ്തലിഖിത സമാഹാര പദ്ധതി 1868ൽ തുടങ്ങിയതിൽനിന്നും പാശ്ചാത്യർക്ക് ഇന്ത്യൻ ഹസ്തലിഖിതങ്ങൾ സമാഹരിക്കുന്നതിൽ എത്രമാത്രം താല്പര്യമുണ്ടെന്ന് വെളിവാകുന്നു എന്നാണ്. അദ്ദേഹമെഴുതുന്നു (സോവനീർ, ഓറിയന്റൽ മാനുസ ്ക്രിപ്റ്റ്സ് ലൈബ്രറി, 1949, പുറം 3) - 'ഈ പദ്ധതിപ്രകാരം സമ്പാദിച്ച യഥാർത്ഥ ഹസ്തലിഖിതങ്ങളും, കോപ്പി കളും ചിലതിന്റെ ചില ഭാഗങ്ങൾ /സാരാംശവും - ഇങ്ങനെ എല്ലാം യൂറോപ്പിലേക്ക് അയച്ചുകൊടുത്തു. വിമർശനത്തിന്റെ യഥാർത്ഥ തത്ത്വങ്ങളറിഞ്ഞതും പ്രയോഗിച്ചതും യൂറോപ്പിൽ മാത്രമാണ്. 50 വർഷത്തിനു ശേഷവും സംസ്കൃതസാഹിത്യത്തിൽ ബൗദ്ധികമായ താല്പര്യമുള്ളത് യൂറോപ്പിൽ മാത്രമാണ്. ഇതിനുശേഷം ഒരു കാര്യം വ്യക്തമായി പറയാൻ കഴിയും. ഗ്രീസിലുള്ള ഗ്രീക്കു പണ്ഡിതന്മാരേക്കാൾ കുറവാണ് ഇന്ത്യയിലെ സംസ്കൃതപണ്ഡിതന്മാർ. വൈറ്റ്ലി സ്റ്റോക്സിന്റെ ധാരണകളും പ്രവചനങ്ങളും തെറ്റാണെന്നു തെളിയിക്കാൻ കഴിയും. എന്നാൽ, അതേസമയം അദ്ദേഹത്തിനെപ്പോലുള്ള പാശ്ചാത്യർക്ക് പ്രാചീന ഹസ്തലിഖിതങ്ങളെ നാശത്തിൽനിന്നും വീണ്ടെടുക്കുന്നതിനുള്ള അത്യുത്സാഹവും പിടിഞ്ഞാറ് ഇൻഡോളജിക്കൽ സ്റ്റഡീസിന് സുദൃഢമായ അടിത്തറപാകുന്നതിനുള്ള അഭിനിവേശവും തെളിയിക്കപ്പെടുന്നതാണ്.

ഹസ്തലിഖിതസമാഹാരമേഖലയിൽ ഭാരതസർക്കാരും പാശ്ചാത്യപണ്ഡിതന്മാരും കാണിച്ച താല്പര്യം ഭാരതീയ പണ്ഡിതന്മാർക്കിടയിലും രാസത്വരകമായ ഒരു ഫലമാണുണ്ടാക്കിയത്. ഭാരതീയപണ്ഡിതന്മാരും യൂറോപ്യൻ പണ്ഡിതന്മാരും ഹസ്തലിഖിതങ്ങൾ സമാഹരിക്കുന്നതിനും അവ ഇന്ത്യയിൽത്തന്നെ പ്രസാധനം

ചെയ്യുന്നതിനുമുള്ള ശ്രമങ്ങൾ തുടങ്ങി. ഈ അവസരത്തിൽ ബൂഹ്ളർ (Buhler), എഫ്. കീൽഹോൺ (F. Keilhorn), ബേണൽ (Burnell), രാജേന്ദ്ര ലാൽ മിത്ര (Rajendra Lal Mitra) ആർ. ജി. ഭണ്ഡാർക്കർ (R. G. Bhandarkar), ഹരപ്രസാദ് ശാസ്ത്രി (Haraprasad Sastri) എന്നിവരുടെ സേവനം കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടതാണ്. ഇരുപതാം നൂറ്റാിന്റെ ആദ്യഘട്ടത്തിൽ ഈ ദിശയിലുള്ള പ്രവർത്തനത്തിൽ ഗണപതിശാസ്ത്രി, സാംബശിവശാസ്ത്രി, ആർ. എ. ശാസ്ത്രി എന്നീ പണ്ഡിതന്മാരേയും ഓർക്കേണ്ടതാണ്.

ഹസ്തലിഖിതങ്ങളുടെ സമാഹരണത്തിനും പ്രസാധനത്തിനും സംസ്ഥാന സർക്കാറുകൾ വളരെ വലിയ പിന്തുണയാണ് നല്കുന്നത്. പണ്ഡിതന്മാരുടെ സ്വയാർപ്പണമായ പരിശ്രമവും അതിന്റെ ഫലമായി ഈ മേഖലയിലുണ്ടായ വിജയവും ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ ഹസ്തലിഖിതങ്ങൾക്ക് പ്രത്യേക ലൈബ്രറികൾ നിലവിൽ വരുന്നതിന് കാരണമായി. ബോംബെ ബംഗാൾ , മദ്രാസ് എന്നിവിടങ്ങളിലെ സർക്കാരുകൾ ഗ്രന്ഥ ലൈബ്രറി തുടങ്ങുന്നതിനുവേണ്ട നേതൃത്വം നല്കി.

മറ്റു പ്രദേശങ്ങളും രാജഭരണപ്രദേശങ്ങളും ഈ കാര്യത്തിൽ അവരെ പിന്തുടർന്നു. അതിൽ ചിലത് -

Sajfoji Maharaja's Sarasvati Mahal Library, Thanjavoor.
Bhandarkar Oriental Research Institute, Pune.
Govt. Oriental Manuscripts Library, Chennai
Oriental Manuscripts Library, Mysore.
ORI & MSs Library, Thiruvananthapuram.

ഇത്തരം സ്ഥാപനങ്ങൾ സ്ഥാപിച്ചത് ഹസ്തലിഖിതങ്ങളുടെ സമാഹാരത്തിനു വേണ്ടി മാത്രമല്ല, പ്രധാനപ്പെട്ട ഹസ്തലിഖിതങ്ങൾ പ്രസാധനം ചെയ്യുന്നതിനുവേണ്ടി കൂടിയാണ്. ഇത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലും സംസ്കൃതത്തിലും പാലിയിലുമുള്ള പല കൃതികളുടേയും തുടർപ്രസാധനങ്ങൾ ഉയർന്നു വരുന്നതിനിടയാക്കി. ഇത്തരത്തിലുള്ള പ്രധാന പ്രസാധനപരമ്പരകൾ (Publication Series) -

1. Bibliotheca Indica, Calcutta.
2. Bombay Sanskrit Series.
3. Ànand°ørama Sanskrit Series, Pune.
4. Bibliotheca Samsk§ta, Mysore.
5. Kavyamala, Bombay.
6. Advaitamaµjar¢ Series, Kumbhakonam.
7. Banaras Sanskrit Series.
8. Trivandrum Sanskrit Series.

ഹസ്തലിഖിതങ്ങളുടെ സമാഹരണവും ഗ്രന്ഥലൈബ്രറികളുടെ ഉദ്ഭവവും ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുന്നു. ഈ അവസരത്തിൽ ഇന്ത്യയിലെ വിവിധ രാജ ഭരണപ്രദേശങ്ങളിലെ രാജാക്കന്മാർ വിവിധ ഉറവിടങ്ങളിലൂടെ ഹസതിലിഖിതങ്ങൾ ശേഖരിക്കുന്നതിൽ കാണിച്ച താത്പര്യം പ്രത്യേകം ഓർക്കേണ്ടതാണ്. ഉദാഹരണമായി, തിരുവിതാംകൂറിലെ രാജാക്കന്മാർ ഹസ്തലിഖിതങ്ങൾ, സമാഹരിക്കുന്നതിലും സൂക്ഷിക്കുന്നതിലും അത്യപൂർവ്വമായ ഉത്സാഹമാണ് പ്രദർശിപ്പിച്ചത്.

1. ശ്രീ കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവ് (1758-1795) യുവരാജാവെന്ന നിലയ്ക്ക് സാമന്തരാജ്യമായ/അധീനരാജ്യമായ അമ്പലപ്പുഴ പിടിച്ചടക്കുകയും അത് തിരുവിതാംകൂറിലേക്ക് ലയിപ്പിക്കുകയും ചെയ്ത അവസരത്തിൽ അവിടത്തെ പ്രദേശങ്ങളിലുണ്ടായിരുന്ന ഹസ്തലിഖിതങ്ങൾ മുഴുവൻ കൈവശമാക്കി.

2. ശ്രീ ആയില്യം തിരുനാൾ രാമവർമ്മ മഹാരാജാവ് (1860-1880) സ്വകാര്യവ്യക്തികളിൽനിന്നും ഹസ്തലിഖിതങ്ങൾ ശേഖരിക്കുന്നതിനും അവ കൊട്ടാരം ലൈബ്രറി (വലിയകൊട്ടാരം ഗ്രന്ഥപ്പുര)യിൽ സൂക്ഷിക്കുന്നതിനുമുള്ള ഉത്തരവ് ഇറക്കി.
3. ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ കാലത്താണ്(1885-1924) ഡോ. ടി. ഗണപതിശാസ്ത്രിയുടെ സംയോജകത്വത്തിൻ കീഴിൽ (under the editorship) 1903ൽ Trivandrum Sanskrit Series ആരംഭിച്ചത്.
4. ശ്രീമൂലംതിരുനാളിന്റെ കാലത്തുതന്നെയാണ് 1908ൽ തിരുവനന്തപുരത്തെ ഗ്രന്ഥലൈബ്രറി ഒരു പ്രത്യേക വിഭാഗമായി നിലകൊണ്ടത്.
5. തിരുവിതാംകൂർ രാജാക്കന്മാരെപ്പോലെത്തന്നെ ചില സാമന്തരാജാക്കന്മാരും ഹസ്തലിഖിതങ്ങൾ സമാഹരിക്കുന്നതിലും സംരക്ഷിക്കുന്നതിലും താല്പര്യമുള്ളവരായിരുന്നു.
6. ഈയവസരത്തിൽ സ്മരിക്കപ്പെടേണ്ട ഒരു സുപ്രധാനനാമമാണ് തഞ്ചാവൂരിലെ സർഫോജി മഹാരാജാവിന്റേത്. ഹസ്തലിഖിതസൂക്ഷിപ്പുകാർ (Manuscript custodians)

ഹസ്തലിഖിതസൂക്ഷിപ്പുകാരെ രണ്ടു വിഭാഗമായി തിരിക്കാം -

1. സ്ഥാപനങ്ങളായിട്ടുള്ളവ (Institutional)
2. സ്ഥാപനങ്ങളല്ലാത്തവ (Non-institutional)

സ്ഥാപനങ്ങൾ രണ്ടുതരത്തിലുണ്ട് -

1. ഹസ്തലിഖിതങ്ങളുടെ സമ്പാദനം, സംരക്ഷണം, പ്രസാധനം എന്നിവയ്ക്കായുള്ള ഗ്രന്ഥലൈബ്രറികൾ.
2. വിദ്യാഭ്യാസ/മതസ്ഥാപനങ്ങൾ.

ഇവയുടെ പ്രധാന പ്രവർത്തനം ഹസ്തലിഖിതസംരക്ഷണമോ പ്രസാധനമോ അല്ല. കോളേജ്/ സർവ്വകലാശാലകളിലെ ചില ഭാഷാവിഭാഗങ്ങളും വിവിധമതവിഭാഗങ്ങളുടെ ആശ്രമങ്ങളും ഈ വിഭാഗത്തിൽപെട്ടതാണ്. ഇങ്ങനെയുള്ളവരിൽ വളരെ കുറച്ചെണ്ണത്തിനു മാത്രമേ ഹസ്തലിഖിതസംരക്ഷണത്തിനുള്ള എല്ലാ സാങ്കേതികവിദ്യകളും കൈവശമുള്ളൂ. സ്ഥാപനങ്ങളല്ലാത്ത വിഭാഗത്തിൽ പെടുന്നതാണ് ചില കുടുംബങ്ങളും ചില വ്യക്തികളും. ഇന്ത്യയിലെ ചില കുടുംബങ്ങൾ പാരമ്പര്യമായി ആയുർവ്വേദം, വേദാന്തം, മന്ത്രം, തന്ത്രം, ശില്പശാസ്ത്രം, ജ്യോതിഷം എന്നിവ പഠിച്ചുവരുന്നവയാണ്. ഇത്തരം വിഷയങ്ങളിലുള്ള ഹസ്തലിഖിതങ്ങൾ ഇപ്പോഴും ഈ കുടുംബങ്ങളിൽ കാണാൻ കഴിയും. ചില വ്യക്തികളിലും മറ്റുള്ളവർ സൂക്ഷിക്കാൻ നല്കിയ ഇത്തരം ഹസ്തലിഖിതങ്ങളുണ്ട്.

ഇവരുടെ കൈയിലുള്ള പല ഹസ്തലിഖിതങ്ങളും കൃത്യമായി സൂക്ഷിക്കാൻ കഴിയാതെ അവ മിക്കവാറും നശിക്കുന്നു. ഇത്തരം ഹസ്തലിഖിതങ്ങൾ എന്നെന്നേക്കുമായി നഷ്ടപ്പെടാതിരിക്കാൻ അവ അത്യാവശ്യമായി സ്വകാര്യസൂക്ഷിപ്പുകാരിൽനിന്നും സമ്പാദിക്കേതാണ്. സൂക്ഷിപ്പുകാർ പല തരത്തിലുള്ളവരായതു കൊണ്ടുതന്നെ ഹസ്തലിഖിതസമ്പാദനത്തിൽ ഐകരൂപ്യം വരുത്താൻ സാദ്ധ്യമല്ല.ചില ആളുകൾ അറിയപ്പെടുന്ന ഗ്രന്ഥലൈബ്രറികൾക്കായി ഹസ്തലിഖിതങ്ങൾ സ്വമേധയാ സംഭാവനചെയ്യുന്നു. എന്നാൽ അങ്ങനെയുള്ളവർ വളരെ കുറവാണ്. കൂടുതലാളുകളും ഹസ്തലിഖിതങ്ങൾ തങ്ങളുടെ പ്രാമാണികചിഹ്നമായി കരുതി സ്വയം സൂക്ഷിക്കുന്നു. മൂന്നാമതൊരു കൂട്ടർ പണം ആവശ്യപ്പെടുന്നു. നാലാമതൊരു വിഭാഗം സംഭാവനയായോ പണം സ്വീകരിച്ചോ ഇവ നല്കുന്നില്ല. ഹസ്തലിഖിതങ്ങളെ പുണ്യഗ്രന്ഥങ്ങളായാണ് പലരും കരുതുന്നത്. അതുകൊണ്ടുതന്നെ കേരളത്തിലെ പല ഹിന്ദുകുടുംബങ്ങളിലും നവരാത്രിദിനങ്ങളിൽ ഇവ സരസ്വതീദേവിയുടെ മുമ്പിൽ സൂക്ഷിക്കുന്നു. ചില വീടുകളിൽ എല്ലാദിവസവും ഈ രീതിയിൽത്തന്നെ കരുതപ്പെടുന്നതുകൊണ്ട് വീടിന്റെ പൂജാമുറിയിൽ സൂക്ഷിക്കുന്നു. ഈ ഗ്രന്ഥങ്ങളിൽ പലതും പ്രാചീന ലിപികളായ ഗ്രന്ഥ, നന്ദിനാഗരി തുടങ്ങിയവയിലുള്ളതാണ്. പല സൂക്ഷിപ്പുകാർക്കും ഈ ലിപികൾ വായിക്കാനറിയില്ല. അതുകൊണ്ടുതന്നെ ഇങ്ങനെ പൂജാമുറികളിൽ സൂക്ഷിക്കപ്പെടുന്ന ഹസ്തലിഖിതങ്ങൾ യാതൊരു ദൈവഫല

വും ചെയ്യുന്നില്ല. ഉദാഹരണത്തിന്, ഒരു സ്ഥലത്ത് ഗ്രന്ഥലിപിയിലുള്ള മൂന്നു താളിയോലകൾ പൂജാമുറിയിൽ സരസ്വതിയുടെ മുമ്പിൽ സൂക്ഷിച്ചിരുന്നു. അവ നൽകാൻ കുടുംബാംഗങ്ങൾ തയ്യാറായില്ല. എന്നാൽ അവ മൂന്നും ആഭിചാരകർമ്മങ്ങൾ പ്രതിപാദിക്കുന്നതായിരുന്നു.

അടുത്തത്, തികച്ചുമൊരു അന്ധവിശ്വാസമാണ്. ഒരു വിദ്യാർത്ഥി തന്റെ ബന്ധുവിന്റെയടുത്ത് കുറച്ചു ഹസ്തലിഖിതങ്ങളുണ്ടെന്നു പറഞ്ഞു. ഇത് സൂക്ഷിച്ചിരുന്നത് ഒരു വൃദ്ധയാണ്. അവരുടെ മക്കൾ മുഴുവൻ വിദേശരാജ്യങ്ങളിലാണ്. ഹസത്‌ലിഖിതങ്ങൾ അവർ തന്നില്ല. അവരുടെ ജീവിതത്തിന്റെ ഭാഗമായി മാറിയ ആ ഹസ്തലിഖിതങ്ങൾ അവരുടെ മരണത്തിൽ കൂടെ ദഹിപ്പിക്കണമെന്ന് അവർ പറഞ്ഞു. ഇന്നും ഇന്ത്യയിലെ ചില ഭാഗങ്ങളിലെ ചില കുടുംബങ്ങൾ തങ്ങളുടെ ജാതിയിലോ അതിനു മുകളിലുള്ള ജാതിയിലോ പെട്ടവരെ മാത്രമേ ഹസ്തലിഖിതങ്ങൾ സൂക്ഷിക്കുന്ന മുറിയിലേക്ക് കയറ്റുകയുള്ളു. ഇങ്ങനെയുള്ള നിരോധ നങ്ങൾ ഹസ്തലിഖിതസമ്പാദനത്തിൽ പ്രശ്നങ്ങളുണ്ടാക്കുന്നു. മറ്റുചില ആളുകൾ ഹസ്തലിഖിതങ്ങൾ ഒരു നിശ്ചിത തുകയ്ക്ക് വിദേശികൾക്ക് കൊടുത്താൽ അതു പിന്നീട് നമ്മെ വലിയ അപകട ത്തിൽപ്പെടുത്തുമെന്ന് വിശ്വസിക്കുന്നു. വൈദ്യം, ജ്യോതിഷം, വാസതുവിദ്യ എന്നിവ പാരമ്പര്യതൊഴിലായി ശീലിച്ച കുടുംബങ്ങളിലെ സൂക്ഷിപ്പുകാരാണെങ്കിലും അവർക്ക് അവരുടെയടുത്തുള്ള ഹസ്തലിഖിതങ്ങൾ വായിക്കാൻ കഴിഞ്ഞില്ലെങ്കിലും, അവരുടെ ഭാവിതലമുറയ്ക്ക് ഉപകാരപ്പെടുമെന്നു പറഞ്ഞ് അവ നൽകാൻ വിസമ്മതിക്കുന്നു. ഉയർന്ന വിദ്യാഭ്യാസം നേടിയ ആളുകളും ഹസ്തലിഖിതങ്ങൾ സംഭാവനചെയ്യാൻ മടിക്കുന്ന തായി കാണാം.

ചില സന്ദർഭങ്ങളിൽ സൂക്ഷിപ്പുകാർ അജ്ഞാതകൃതികൾ അവർതന്നെ പ്രസിദ്ധീകരിക്കുമെന്നും മറ്റാ രുടേയും സഹായം വേണ്ട എന്നുമുള്ള നിലപാട് സ്വീകരിക്കുന്നതായും കാണുന്നു. ചിലയിടങ്ങളിൽ ഹസ്തലി ഖിതസൂക്ഷിപ്പുകാരനാവില്ല അതിന്റെ യഥാർത്ഥ ഉടമ. വലിയ ഒരു കുടുംബത്തിന്റെ പൊതുസ്വത്തായിരിക്കും ഹസ്തലിഖിതങ്ങൾ. അതിലെ ഒരംഗം മാത്രമാവും അത് നിലവിൽ സൂക്ഷിക്കുന്ന ആൾ. മറ്റംഗങ്ങളുടെ സമ്മതം കൂടാതെ അവ സംഭാവനചെയ്യുന്നതിനോ വില്ക്കുന്നതിനോ അദ്ദേഹത്തിന് അധികാരമുണ്ടാവില്ല. ഇത്തരമ വസരങ്ങളിൽ കൂട്ടുകുടുംബത്തിലെ എല്ലാവരുമായും ബന്ധമുണ്ടാക്കുക എന്നത് വിഷമകരമാണ്. നൂറില ധികം അംഗങ്ങളിൽ പലരും ഇന്ത്യയുടെ പലഭാഗങ്ങളിലും ചിലർ വിദേശത്തുമായിരിക്കും. ഇത്തരം ദുരനുഭവ ങ്ങൾ ഹസ്തലിഖിത സമ്പാദകന് ധാരാളമായുണ്ടാകുന്നു.

ചില ഹസത്‌ലിഖിതസൂക്ഷിപ്പുകാർ അവ ആധികാരിക ലൈബ്രറികളിലേക്ക് കൊടുക്കുന്നു. അതിൽ തല്പര രായ അനേകർക്ക് ഉപകാരപ്രദമാകുമല്ലോ എന്നതു കൊണ്ടാണിത്. ഇവരിൽ ചിലർ അവരവരുടെ ചില വിൽതന്നെ ഇത്തരം സ്ഥാപനങ്ങളിൽ വന്ന് അവ സ്വമേധയാ നൽകുന്നു. ഇത്തരത്തിൽ അനേകം ഹസ്തലിഖിതങ്ങൾ വർഷംതോറും ലഭിക്കുന്ന ചില സ്ഥാപനങ്ങളാണ്

Oriental Manuscript Library, Chennai,

Saraswati Mahal Library, Thanjavoor

എന്നിവ. ഇത്തരം കൃതികൾ അപൂർവ്വമായി ഛണ്ടക & ങടെ ഷശയ്യൃമ്യ്യ യിലും കിട്ടാറുണ്ട്

## Requisite Qualities of a Manuscript Collecter

ഹസ്തലിഖിതസമ്പാദകനുവേണ്ട അത്യാവശ്യഗുണങ്ങൾ

1. ആ പ്രദേശത്തെ സാംസ്കാരികവും സാഹിത്യപരവുമായ പാരമ്പര്യത്തെ കുറിച്ചുള്ള അറിവ്.

2. ശ്രോതാവിനെ ആകർഷിക്കുന്ന തരത്തിൽ സന്തുഷ്ടവാനായി സംസാരിക്കണം.

3. ഹസ്തലിഖിതങ്ങളുടെ പ്രാധാന്യമറിഞ്ഞിരിക്കണം.

* സൂക്ഷിപ്പുകാരന്റെയടുത്തുതന്നെ വച്ചാൽ അവ നശിച്ച് ഇല്ലാതായിത്തീരുമെന്ന് അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്താൻ കഴിയണം.

* അവരുടെയടുത്തുള്ള ഹസ്തലിഖിതങ്ങൾ നല്ല സ്ഥാപനങ്ങളിലേക്ക് സംഭാവനചെയ്യുകവഴി ഗവേഷകർക്കും അക്കാദമികസമൂഹത്തിനുമാണ് അത് ഉപകാരപ്പെടുകയെന്ന് അവരെപറഞ്ഞു മനസ്സിലാക്കാൻ കഴിയണം.

4. സാമൂഹിക ബന്ധം വിശാലമായിരിക്കണം.

5. ആ പ്രദേശത്തെ പ്രാചീന ലിപിയെക്കുറിച്ച് അറിഞ്ഞിരിക്കണം.

അങ്ങനെയാവുമ്പോൾ സൂക്ഷിപ്പുകാർക്ക് അവർ സംഭാവനചെയ്യാൻ പോകുന്ന ഹസ്തലിഖിതത്തെ കുറിച്ചറിയാൻ താല്പര്യമുണ്ടാകുകയും ജിജ്ഞാസുത്വം കൊണ്ട് സമ്പാദകനോട് അതിലെ ചില വരികൾ വായിച്ചുകാട്ടുക്കാൻ ആവശ്യപ്പെടുകയും ചെയ്യും.

6. സമ്പാദകൻ പൊതുവെ വിശ്വസ്തനും ആത്മാർത്ഥതയുള്ളവനും മാന്യനുമായിരിക്കണം.

*നുണ പറയുന്നവനും വിശ്വാസ്യത കുറവുള്ള ആളുമാണെങ്കിൽ സൂക്ഷിപ്പുകാരനിൽനിന്ന് ഹസ്തലിഖിതം കിട്ടുവാനുള്ള സാധ്യത കുറവാണ്.

7. ഈ രംഗത്തെ വിപരീത സാഹചര്യങ്ങളേയും രീതികളേയും നേരിടുന്നതിന് സമ്പാദകന് ധൈര്യവും ക്ഷമയും അത്യാവശ്യമാണ്.

8. കൃത്യനിഷ്ഠപാലിക്കുന്നവനായിരിക്കണ ം.

*ഇല്ലെങ്കിൽ സൂക്ഷിപ്പുകാരനും സമ്പാദകനെ സഹായിക്കാൻ സന്മനസ്സുകാണിച്ചയാൾക്കും അവിശ്വാസമുണ്ടാകും.

*ഇത് സ്വാഭാവികമായും അവരുടെ അനിഷ്ടത്തിന് കാരണമാകുകയും ആ ദൗത്യത്തെ പരാജയപ്പെടുത്തുകയും ചെയ്യും.

## Field Work

രംഗകർമ്മം

*ഹസ്തലിഖിതസമ്പാദനത്തിനുള്ള പ്രദേശം തിരഞ്ഞെടുക്കുമ്പോൾ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

1. ഹസ്തലിഖിതപ്രദേശങ്ങളെ കുറിച്ചുള്ള അറിവ് (Information on Manuscript Locations)

* സ്വകാര്യസൂക്ഷിപ്പുകാരിൽനിന്നും ഹസ്തലിഖിതങ്ങൾ സമ്പാദിക്കാൻ പോകുമ്പാൾ ആരുടെ അടുത്താണ്/ ഏതു കുടുംബത്തിലാണ് ഇതെന്ന് അറിയണം.

* കഴിയുമെങ്കിൽ ഈ വിവരങ്ങൾ അതത് ഗ്രാമങ്ങളിൽനിന്നും/നഗരങ്ങളിൽനിന്നും സ്വീകരിക്കുക.

*ഇതിന് സഹായിക്കാൻ കഴിയുന്നത് ആ പ്രദേശത്തെ വിവിധസാമൂഹിക സാംസ്കാരിക സംഘാടകരോ അദ്ധ്യാപകരോ നാട്ടുകാരോ ആണ്.

*ഇതിന് എല്ലാ പ്രദേശങ്ങളെക്കുറിച്ചുമുള്ള പൂർണ്ണവിവരം കിട്ടുന്നതുവരെ കാത്തിരിക്കണം എന്നർത്ഥമില്ല.

*ഹസ്തലിഖിതപ്രദേശങ്ങളെക്കുറിച്ച് അറിവുനേടുക എന്നത് ഒരു തുടർപ്രക്രിയ ആണ്.

2. സൂക്ഷിപ്പുകാരനെക്കുറിച്ചുള്ള വിശദവിവരങ്ങൾ ശേഖരിക്കുക (Collecting detailed information about the custodian).

*സൂക്ഷിപ്പുകാരനെക്കുറിച്ച് പ്രധാനമായും അറിഞ്ഞിരിക്കേണ്ടത് ഇവയാണ് -

* അദ്ദേഹ ത്ത ിന്റെ പ്രകൃതം

* കുടുംബ പ ശ്ച ാത്ത ലം

* സാമൂഹ ിക ബ ന്ധം

* അടുത്ത ബന്ധുക്കളുടേയും സുഹൃത്തുക്കളുടേയും പേര് മേൽവിലാസം എന്നിവ.

* ഇത് സമ്പാദകന് സൂക്ഷിപ്പുകാരനുമായി ഇടപെടുമ്പോൾ വളരെ ഉപകാരപ്പെടും.

3. അനുയോജ്യരായ മധ്യവർത്തികളുടെ സേവനം (services of suitable intermediaries)

* ആരുടെയെങ്കിലും കയ്യിൽ ഹസ്തലിഖിതങ്ങൾ ഉണ്ടെന്നറിഞ്ഞാൽ സമ്പാദകൻ എത്രയും പെട്ടെന്ന് അദ്ദേഹ വുമായി ബന്ധപ്പെടുക.

* ചില സന്ദർഭങ്ങളിൽ നേരിട്ടുള്ള സമീപനവും ചിലതിൽ സൂക്ഷിപ്പുകാരനുമായി അടുത്ത ബന്ധത്തിലുള്ളവ രിലൂടെയും സമീപിക്കാം

4 ഔദ്യോഗിക എഴുത്തിലൂടെയുള്ള അറിയിപ്പ് (information through official letters).

* സ്ഥാപനമേധാവി സൂക്ഷിപ്പുകാരനോട് അദ്ദേഹത്തിന്റെ ഹസ്തലിഖിതങ്ങൾ സംഭാവനചെയ്യാൻ പറഞ്ഞു കൊണ്ട് ഔദ്യോഗികമായി കത്തയയക്കാം.

* കത്തിൽ സ്ഥാപനം ഹസ്തലിഖിതങ്ങൾ സംരക്ഷിക്കുന്നതിലും പ്രസാധനം ചെയ്യുന്നതിലും വഹിക്കുന്ന ഉയർന്ന പങ്ക് സൂചിപ്പിക്കാം.

* അതോടൊപ്പം ഗവേഷകർക്കും പണ്ഡിതന്മാർക്കും വേണ്ടി ചെയ്യുന്ന സേവനവും കാണിക്കാം.

*ഹസ്തലിഖിതങ്ങൾ സമ്പാദിക്കാൻ നിയോഗിക്കപ്പെടുന്നവരുടെ പേര്, ഔദ്യോഗിക മേൽവിലാസം എന്നിവ കഴിവതും ആദ്യ കത്തിൽ തന്നെ സൂക്ഷിപ്പുകാരനെ അറിയിക്കാം; ഇല്ലെങ്കിൽ അത് ഒരു മറ്റൊരു കത്തിലെഴുതാം.

* ഈ കത്ത് ദാതാവിനെ ബോധവല്ക്കരിക്കാനും, വിദ്യാഭ്യാസ സമൂഹത്തിന്റെ സേവനമാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നതെന്ന് മനസ്സിലാക്കിക്കാനും സാധിക്കുന്നു.

* സമ്പാദകന് ഒരു ഔദ്യോഗിക പരിവേഷം നല്കുന്നതിന് ഇങ്ങനെയൊരു കത്ത് ഉപകരിക്കും.

* കൂടാതെ ഈ മേഖലയിൽ ഉള്ള വ്യാജന്മാരെ തടയാനും ഇതു സഹായിക്കുന്നു.

* ചുരുങ്ങിയത് രണ്ടു പേരെങ്കിലുമടങ്ങിയ ഹസ്തലിഖിത സമ്പാദനമാണ് നല്ലത്.

* രംഗപ്രവേശന (field work) സമയത്ത സമ്പാദകൻ അദ്ദേഹത്തിന്റെ തിരിച്ചറിയൽ കാർഡും ഹസ്ത് ലിഖിതസമ്പാദനം എന്ന ജോലിയിൽ ഇന്ന സ്ഥാപനം തന്നെ നിയോഗിച്ചിരിക്കുകയാണ് എന്നു കാണിക്കുന്ന ഔദ്യോഗികകത്തും സൂക്ഷിക്കേണ്ടതാണ്.

* ഹസ്തലിഖിതങ്ങൾ അവ വെച്ചിരുന്ന സ്ഥലത്തുനിന്നും എടുത്തുകൊണ്ടു പോകുകയാണെങ്കിൽ സൂക്ഷിപ്പു കാരന് ഒരു ചീട്ട് നൽകേണ്ടതാണ്.

* കൂടുതൽ ഹസ്തലിഖിതങ്ങൾ ഉണ്ടെങ്കിൽ തീർച്ചയായും സൂക്ഷിപ്പുകാരന് എഴുതിക്കൊടുക്കണം.

* അപ്രകാരം വിശദമായി തത്സമയം കൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽ ഓഫീസിൽ ചെന്നശേഷം അവ വിശദ മായി പരിശോധിച്ച് വിവരങ്ങൾ സൂക്ഷിപ്പുകാരനെ അറിയിക്കേണ്ടതാണ്.

* അതിനും സാധിച്ചില്ലെങ്കിൽ വിശദവിവരങ്ങൾ പിന്നീട് അറിയിക്കാമെന്നുകാണിച്ച് കത്ത് അയക്കേണ്ടതാണ്.

## Cataloguing

നാമാവലിരൂപീകരണം

* സൂക്ഷിപ്പുകാരനിൽനിന്നു സമ്പാദിച്ച ഹസ്തലിഖിതക്കെട്ടുകൾ ശ്രദ്ധിച്ച് നിരീക്ഷിച്ച ശ്രദ്ധയോടെ വായി ക്കേണ്ടതാണ്.

* ഒരു കെട്ടിലെത്തന്നെ ചില താളുകൾ ആ കൃതിയുമായി ബന്ധമില്ലാത്തതും ഒരുപക്ഷെ മറ്റു കൃതികളുടേതുമാകാം.

* അശ്രദ്ധമായി കൈകാര്യം ചെയ്യുന്നതിലൂടെ കെട്ടിയ ചരടുകൾ പൊട്ടുമ്പോൾ ചില കെട്ടുകൾ കൂടിക്കല രുന്നു.

* ചിലപ്പോൾ വേർതിരിഞ്ഞ ചില താളുകൾ സമ്പാദിച്ച ഹസ്തലിഖിതങ്ങളുടെ ഭാഗമോ, പരിചയമുള്ള മറ്റു പലതിന്റെയും ഭാഗമോ ആയിരിക്കില്ല. ഇങ്ങനെയുള്ള താളുകളെ ഒറ്റതിരിഞ്ഞുള്ള താളുകൾ (stray folios) എന്നു പറയുന്നു.

* ഹസ്തലിഖിതസമ്പാദനത്തിനുശേഷം അഴിഞ്ഞ താളുകളെ ഹസ്തലിഖിതജ്ഞൻ ക്രമീകരിക്കേണ്ടതാണ്.
* ആ താളുകൾ ക്രമീകരിക്കുന്നത് താഴെ പറയുന്ന ഘടകങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം -
1. താളിന്റെ ഉള്ളട ക്ക ം.
2. ഗ്രന്ഥത്തിന്റെ ആദ്യത്തെ താളിലോ അവസാനത്തേതിലോ ചേർക്കുന്ന ചിത്രാലങ്കാരം. (Colophon)
3. താളിന്റെ വലിപ്പം.
4. താൾ നമ്പർ.
5. ഒരു താളിലെ വരികളുടെ എണ്ണം.
6. ഉപയോഗിച്ച ലിപി.
7. ഉപയോഗിച്ച ഭാഷാശൈലി.
8. അക്ഷരങ്ങളുടെ വലിപ്പം.
9. എഴുത്തിന്റെ പ്രത്യേകതകൾ.

* ഓരോ കൃതിയുടെ താളിന്റേയും യോജ്യമായ ക്രമീകരണത്തിനുശേഷം ഓരോന്നിലും ഔപചാരികരേഖ (protocol) ബന്ധിപ്പിക്കണം.
* ഹസ്തലിഖിതത്തെക്കുറിച്ചുള്ള പ്രസക്തമായ വിശദീകരണം, അതായത് -
* കൃതിയുടെ പേര്.
* കർത്താവിന്റെ പേര്.
* ലിപി.
* വിഷയ ം.
* സമയം/കാലം.
* ഗ്രന്ഥസംഖ്യ.
* കാലപ്പഴക്ക ം.

എന്നിവ ഒരു പ്രത്യേകം താളിലെഴുതി പുറം താളിലൊട്ടിക്കണം.
ഇങ്ങനെ പ്രസക്തമായ വിശദീകരണം പുറംതാളിൽ നല്കുന്നതിനെയാണ് ഔപചാരികരേഖ ( protocol ) എന്നു പറയുന്നത്.

ഒരു കെട്ടിൽ ഒന്നിൽ കൂടുതൽ കൃതികളുണ്ടെങ്കിൽ ഓരോന്നിന്റെയും വിശദവിവരം പ്രത്യേകം താളിലെഴുതണം. ഇവ കെട്ടിന്റെ മുകളിലായി, കൃതികളുടെ ക്രമത്തിൽ വെക്കണം. പേപ്പർ ഹസ്തലിഖിതങ്ങളിൽ ഔപചാരികരേഖ പുറത്തെ കാർഡ്ബോർഡിൽ ഒട്ടിക്കേണ്ടതാണ്. പകർത്തിയെഴുതിയ ഹസത്ലിഖിതത്തിൽ (transcript) മുകളിൽ പറഞ്ഞ വിശദീകരണത്തിനൊപ്പം,
* പകർത്തിയെഴുതിയ ആളിന്റെ പേര്.
* പകർത്തിയ തിയ്യതി.
* ഏത് ഹസ്തലിഖിതമാണ് പകർത്തിയത്.
* ഈ ഹസ്തലിഖിതം എവിടെ നിന്നാണ് കിട്ടിയത്

എന്നിവ കൂടി ചേർക്കണം.
* പകർത്തിയെഴുതിയശേഷം പകർപ്പിനെ യഥാർത്ഥഹസ്തലിഖിതവുമായി ഒത്തു നോക്കേണ്ടതാണ്.
* ഇങ്ങനെയുള്ള കേസുകളിൽ കൈപ്പിഴ തിരുത്താൻ സഹായിക്കുന്ന ആളുടെ പേരും ഒരു കുറിപ്പെന്ന പോലെ നൽകേണ്ടതാണ്.
* ഔപചാരികരേഖകൾ ഹസ്തലിഖിതങ്ങൾ പരിശോധിക്കാനാഗ്രഹിക്കുന്ന ആളുകൾക്ക് വളരെ സഹായകമായിരിക്കും.

നാമാവലി (catalogue) നാലുതരത്തിലുണ്ട്.

1. ലളിതസൂചിക (simple index)
2. അക്ഷരമാലാസൂചിക ( Alphabetical index)
3. വിഷയക്രമസൂചിക (Subject-wise index)
4. വിവരണാത്മകനാമാവലി (Descriptive catalogue)

എല്ലാത്തരം നാമാവലി രൂപീകരണത്തിനും ആദ്യം ചെയ്യേണ്ടത് എല്ലാ കൃതികളുടേയും വിശദ വിവരം കാർഡിലെഴുതുക എന്നതാണ്.

1 .ലളിതസൂചിക (**simple index**)

* ആദ്യം കൃതിയുടെ പേര്
* കർത്താവിന്റെ പേര്
* കൃതിയുടെ വിഷയം
* എവിടെ നിന്നു ലഭിച്ചു

എന്നിവ ചേർക്കണം. മറ്റു വിശദാംശങ്ങൾ ഇതിൽ നൽകുന്നില്ല. അതുകൊണ്ടു തന്നെ ഇതിന്റെ പ്രാധാന്യം കുറവാണ്.

ലളിതസൂചിക അക്ഷരമാലാക്രമത്തിൽ ക്രമീകരിച്ചാൽ മറ്റു സൂചികകളും നാമാവലികളും തയ്യാറാക്കുന്നതിന് ഉപകാരപ്രദമാകും.

2. അക്ഷരമാലാക്രമസൂചിക (**alphabetical index**)

* അക്ഷരമാലാസൂചികയിൽ,
* കൃതിയുടെ പേര്
* കർത്താവിന്റെ പേര്
* വിഷയം
* ഗ്രന്ഥത്തിന്റെ എണ്ണം
* ലിപി
* എഴുതാനുപയോഗിച്ച അസംസ്കൃതപദാർത്ഥം
* എന്തെങ്കിലും അഭിപ്രായമുണ്ടെങ്കിൽ അത് എന്നിവ കാർഡിൽ ചേർക്കണം.

*അഭിപ്രായത്തിനു താഴെയായി ഹസ്തലിഖിതത്തിന്റെ അവസ്ഥ, കാലം, ഈ ഹസ്തലിഖിതം ലഭ്യമായ മറ്റു കേന്ദ്രങ്ങൾ എന്നിവ സൂചിപ്പിക്കണം.

*ആ കേന്ദ്രത്തിലുള്ള ഹസ്തലിഖിതങ്ങളുടെ എണ്ണവും നല്കണം.

*ഇങ്ങനെ പൂരിപ്പിച്ച കാർഡുകൾ അകാരാദിക്രമത്തിൽ ക്രമീകരിക്കണം.

ORI & MSs ലൈബ്രറിയിൽ അക്ഷരമാലാക്രമത്തിൽ സംസ്കൃതഹസ്തലിഖിതങ്ങൾ ക്രമീകരിച്ചത് താഴെപറയും പ്രകാരമാണ്.

ഒന്നാമത്തെ കോളത്തിലെ ക്രമനമ്പർ, നാമാവലിയുടെ ക്രമീകരണത്തേയും ആ ഹസ്ത ലിഖിതത്തിന്റെ മൊത്തം എണ്ണത്തേയും കുറിച്ചറിയാൻ ഒരാളെ സഹായിക്കുന്നു.

അടുത്ത രണ്ടു കോളത്തിൽ കൃതിയുടെ പേരും ബ്രാക്കറ്റിൽ അതിന്റെ സ്വരൂപവും രേഖപ്പെടുത്തി. അതായത് വ്യാഖ്യോപേതം, കേരളഭാഷോപേതം എന്നിത്യാദികൾ സംസ്കൃത അക്ഷരമാലാ ക്രമത്തിൽ ദേവനാഗരിലിപിയിലും റോമൻലിപിയിലും രേഖപ്പെടുത്തുന്നു.

നാലാമത്തെ കോളത്തിൽ കർത്താവിന്റെ പേരോ, വ്യാഖ്യാതാവിന്റെ പേരോ, രണ്ടും കൂടിയോ ചേർക്കുന്നു. കർത്താവ്/വ്യാഖ്യാതാവ് അജ്ഞാതനാണെങ്കിൽ ആ കോളത്തിൽ വെറുതെ കുത്തിടുന്നു.

അഞ്ചാമത്തെ കോളത്തിൽ കൃതിയുടെ വിഷയം നൽകുന്നു.

കൃത്യതയ്ക്കുവേി കൃതികളെ, വേദം, വേദലക്ഷണം, ആഗമം, മന്ത്രം, ഉപനിഷത്, തന്ത്രം, പുരാണം, ഇതിഹാസം, ശ്രൗതപ്രയോഗം, ഗൃഹ്യം, ഗൃഹ്യപ്രയോഗം, ധർമ്മം, ശാന്തി, മാഹാത്മ്യം, വ്രതം, ഭക്തി, ശിക്ഷ,

വ്യാകരണം, നിരുക്തം, ഛന്ദസ്, ജ്യോതിഷം, വൈദ്യം, വേദാന്തം, ന്യായം, യോഗം, മീമാംസ, കാവ്യം (പ്രാകൃതം, ചമ്പൂ, ഗദ്യം), നാടകം, അലങ്കാരം, നാട്യശാസ്ത്രം, കാമശാസ്ത്രം, നീതി, ശില്പം, ഗീത, രസവാദം, കോശം, ജൈനമതം, സ്തോത്രം, സുഭാഷിതം, സാമുദ്രികം, വിവിധം എന്നിങ്ങനെ പലവിഷയങ്ങളായി തിരിക്കുന്നു.

ആറാമത്തെ കോളത്തിൽ ഓരോ ഹസ്തലിഖിതത്തിലും ഉള്ള ഗ്രന്ഥങ്ങളുടെ എണ്ണം നൽകുന്നു.

ഏഴാമത്തെ കോളത്തിൽ ലിപി, അസംസ്കൃതവസ്തു, വലിപ്പം എന്നിവ രേഖപ്പെടുത്തുന്നു.

ORI & MSs ലൈബ്രറിയിൽ ദേവനാഗരി, നന്ദിനാഗരി, മലയാളം, മറാത്തി, തമിഴ്, തെലുങ്ക്, ഗ്രന്ഥ, കന്നഡ, ബംഗാളി ലിപികളിലുള്ള സംസ്കൃതഹസ്തലിഖിതങ്ങളുണ്ട്. ഈ ഹസ്തലിഖിതങ്ങളുടെ അസംസ്കൃതവസ്തു പനയോലയോ പേപ്പറോ ആണ്.

അടുത്ത അഭിപ്രായകോളത്തിൽ ഹസ്തലിഖിതങ്ങളുടെ വിശദാംശങ്ങൾ നൽകുന്നു. അതായത്,

* പഴയതാണോ, ദ്രവിച്ചതാണോ, നശിച്ചതാണോ എന്നിങ്ങനെ ഹസത്ലിഖിതക്കെട്ടുകളുടെ അവസ്ഥ.
* മറ്റു ദക്ഷിണേന്ത്യൻ ലൈബ്രറികളിലെ ലഭ്യത.
* കോളോഫോണിൽ കാണുന്ന ഹസ്തലിഖിതം പകർത്തിയ തിയ്യതി.
* ആ കൃതിയുടെ വ്യാഖ്യാനങ്ങളുടെ എണ്ണം.
* ORI & MSs ലൈബ്രറിയിലെ വിവരണാത്മകനാമാവലിയിൽ കൊടുത്തിട്ടുള്ള ആ കൃതിയുടെ എണ്ണം.

അവസാനകോളത്തിൽ ശേഖരണത്തിൽ ഓരോ ഹസ്തലിഖിതത്തിനും നൽകിയിട്ടുള്ള നമ്പർ ചേർക്കുന്നത് ലൈബ്രറി ഷെൽഫിൽനിന്നും കൃതി എളുപ്പത്തിൽ എടുക്കുന്നതിനും തിരിച്ചു വെക്കുന്നതിനും സഹായിക്കുന്നു. ORI & MSs ലൈബ്രറിയിൽനിന്ന് ഇതുപോലെ തൃപ്തികരമായ രീതിയിൽ അക്ഷരമാലാക്രമസൂചികയിൽ സംസ്കൃതഹസ്തലിഖിതങ്ങൾ ഏഴു വാല്യങ്ങളായി പ്രസാധനം ചെയ്തിട്ടുണ്ട്. അതുപോലെത്തന്നെ ഒറ്റവാല്യമായി മലയാളം ഹസത്ലിഖിതങ്ങളുടെ അക്ഷരമാലാക്രമസൂചികയും പ്രസാധനം ചെയ്തിട്ടുണ്ട്. ORI & MSs ലൈബ്രറി ആദ്യം ഹസ്തലിഖിതങ്ങളെ സംസ്കൃതം, മലയാളം, തമിഴ് എന്നിങ്ങനെ ഭാഷാടിസ്ഥാനത്തിൽ വേർതിരിച്ച്, അനന്തരം ഓരോന്നിന്നും പ്രത്യേകം നാമാവലി തയ്യാറാക്കുന്നു.

3. വിഷയക്രമസൂചിക (**Subject-wise index**)

ഓരോവിഷയത്തിനും സൂചികാകാർഡുകൾ തയ്യാറാക്കണം. കാർഡുകൾ വിഷയക്രമത്തിൽ ക്രമീകരിച്ച് അക്ഷരമാലാക്രമത്തിൽ ഓരോ വിഷയവും വെക്കണം.

വിഷയവിഭജനം നേർത്തതാവാൻ പാടില്ല. അതായത്, ഒരു വലിയ വിഷയത്തിൻ കീഴിലായിരിക്കണം വിവിധ വിഷയത്തിലുള്ള ഹസ്തലിഖിതങ്ങൾ.

ഇത്തരം വിഷയങ്ങളിലുൾപ്പെടുത്താൻ പറ്റാത്ത ഹസത്ലിഖിതങ്ങൾ വിവിധം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തണം.

അവയുടെ ക്രമവും അക്ഷരമാലാക്രമസൂചികയ്ക്കനുസരിച്ചായിരിക്കണം. ഈ രീതിയിൽ ORI & MSs ലൈബ്രറിയിൽ നിന്ന് മലയാളം ഹസ്തലിഖിതങ്ങൾ രണ്ടു വാല്യങ്ങളായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഓരോ വിഷയത്തിലും ലഭ്യമായ കൃതികളെ കുറിച്ചറിയുന്നതിന് വിഷയക്രമസൂചികകൊണ്ടു സാധിക്കുന്നു.

4. വിവരണാത്മകനാമാവലി (**Descriptive catalogue**)

വിവരണാത്മകനാമാവലിയിൽ കൃതിയെക്കുറിച്ചുള്ള കഴിയാവുന്നത്ര വിശദീകരണങ്ങൾ കൊടുക്കണം.

അവ -

* കൃതിയുടെ പേര്
* കർത്താവ്
* ഭാഷ
* വിഷയം
* ലിപി
* ഹസ്തലിഖിതത്തിന്റെ അസംസ്കൃതവസ്തു

* ഹസ്തലിഖിതത്തിന്റെ അവസ്ഥ
* കാലം
* ഇതു ലഭ്യമായ മറ്റു ലൈബ്രറികൾ
എന്നിവയാണ്. ഇതോടൊപ്പം,
* ഹസ്തലിഖിതത്തിലെ വിഷയ സംഗ്രഹ ം
* അതിന്റെ തുടക്കത്തിലും ഒടുക്കത്തിലുമുള്ള ചില വരികൾ എന്നിവയും ചേർക്കണം.
* വായനക്കാരന് ഇതേപേരിലുള്ള കൃതി ഇതുതന്നെയാണോ അതോ വ്യത്യസ്തമാണോ എന്നു തിരിച്ചറിയാൻ ഇതുമൂലം കഴിയും.
*ഹസ്തലിഖിതങ്ങളിൽ കാണുന്ന കോളോഫോണുകളും ആ ഹസ്തലിഖിതത്തെ കുറിച്ചുള്ള പ്രസക്തമായ അഭിപ്രായങ്ങളും വിവരണാത്മകനാമാവലിയുടെയും ഭാഗമാണ്.
*തിരുവനന്തപുരത്തു നിന്നും പ്രസിദ്ധീകരിച്ച വിവരണാത്മകനാമാവലിയിലുള്ള പതിനെട്ട് വാല്യം സംസ്കൃത ഹസ്തലിഖിതങ്ങളിൽ എട്ടെണ്ണം മഹാരാജാവിന്റെ കൊട്ടാരം ലൈബ്രറിയിൽനിന്നും പത്തെണ്ണം ക്യുറേറ്ററുടെ ഓഫീസിൽനിന്നുമാണ് പ്രസിദ്ധപ്പെടുത്തിയത്. (ORI & MSs ലൈബ്രറിയുടെ ആദ്യകാല നാമങ്ങളാണിവ)
*അതുപോലെ ആകെ പ്രസിദ്ധീകരിച്ച വിവരണാത്മകനാമാവലിയിലുള്ള ഏഴു വാല്യം മലയാളഹസ്തലിഖിതങ്ങളിൽ രണ്ടെണ്ണം കൊട്ടാരം ലൈബ്രറിയിൽനിന്നും മൂന്നെണ്ണം ക്യുറേറ്ററുടെ ഓഫീസിൽനിന്നും രണ്ടെണ്ണം ORI & MSs ലൈബ്രറിയിൽനിന്നുമാണ് പ്രസിദ്ധപ്പെടുത്തിയത്.

നാമാവലികളുടെ നാമാവലി (Catalogues catalagorum)

* വിവിധ ഗ്രന്ഥലൈബ്രറികളിൽനിന്നും പ്രസിദ്ധീകരിച്ചിട്ടുള്ള ഹസ്തലിഖിതങ്ങളുടെ നാമാവലി.
* ഈ നാമാവലിയിൽനിന്ന് വിവിധലൈബ്രറികളിലെ നാമാവലി അറിയാൻ കഴിയുന്നതുകൊണ്ട് ഓരോ ലൈബ്രറിയിലും പോയി നോക്കേണ്ട ആവശ്യമില്ല.
* ഇത്തരം സംരംഭം ആദ്യമായി തുടങ്ങിയത് Theodor Aufrecht ആണ്. അത് മൂന്നു വാല്യമായിരുന്നു. അദ്ദേഹം ഈ വാല്യങ്ങൾക്ക് Catalogues catalagorum എന്നു പേരു നൽകി. ഒന്നാം വാല്യം 1891 ൽ ഹീഡൻബർഗിൽ പ്രസിദ്ധീകരിച്ചു.

രണ്ടും മൂന്നും വാല്യങ്ങൾ ബേണിൽനിന്നും യഥാക്രമം 1896, 1903 വർഷങ്ങളിൽ പ്രസിദ്ധീകരിച്ചു. ആ കാലഘട്ടത്തിൽ വിവിധ സ്ഥാപനങ്ങളിൽ ലഭ്യമായ എല്ലാ ഹസ്തലിഖിതങ്ങളുടേയും സമാഹാരമായിരുന്ന ആ വാല്യങ്ങൾ അമൂല്യങ്ങളായിരുന്നു. പക്ഷെ അവയ്ക്കു ചില പോരായ്മകളുണ്ടായിരുന്നു.

മദ്രാസ് സർവ്വകലാശാല ഒരു New Catalogues Catalogorum പ്രസിദ്ധീകരിച്ചു. അതിന്റെ ഒന്നാം വാല്യം 1949 ലാണ് പ്രസിദ്ധപ്പെടുത്തിയത്. ഇതുവരെ അതിന്റെ പത്തൊമ്പത് വാല്യങ്ങൾ പ്രസിദ്ധീകൃതമായി.

ലിപിക്രമസൂചിക (script-wise index)

ലിപിക്രമത്തിലുള്ള ഹസ്തലിഖിതസൂചികകൾ ചില സ്ഥാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉദാഹരണമായി,
1. നന്ദിനാഗരിലിപിയിലുള്ള ഹസ്തലിഖിതങ്ങളുടെ സൂചിക സരസ്വതിമഹൽ ലൈബ്രറി പ്രസിദ്ധീകരിച്ചിട്ടുണ്ട്.
2. തിഗളാരി ലിപിയിലുള്ള പനയോല ഹസ്തലിഖിതങ്ങളുടെ നാമാവലി കർണ്ണാടകയിലെ K. Gunda Jois of Keladi Research Centre പ്രസിദ്ധപ്പെടുത്തി.

ഒരേ ലിപിയിലുള്ള സൂചികയിൽത്തന്നെ വിവിധഭാഷകളിലുള്ള ഹസ്തലിഖിതങ്ങളുണ്ടായിരിക്കും. ഉദാ - മലയാളലിപിയുടെ സൂചികയിൽ മലയാളം, സംസ്കൃതഭാഷകളിലെ ഹസ്ത ലിഖിതങ്ങളുണ്ടാവാം. കൂടുതൽ ഹസ്തലിഖിതങ്ങളും ഗ്രന്ഥ, നന്ദിനാഗരി, ദേവനാഗരി, തെലുങ്ക്, കന്നഡ, മലയാളം, തമിഴ് ലിപികളിലാണ് കാണപ്പെടുന്നത്. ഓരോ ലിപിയിലുമുള്ള ഹസ്തലിഖിതങ്ങളുടെ വിശദാംശങ്ങൾ ലിപിക്രമസൂചികകളിൽ പ്രസിദ്ധീകരിക്കുന്നു.

..............................................................